# സ്നേഹലാളനം



റവ. ഡോ. ജോസഫ് വട്ടക്കളം

# സ്നേഹലാളനം

റെവ. ഡോ. ജോസഫ് വട്ടക്കളം

(Malayalam)

SNEHA LALANAM

By: Rev. Dr. Joseph Vattakalam

1 st Published April 2002

Copy Right Reserved

Type Setting: I.T. World Computers Kunnamthanam

Cover Design: Milan Jacob (Gratia Kottayam)

Printed at: Deepika Offset Press, Kottayam

Distributed by: Deepika Book House,

Kottayam

Price Rs. 30/-

## സമർപ്പണം

എന്റെ മാതാപിതാക്കൾക്കും
അധ്യാപകർക്കും

# ഉള്ളടക്കം


സമർപ്പണം 4

ആമുഖം 5

സ്നേഹലാളനം 10

ഇടയച്ചെറുക്കൻ ഈജിപ്തിന്റെ അധിപൻ 18

ഇസ്രായേൽമക്കൾ ഈജിപ്തിൽ 24

ഇസ്രായേൽ ഈജിപ്തിൽ 32

ഇസ്രായേലും മോശയും 39

ഇസ്രായേലിന്റെ വിമോചകൻ 46

# സ്നേഹലാളനം

## ആമുഖം

'ഇതാ ഞാൻ നിന്നെ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു.' (ഏശ. 49:16) ഏറെ ക്രൈസ്തവരെ ഏറ്റം സമാശ്വസിപ്പിക്കുന്ന സ്നേഹവചനം! തിരുവചനം! 'നീ സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും. നദികൾ കടക്കു മ്പോൾ അതു നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്കു പൊള്ള ലേല്ക്കുകയില്ല. ജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല..... നീ എനിക്കു വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനുമാണ്......... ഭയപ്പെടേണ്ടാ, ഞാൻ നിന്നോടു കൂടെയുണ്ട്' (ഏശ.43:2-5) ഈ വാക്കുകൾ അവിസ്മരണീയമായി അനുഭവിക്കുന്നവരും അനവധിയാണ്.

അനേക ദൈവമക്കൾ അനവരതം അയവിറക്കുന്ന മറ്റൊരു തിരുവചനമാണ് 'മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാവുമോ? പുത്രനോടു പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല.' (49:15) എന്നത്. ഇത്തരുണത്തിൽ ഏശയ്യാ 43:1 വിസ്മരിക്കുന്നത് അക്ഷന്തവ്യമാകും. 'യാക്കോബേ, നിന്നെ സൃഷ്ടിക്കുകയും ഇസ്രായേലേ, നിന്നെ രൂപപ്പെടുത്തുകയും ചെയ്ത കർത്താവ് അരുൾ ചെയ്യുന്നു: ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു; നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്.'

മലകൾ മാറിടും കുന്നുകൾ നിരന്നിടും
എങ്കിലും! നിൻ സ്നേഹമെന്നെ
പിരിയുകില്ലല്ലോ - താതാ
പിരിയുകയില്ലല്ലോ.
അമ്മ തന്റെ കുഞ്ഞിനെ മറന്നെന്നാലും
നിന്റെ സ്നേഹം ഒരുനാളും കുറയുകില്ലല്ലോ
താതാ കുറയുകില്ലല്ലോ
തന്റെ ഉള്ളം കൈയിലായ്
വെച്ചിടുമീ പാപിയെ

കാത്തിടുന്നെൻ വഴികളിൽ - കാൽ
തട്ടിടാതെന്നും
കറകളില്ലാത്ത - ലേശം കുറവുമില്ലാത്ത
യേശുവിന്റെ രക്തമെന്നെ
വീണ്ടെടുത്തല്ലോ - താതാ
വീണ്ടെടുത്തല്ലോ.

പരാപരൻ തന്റെ പുത്രർക്കു നൽകുന്ന പരിപാലനം എത്ര വിസ്മയനീയം! ഉൽപത്തി - പുറപ്പാട് ഗ്രന്ഥങ്ങൾ ഈശ്വരപരിപാലനയുടെ വ്യക്തമായ ആവിഷ്കാരങ്ങളാണ്. ആദിമമാതാപിതാക്കൾ മുതൽ ആബേൽ, നോഹ, അബ്രാഹം, ഇസഹാക്ക്, യാക്കോബ് തുടങ്ങിയവരെയെല്ലാം അനന്തമായി സ്നേഹിക്കുകയും അനവരതം കാത്തുപരിപാലിക്കുകയും ചെയ്യുന്ന സ്നേഹസ്വരൂപനായ ദൈവത്തെ ഉൽപ്പത്തിപ്പുസ്തകത്തിന്റെ ആദ്യഭാഗം അവതരിപ്പിക്കുമ്പോൾ പൂർവയൗസേപ്പിനും അവനിലൂടെ ഇസ്രായേൽ ജനത്തിനു മുഴുവനുമുള്ള പരാപരപരിപാലനയാണ് അവസാന ഭാഗം അവതരിപ്പിക്കുക.

തമ്പുരാൻ തന്റെ പൊന്നോമനകളായ നമ്മുടെ ആദിമമാതാക്കളെ മെനഞ്ഞ് ഏദൻതോട്ടത്തിലാക്കിയതിനുശേഷം അവർക്കു ഭുജിച്ചു സംതൃപ്തരായി സഹവസിക്കാൻ എല്ലാത്തരം പഴങ്ങളും ഫലമൂലാദികളും സമൃദ്ധമായി സമ്മാനിക്കുന്നു. നോഹയ്ക്കും അവന്റെ സന്തതികൾക്കുമുള്ള പ്രത്യേക പരിപാലനയുടെ- സംരക്ഷണത്തിന്റെ പെട്ടകം നിർമ്മിക്കാൻ അവിടുന്ന് അവന് വ്യക്തമായ നിർദ്ദേശം നൽകുന്നു (ഉൽപ.6:13-22)* ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ച് അവിടുത്തെ കല്പനപ്രകാരം പ്രവർത്തിച്ചപ്പോൾ അവൻ ലോകത്തിന്റെ മുമ്പിൽ തൽക്കാലത്തേയ്ക്കു പമ്പരവിഡ്ഢിയായി കാണപ്പെട്ടുവെങ്കിലും അവനും കുടുംബവും അത്യത്ഭുതകരമായ രീതിയിൽ സംരക്ഷിക്കപ്പെടുകയും സകലജനതകൾക്കും പിതാവുമായില്ലേ? അബ്രാഹത്തെ വിളിച്ചു വേർതിരിച്ച നിമിഷം മുതൽ അഖിലേശാനുഗ്രഹവും പരിലാളനവും അവന് അനുഭവമായിരുന്നല്ലോ ഇസഹാക്കിനെ ഈശ്വരൻ ഒരിക്കലും കൈവെടിയുന്നില്ല. അവന്റെ പ്രാർത്ഥന ശ്രവിച്ച് അപകടങ്ങളിൽ വീഴാതെ അനുനിമിഷം അവനെ പരിപാലിക്കുന്നു. (12-28 അധ്യായങ്ങൾ)

യാക്കോബിനും സന്തതികൾക്കുമുള്ള സർവേശന്റെ സംരക്ഷണമാണ് ഉൽപത്തി 25-50 അധ്യായങ്ങളിലെ പ്രധാന ഇതിവൃത്തം തന്നെ. തന്റെ പന്ത്രണ്ടു മക്കളിൽ യൗസേപ്പിനോടു

* ഈ ഗ്രന്ഥത്തിന്റെ ആദ്യാധ്യായങ്ങൾ പ്രധാനമായും പരാമർശിക്കുന്നത് ഉൽപ്പത്തിപ്പുസ്തകം ആയതുകൊണ്ട് തുടർന്നു പുസ്തകത്തിന്റെ അധ്യായങ്ങളുടെയും തിരുവചനങ്ങളുടെയും നമ്പർ മാത്രമേ നൽകുകയുള്ളൂ.

യാക്കോബിനു കൂടുതൽ ഇഷ്ടമായിരുന്നു. കാരണം അവൻ തന്റെ വാർദ്ധക്യത്തിലെ മകനായിരുന്നു. കൈനീളമുള്ള ഒരു നീണ്ടകുപ്പായം അവൻ ജോസഫിനുവേണ്ടി ഉണ്ടാക്കി. പിതാവു ജോസഫിനെ തങ്ങളേക്കാളധികമായി സ്നേഹിക്കുന്നുവെന്നു മനസ്സിലാക്കിയ സഹോദരൻമാർ അങ്ങേയറ്റം അവനെ വെറുക്കുന്നു. അവനോടു സൗമ്യമായി സംസാരിക്കാൻ പോലും അവർക്കു കഴിയുന്നില്ല. അവനുണ്ടായ രണ്ടുസ്വപ്നങ്ങൾ (37:5-11) സഹോദരന്മാർക്ക് അവനോടുള്ള വെറുപ്പ് ശതഗുണീഭവിപ്പിച്ചു. ഇവരുടെ തിന്മയെ ഈശ്വരൻ ജോസഫിനും ഇസ്രായേൽമക്കൾക്കുമുഴുവനുമുള്ള ദൈവപരിപാലനയുടെ ഉപാധിയായി പരിണമിപ്പിക്കുന്നത് ഉൽപ്പത്തിപ്പുസ്തകത്തിൽ കാണുന്ന ഒരുഅത്ഭുതപ്രതിഭാസമാണ്. ജോസഫുതന്നെ ഈ സത്യം വ്യക്തമാക്കുന്നതു സാവധാനം കാണാം.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തോടു സന്താപരമായി ബന്ധപ്പെട്ടിരിക്കുന്നതാണ് അവിടുത്തെ പരിപാലന. രണ്ടും ഒരേ നാണയത്തിന്റെ ഇരു വശങ്ങളാണ്. ദൈവത്തിന്റെ ഓരോ പ്രവൃത്തിയും അവിടുത്തേയ്ക്കു മനുഷ്യനോടുള്ള സ്നേഹവും അവനുള്ള പരിപാലനയും തെളിയിക്കുന്നുണ്ട്. പൗലോസ്ശ്ലീഹായുടെ അഭിപ്രായത്തിൽ, എല്ലാം മനുഷ്യനുവേണ്ടിയാണ്. മനുഷ്യനോ ക്രിസ്തുവിന്; ക്രിസ്തുവോ ദൈവത്തിന്. പ്രസക്തതിരുവചനമിങ്ങനെയാണ്. 'പൗലോസും അപ്പോളോസും കേപ്പായും ലോകവും ജീവനും മരണവും ഇപ്പോഴുള്ളവരും ഉണ്ടാകാനിരി ക്കുന്നവയും എല്ലാം നിങ്ങളുടേതു തന്നെ. നിങ്ങളോ ക്രിസ്തുവിന്റേതും ക്രിസ്തു ദൈവത്തിന്റേതും' (I കോറി. 3:23) ഓരോസൃഷ്ടിയും മനുഷ്യനുള്ള ദൈവപരിപാലനയാണ്. ഓരോ നല്ല അനുഭവവും ദൈവപരിപാലനയാണ്. വായുവും വെള്ളവും സൂര്യചന്ദ്രാദിനക്ഷത്രങ്ങളും ഇല്ലാത്ത ഒരവസ്ഥയെപ്പറ്റി ചിന്തിക്കാൻ ആയേക്കും. പക്ഷേ, ഇവ ഇല്ലാതിരിക്കാൻ ആവുമോ? പെറ്റമ്മയുടെ അത്ഭുതാവഹമായ സ്നേഹവാത്സല്യങ്ങൾ മുതൽ എത്രയോ പതിനായിരം പരിപാലനയുടെ അനുഭവങ്ങളാണ് ഒരു പുരുഷായുസ്സിൽ ഒരുവനു അനുഭവപ്പെടുക? അമ്മിഞ്ഞപ്പാലും അഖിലാണ്ഡവും തന്നെത്തന്നെയും തരുന്ന അമ്മയും അന്നന്നത്തെ അപ്പത്തിനുവേണ്ടി ചങ്കുവെള്ളമാക്കുന്ന അപ്പനും അക്ഷരം അഭ്യസിപ്പിക്കാൻ അധ്വാനിക്കുന്ന അധ്യാപകനും മക്കൾക്കും കൊച്ചുമക്കൾക്കും കുടുംബത്തിനുമുഴുവനും ലോകത്തിനും വേണ്ടി നിരന്തരം ജപമാല ജപിക്കുന്ന വല്യമ്മയും ഈശ്വരപരിപാലനയുടെ അനന്യമായ പ്രതീകങ്ങളല്ലേ?

ഒരു പ്രത്യേക അന്തസ്സിലും പ്രവേശിക്കാതെ കുടുംബത്തിനും സഹോദരങ്ങൾക്കും വേണ്ടി നിഷ്കാമകർമ്മം ചെയ്യുന്ന സഹോദരങ്ങൾ, ഓരോ സാഹചര്യത്തിൽ 'സാരമില്ല' എന്നു പറഞ്ഞ് ആശ്വസിപ്പിക്കുന്ന സാത്വികർ, കുഞ്ഞുങ്ങൾക്കു തീറ്റതേടി വായിൽ കൊടുക്കുന്ന കാക്ക, കഴുകനിൽനിന്നു കോഴിക്കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ സ്വരമുയർത്തി, ചിറകുവിടർത്തി, ചിറകടിയിൽ അവയെ കാത്തുസംരക്ഷിക്കുന്ന പിടക്കോഴി, പിറന്നുവീണ കുഞ്ഞിക്കിടാവിനെ നക്കിത്തുടച്ച് അതിനെ എഴുന്നേറ്റുനടക്കാൻ സഹായിക്കുന്ന തള്ളപ്പശു, ജനിച്ചെഴുന്നേറ്റ ആനക്കുട്ടിയെ തന്റെ നാലു കാലുകൾക്കിടയിൽ സുരക്ഷിതമായി നടത്തിക്കൊണ്ടു പോകുന്ന തള്ളയാന എല്ലാം അനന്തമായ അഖിലേശ പരിപാലനയാണു വിളിച്ചോതുക. കുട്ടിയാനകളുടെ ഇരുഭാഗത്തും മുമ്പിലും പിറകിലും വലിയ ആനകൾ സംഘടിച്ച് കുട്ടിയാനകളെ നടുക്കുനിറുത്തി കൊണ്ടുപോകുന്ന സുന്ദരമായദൃശ്യം, കൊമ്പിനു വേണ്ടി കാട്ടാളന്മാർ കൊമ്പനാനയെ വെടിവെച്ചു വീഴ്ത്താൻ നിഷ്ഠുരമായി ശ്രമിക്കുമ്പോൾ അപകടത്തിൽനിന്ന് അവനെ രക്ഷിക്കാൻ വിസ്മയാവഹമായ രീതിയിൽ സുരക്ഷിതവലയം സൃഷ്ടിക്കുന്ന പിടിയാനകൾ, ഇവയെല്ലാം കണ്ണുള്ളവനെ കാണിക്കുന്നത് കർതൃ പരിപാലനയല്ലാതെ മറ്റെന്താണ്?

മനുഷ്യശരീരത്തിലെ റിഫ്ളക്സ് ആക്ഷനും ബ്ലഡ്കോട്ടും വായിലൂടെ ഉള്ളിൽപോകുന്ന ആണി, സൂചി മുതലായവയെ പൊതിയുന്ന അത്ഭുതവസ്തുവും എല്ലാം പരിപാലനയുടെ വൈവിധ്യ മാർന്ന ആവിഷ്കാരങ്ങൾ മാത്രം. നിരന്തരം ഇമയ്ക്കുന്ന കൺപോളകൾ, നഖങ്ങൾ, തലയിലെ മുടി, ശരീരത്തിലെ രോമങ്ങൾ ഒക്കെ ദൈവത്തിന്റെ മനുഷ്യനുള്ള സംരക്ഷണമാണ്. ഓർമ്മയും മറവിയും ഉണർവും ഉറക്കവും ചിരിയും കരച്ചിലും എല്ലാം ദൈവപരിപാലനയുടെ ആവിഷ്കാരങ്ങൾ തന്നെ. മഞ്ഞും മഴയും മാമലനിരയും മരുപ്പച്ചയും മരതകത്തോപ്പും മരവും മരക്കാലുമെല്ലാം മഹോന്നതപരിപാലനയുടെ മകുടോദാഹരണങ്ങളല്ലേ? നെല്ലും നിറപറയും നെടുവീർപ്പും നെഞ്ചുവേദനയും നിഖിലേശ പരിലാളനത്തിന്റെ പ്രകടമായ അടയാളങ്ങളായി കാണാൻ കഴിയണം നമുക്ക്? പകൽ ഓക്സിജനും രാത്രിയിൽ പച്ചില കാർബൺ ഡയോക്സൈഡും നൽകുന്നതിലെ അഖിലേശപരിപാലനം എത്രഅത്ഭുതാവഹം!

വിശേഷബുദ്ധിയുള്ള മനുഷ്യനുൾപ്പെടെ എല്ലാ ജീവികൾക്കും പരമപ്രധാനമായ അവയവങ്ങൾ ഇരട്ടയാണ്-രണ്ടു കണ്ണുകൾ, രണ്ടു ചെവികൾ, രണ്ടു നാസാരന്ധ്രങ്ങൾ, രണ്ടു ശ്വാസകോശങ്ങൾ, രണ്ടു കുടലുകൾ, രണ്ടു വൃക്കകൾ, രണ്ടു കൈയുകൾ, രണ്ടു കാലുകൾ.

മനുഷ്യനു ഒരു നാവു മാത്രം നൽകിയതു വലിയ പരിപാലനയായി കാണാൻ കഴിയുമോ? സ്നേഹത്തിന്റെ പ്രകാശനമായി 'എങ്ങോട്ടാ?' എന്നു ചോദിക്കുന്ന-സുഹൃത്തും ആറിനും തോടിനും മറുകര കടത്തുന്ന കൊച്ചു വള്ളക്കാരനും ലിഫ്റ്റു തരുന്ന കാറുകാരനും ക്ഷീണിച്ച് അവശനായി ബസിൽ നിൽക്കുമ്പോൾ ഒരു സീറ്റു തന്നു സഹായിക്കുന്ന സഹയാത്രികനും ചികിത്സിക്കുന്ന ഡോക്ടറും ശുശ്രൂഷിക്കുന്ന നഴ്സും കുമ്പസാരിപ്പിച്ചു കുർബാന ചൊല്ലിത്തരുന്ന വൈദികനും നമുക്കു നിഖിലേശ പരിപാലനയുടെ വാഹകരല്ലേ?

മരുഭൂമിയിൽതളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരുനാളും പിരിയാതെന്നെ നീ
കരുതുന്നു കൺമണിപോൽ

അദ്ധ്യായം
ഒന്ന്

# സ്നേഹലാളനം

വിശുദ്ധഗ്രന്ഥവും അനുഭവവും ഒരുപോലെ ആവിഷ്കരിക്കുന്ന സത്യമാണ് ദൈവത്തിന്റെ പരിപാലന. പക്ഷേ, സ്നേഹമായ ദൈവത്തിന്റെ സ്നേഹത്തിൽ വസിക്കുന്നവർക്കേ ഇത് അനായാസം അനുഭവമാവൂ. തന്മൂലം മനുഷ്യനെ തന്റെ സ്നേഹത്തിൽ നിലനിർത്താൻ തമ്പുരാൻ തലങ്ങും വിലങ്ങും പരിശ്രമിക്കുന്നു. അവൻ കുതറിമാറുമ്പോഴും നിതാന്തസ്നേഹത്തോടും ക്ഷമയോടും അവനെ അവിടുന്ന് അനുധാവനം ചെയ്യുന്നു.

മനുഷ്യനെ തേടിവരുന്ന ഈശ്വരനെ മിസ്റ്റിക്കലായും കാവ്യാത്മകമായും അനവദ്യസുന്ദരമായി ആവിഷ്കരിച്ചിരിക്കുന്ന അനന്യമായ ഒരു കവിതയാണ് ഫ്രാൻസിസ് തോംസന്റെ The Hound of Heaven. ഇവിടെ പ്രസക്തമായ വരികൾ ചുവടെ ചേർക്കുന്നു.

Fear wist not to evade as Love wist to pursue
Still with unhurrying chase,
And unperturbed pace,
Deliberate speed, majestic instancy
Came on the following Feet.

ഗീതാഞ്ജലിയിൽ ടാഗോർ പറയുന്നതിങ്ങനെയാണ്

Hast thou not heard his silent steps?
He comes, comes, ever comes.

ദൈവത്തിന്റെ നിത്യശത്രുവായ പിശാച് മനുഷ്യനെ ദൈവത്തിൽ നിന്നകറ്റാൻ കിണഞ്ഞു പരിശ്രമിക്കുകയാണ്. മനുഷ്യൻ കണ്ണിൽപ്പെട്ട ആ നിമിഷം ആരംഭിച്ചതാണല്ലോ അവന്റെ ഈ മഹാദ്രോഹം. പതിനെട്ടടവുകളും അവനു പരിചിതം തന്നെ. അതിലൊന്നാണ് പകപോക്കൽ. പൂർവയൗസേപ്പിനോടു പകപോക്കാൻ പറ്റിയ ഒരവസരം പാർത്തു കഴിയുകയായിരുന്നു അവന്റെ സഹോദരരിൽ ഭൂരിഭാഗവും. ഇതാ കൈവരുന്നു അവർക്കൊരു സുവർണാവസരം. യാക്കോബു തന്നെ അവനെ അവരുടെ പക്കലേക്കു പറഞ്ഞയ്ക്കുന്നു. ആടുമേയിച്ചു ദൂരെയായിരുന്ന അവരുടെ ക്ഷേമം അന്വേഷിക്കാനാണ് അപ്പൻ തന്റെ കൂടെ നിറുത്തിയിരുന്ന പൊന്നോമനമകനെ അവരുടെ അടുത്തേയ്ക്കു

പറഞ്ഞു വിട്ടത്. തങ്ങൾക്ക് അനഭിഗമ്യനായ ആ സഹോദരനെ അകലെ കണ്ടപ്പോൾത്തന്നെ അവനെ വകവരുത്തുന്നതിനെക്കുറിച്ച് പ്രതികാരേച്ഛുക്കളായ ആ കശ്മലന്മാർ കണക്കു കൂട്ടിത്തുടങ്ങി. കുഞ്ഞനുജനു കോർക്കപ്പെടുന്ന മരണക്കുരുക്ക് റൂബൻ മണത്തറിയുന്നു. 'അവൻ ജോസഫിനെ അവരുടെ കൈയിൽ നിന്നു രക്ഷിക്കുന്നു.' (37:21)

തന്മയത്വത്തോടെ അവൻ അവരോടു പറയുന്നു, 'നമുക്കവനെ കൊല്ലേണ്ടാ; രക്തം ചിന്തരുത്; അവനെ നിങ്ങൾ മരുഭൂമിയിലെ ഈ കുഴിയിൽ തള്ളിയിടുക. പക്ഷേ ദേഹോപദ്രവം ഏല്പിക്കരുത്. അവനെ അവരുടെ കൈയിൽനിന്നു രക്ഷിച്ചു പിതാവിനു തിരിച്ചേൽപ്പിക്കാനാണ് റൂബൻ ഇങ്ങനെപറഞ്ഞത്. ജോസഫ് അടുത്തെത്തിയപ്പോൾ, അസൂയാലുക്കളായ സഹോദരന്മാർ അവൻ ധരിച്ചിരുന്ന കൈനീളമുള്ള പുറം കുപ്പായം ഊരിയെടുക്കുന്നു. അനന്തരം അവർ അവനെ ഒരുകുഴിയിൽ തള്ളിയിടുന്നു. അതു വെള്ളമില്ലാത്ത പൊട്ടക്കിണറായിരുന്നു.' (37:21-24)

ആദ്യംതന്നെ ഒരു കാര്യം അനുസ്മരിക്കാം. വളഞ്ഞവരിയിൽ എഴുതി നേരെവായിക്കുന്നവനാണു നമ്മുടെ ദൈവം. യാക്കോബിന്റെ മക്കളുടെ പാപവും തന്മൂലം ജോസഫിനു സംഭവിക്കുന്നതു സകലതും ദൈവപരിപാലനയാണെന്ന് ഈ പഠനത്തിലൂടെ ക്രമേണ വ്യക്തമാകും. അവർക്കെല്ലാവർക്കുമുള്ള ഈശ്വരലാളനത്തിന്റെ ഒരു പ്രധാന കണ്ണിയായി വേണം റൂബനെ കാണാൻ. തുടർന്നു യൂദാ ഇതേഭാഗം അഭിനയിക്കുന്നതു വ്യക്തമാകും. ജോസഫിനെ തള്ളിയിട്ട പൊട്ടക്കിണറു പോലും പരിപാലനയുടെ പെട്ടകമായിവേണം നാം കാണാൻ.

കഥ തുടരാം. ജോസഫിനെ പൊട്ടക്കിണറ്റിൽ പിടിച്ചിട്ടതിനുശേഷം 'ഭക്ഷണം കഴിക്കാനിരുന്നപ്പോൾ ഗിലയാദിൽ നിന്നു വരുന്ന ഇസ്മായേല്യരുടെ ഒരു യാത്രാസംഘത്തെ' അവർ കാണുന്നു. അവർ സുഗന്ധപ്പശയും പരിമളദ്രവ്യങ്ങളും കുന്തുരുക്കവും ഒട്ടകപ്പുറത്തുകയറ്റി ഈജിപ്തിലേക്കു പോവുകയായിരുന്നു. അപ്പോൾ യൂദാ തന്റെ സഹോദരന്മാരോടു പറയുകയാണ്, നമ്മുടെ സഹോദരനെക്കൊന്ന് അവന്റെ രക്തം മറച്ചുവച്ചതു കൊണ്ടു നമുക്കെന്തു പ്രയോജനമാണുണ്ടാവുക? വരുവിൻ, നമുക്കവനെ ഇസ്മായേല്യർക്കു വിൽക്കാം. അവനെ നമ്മൾ ഉപദ്രവിക്കേണ്ട. അവൻ നമ്മുടെ സഹോദരനാണ്, നമ്മുടെ തന്നെ മാംസം.' അവന്റെ സഹോദരന്മാർ അതിനു സമ്മതിക്കുന്നു. അവർ അവനെ കുഴിയിൽ നിന്നു പൊക്കിയെടുത്ത് ഇരുപതു വെള്ളിക്കാശിനു ഇസ്മായേല്യർക്കു വില്ക്കുന്നു. അവർ അവനെ ഈജിപ്തിലേയ്ക്കു കൊണ്ടു പോകുന്നു. (37:25-26)

ദൈവപരിപാലനയുടെ ചുരുൾ ഒന്നൊന്നായി അഴിയുകയാണ്. പിശാചിന്റെ പിടിയിലായ മാനവരാശിയുടെ മുഴുവൻ വീണ്ടെടുപ്പിനു വിലയായി മുപ്പതു വെള്ളിക്കാശിന് ഒറ്റിക്കൊടുക്കപ്പെടാൻ സ്വയം

അനുവദിക്കുന്ന, തിരുമനസ്സാകുന്ന മനുകുലരക്ഷകൻ മിശിഹായുടെ പ്രതീകമല്ലേ പൂർവ യൗസേപ്പ്? അവൻ പഴയ ഇസ്രായേലിന്റെ മുഴുവൻ രക്ഷകനാകുന്നതു പിന്നാലെ നാം കാണും. റൂബനും യൂദായും, ആബേലിനെപ്പോലെ, നന്മയുടെ, സ്നേഹത്തിന്റെ അവതാരങ്ങളാണ്. നന്മതിന്മകൾ തമ്മിലുള്ള സന്ധിയില്ലാസമരമാണല്ലോ സൃഷ്ടിയുടെ സമാരംഭം മുതൽ നാം കാണുക. ഈ നാടകം ഇന്നും അരങ്ങുതകർത്തു കൊണ്ടിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലവും പിന്നണിയും ഉത്ഭവപാപം തന്നെ. തിന്മ ലോകത്തിന് ഉന്മൂലനാശം വരുത്തുമെന്ന അവസ്ഥയിലായിരിക്കുന്നു. മുക്തിമാർഗ്ഗം ഒന്നേ ഉള്ളൂ-സർവശക്തിയും സംഭരിച്ച് തിന്മയെ വെറുത്ത്, ചെറുത്തു വർജ്ജിക്കുക, നന്മയെ ആഞ്ഞു പുൽകുക. പാപം വർജ്ജിക്കുക, പുണ്യം ചെയ്യുക. ഇന്നിന്റെ പരമപ്രധാനമായ ആവശ്യമാണിത്. സ്നേഹം- ദൈവസ്നേഹവും സഹോദരസ്നേഹവും, നീതി, സത്യം ഇവയൊക്കെ അവയുടെ പൂർണ്ണതയിൽ അഭ്യസിച്ചു പിശാചിനെ തറപറ്റിക്കണം. ഈ നിരന്തരപോരാട്ടമാണ് ആധ്യാത്മികജീവിതം, വിശുദ്ധജീവിതം.

**ഈജിപ്തിലെ ഫറവോ**

ദൈവത്തിന്റെഅത്ഭുതപരിപാലന പുതിയൊരുമാനം സ്വീകരിക്കുന്നു. ഈജിപ്തിലെ ഫറവോയുടെ ഒരു ഉദ്യോഗസ്ഥനും കാവൽപ്പടയുടെ നായകനുമായിരുന്ന പൊത്തിഫറിനു ജോസഫിനെ ഇസ്മായേല്യർ വിൽക്കുന്നു. (37:36) പക്ഷേ, കർത്താവ് അവനോടൊപ്പം എപ്പോഴുമുണ്ടായിരുന്നു. അവിടുത്തെ സംരക്ഷണത്തിന്റെ കരം സദാ അവനെ താങ്ങിയിരുന്നു. അതുകൊണ്ട് അവൻ തൊട്ടതെല്ലാം പൊന്നായി. നിഴൽപോലെ ശ്രേയസ്സ് അവനെ അനുധാവനം ചെയ്യുന്നു. കർത്താവു കൂടെയിരുന്നുകൊണ്ട് അവൻ ചെയ്യുന്നതൊക്കെ മംഗളമാക്കുന്ന വസ്തുത വിജാതീയനായ അവന്റെ യജമാനൻ പൊത്തിഫറിനുപോലും മനസ്സിലാവുകയും അവൻ അത്ഭുതം കൂറുകയും ചെയ്യുന്നു. (39:2-3)

ദൈവപരിപാലനയുടെ സവിശേഷവിഷയമായിരുന്ന ജോസഫിനു തന്റെ യജമാനന്റെ പ്രത്യേക പ്രീതിക്കു പാത്രമാകാൻ സമയം വേണ്ടിവന്നില്ല. ഈശ്വരചൈതന്യം തുളുമ്പിനിന്നിരുന്ന ആ യുവാവ് തന്റെ ഭൗമികനാഥനെ ദൈവതുല്യം സ്നേഹിച്ചു ശുശ്രൂഷിക്കുന്നതിൽ ബദ്ധശ്രദ്ധനാകുന്നു. അവന്റെ ആത്മാർത്ഥതയും കഴിവുകളും ഗ്രഹിച്ച പൊത്തിഫർ തന്റെ വീടിന്റെ മേൽനോട്ടവും തനിക്കുള്ള എല്ലാറ്റിന്റെയും ചുമതലയും ജോസഫിനെ ഭരമേൽപ്പിക്കുന്നു! അവൻ നിമിത്തം നിഖിലേശൻ പൊത്തിഫറിന്റെ ഭവനത്തെ പൂർവാധികം അനുഗ്രഹിക്കുകയായി. അവന്റെ വീട്ടിലും വയലിലുമുള്ളവയെല്ലാം കർത്താവിനാൽ അനുഗ്രഹീതമാകുന്നു.

(39:4-5). അന്തിമമായ വിശകലനത്തിൽ വ്യക്തമാവുന്നത് ഇവയെല്ലാം ജോസഫിനും ഇസ്രായേൽ മക്കൾക്കുമുള്ള മഹോന്നതന്റെ പ്രത്യേക പരിലാളനമാണെന്നതാണ്.

"Bonum est diffusivum." "Goodness is diffusive." ഒരുവന്റെ യഥാർത്ഥ നന്മ അവനു ചുറ്റുമുള്ളവരിലേയ്ക്കും വ്യാപിക്കും. ഒരു നന്മ നിരവധി നന്മകൾക്കു ജന്മം നൽകും. എല്ലാ നന്മകളുടെയും ഉറവിടം നന്മസ്വരൂപനായ ദൈവമാണ്. നന്മമാത്രം പ്രവർത്തിക്കുന്നവരാകണം അവിടുത്തെ മക്കൾ. നന്മയെന്നത് ഏവർക്കുമറിയാം-നിഷ്കളങ്കവും നിസ്വാർത്ഥവുമായ സ്നേഹം, സൗഹാർദം, സഹവർത്തിത്വം, സമഭാവന, പരസ്പരബഹുമാനം, സേവനം-സർവശക്തനും സഹജീവികൾക്കും; തളരാത്ത പ്രത്യാശ, ക്ലേശങ്ങളിൽ സഹനശീലം, പ്രാർത്ഥനയിൽ സ്ഥിരത, മറ്റുള്ളവരെ അവരുടെ ആവശ്യങ്ങളിൽ മഹാമനസ്കതയോടെ സഹായിക്കുക, അതിഥിസൽക്കാരത്തിൽ ആത്മാർത്ഥമായ താത്പര്യം, പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുക, സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കുക, കരയുന്നവരോടൊപ്പം കരയുക, ഔദ്ധത്യം വെടിഞ്ഞ് എളിയവരുടെ തലത്തിലേക്ക് ഇറങ്ങുക, ഏവരുടെയും മുമ്പിൽ ശ്രേഷ്ഠമായവമാത്രം ചെയ്യുക, എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുക, സത്യം മാത്രം പറയുക, പ്രവർത്തിക്കുക, നീതിയോടെ വ്യാപരിക്കുക. നന്മചെയ്യുകയും നന്മയിൽ നിലനിൽക്കാൻ ബദ്ധപ്പെടുകയും ചെയ്യുന്ന ദൈവമക്കളുടെ മുഖമുദ്രകളാണ് ഇവ.

എന്നാൽ നന്മയെ നാമാവശേഷമാക്കാൻ തിന്മ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തിന്മയുടെ മൂർത്തിമദ്ഭാവമായ പിശാച് ആരെ വിഴുങ്ങേണ്ടുവെന്നറിയാതെ പരക്കം പായുകയാണല്ലോ! ബലഹീനപാത്രങ്ങളെയാണ് സാധാരണ അവൻ ഉപകരണമാക്കുക. ആദിമാതാപിതാക്കളെപ്പോലും അവൻ വെറുതെ വിട്ടില്ലല്ലോ! പൊത്തിഫറിന്റെ ഭാര്യയെ വലയിലാക്കുന്നതാണു പ്രകൃതത്തിൽ പ്രസക്തം. കാമാസക്തിയുടെ രൂപത്തിൽ അവൻ അവളെ ബാധിക്കുന്നു. നന്മയുടെ നിറകുടമായ, ദൈവത്തിന്റെ പ്രേമഭാജനമായ, ജോസഫിനെ നശിപ്പിക്കാൻ ആ സ്ത്രീയിലൂടെ അവൻ കിണഞ്ഞു പരിശ്രമിക്കുന്നു. അരുപിനിറഞ്ഞ ആമകനിൽ ആ അഭിസാരികയ്ക്ക് അടങ്ങാത്ത കാമാഭിലാഷം ഉണ്ടാകുന്നു. തന്നോടൊപ്പം പാപംചെയ്യാൻ ആനീതിമാനെ അവൾ നിരന്തരം നിർബന്ധിച്ചു കൊണ്ടിരുന്നു. ദൈവത്തിന്റെ അപരിമേയമായ സ്നേഹവും അനന്തമായ പരിപാലനയും അനുസ്മരിച്ചും അവിടുത്തെ കരങ്ങളിൽ മുറുകെപ്പിടിച്ചും കെണിയിൽ കുടുങ്ങാതെ അവൻ രക്ഷപെട്ടുപോന്നു.

എങ്കിലും പിശാച് തന്റെ തന്ത്രം തുടർന്നുകൊണ്ടേയിരുന്നു. ഒരു ദിവസം ജോസഫ് തനിയെ ഫറവോയുടെ വീടിനുള്ളിൽ അത്യാവശ്യ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്ന സമയം. സുവർണാവസരമായി ആ സാഹചര്യത്തെ പിശാചു കാണുന്നു. അവൻ ആ സ്ത്രീയെ അനിയന്ത്രിതമായി പ്രലോഭിപ്പിക്കുന്നു. അവൾ വഴങ്ങുന്നു. അവന്റെ പിണിയാളാവുന്നു. കാമാർത്തയായ അവൾ ജോസഫിന്റെ മേലങ്കിക്കു കടന്നുപിടിച്ചുകൊണ്ടു പറയുന്നു. 'എന്നോടൊപ്പം ശയിക്കുക'. ലളിതമോ, നിസ്സാരമോ ആയിരുന്നില്ല ആ പ്രലോഭനം. എങ്കിലും ജോസഫിന്റെ ദൈവാശ്രയം അവനു സഹായത്തിനെത്തുന്നു. പാപ സാഹചര്യത്തിൽ നിന്നോടിയൊളിക്കാൻ പരംപൊരുൾ അവനു കരുത്തേകുന്നു. മേലങ്കി പ്രലോഭകയുടെ കൈയിൽ ഉപേക്ഷിച്ചിട്ടു വീടിനു പുറത്തുചാടാൻ പരാപരൻ അവനെ അനുഗ്രഹിക്കുന്നു! പാപത്തെക്കാൾ നല്ലതു മരണം! (39:7-13)

പിശാച് അവസരം ശരിക്കുപയോഗിക്കുന്നു. വീണതുവിദ്യ. കാമാവേശത്തെ പ്രതികാരേച്ഛയായി അവൻ പരിണമിപ്പിക്കുന്നു. തന്റെ കൈയിലായ ജോസഫിന്റെ മേലങ്കി വീട്ടിലുള്ള എല്ലാവരെയും ആ ഹീനവനിത വിളിച്ചുകാണിക്കുന്നു. അവൾക്ക് അത് ഒന്നാന്തരം തൊണ്ടിയാകുന്നു. 'നമുക്ക് അപമാനം വരുത്താൻ അവനിതാ ഒരു ഹെബ്രായനെ കൊണ്ടുവന്നു വീട്ടിൽ താമസിപ്പിച്ചിരിക്കുന്നു.' നിരപരാധിയായ പൊത്തിഫറിനെയും നീതിമാനായ ജോസഫിനെയും പ്രതിക്കൂട്ടിൽ കയറ്റാൻ പിശാച് അവലംബിക്കുന്ന രീതി അതിവിചിത്രമല്ലേ? അഭിസാരിണി അവിടം കൊണ്ടുമവസാനിപ്പിക്കുന്നില്ല. 'അവനോടൊത്തു ശയിക്കാൻ അവനെന്നെ വളരെയധികം നിർബന്ധിക്കുകയുണ്ടായി. എന്റെ നിലവിളി ഉയർന്നപ്പോൾ പുറങ്കുപ്പായം എന്റെ അരുകിൽ ഇട്ടിട്ട് അവൻ ഓടിപ്പുറത്തു കടക്കുകയായിരുന്നു.' എന്തൊരു ലോകം! എന്തൊരു മനസ്സാക്ഷി! സത്യം ക്രൂശിക്കപ്പെടുന്നു! നുണയനും നുണയുടെ പിതാവുമാണല്ലോ പിശാച്. പൊത്തിഫർ വീട്ടിലെത്തിയപ്പോൾ നുണകൾ ആവർത്തിച്ച് അവനെ അവൾ തെറ്റിദ്ധരിപ്പിക്കുന്നു. (39:7-19)

**ജോസഫ് കാരാഗ്രഹത്തിൽ**

നല്ലവനായ പൊത്തിഫർ ഭാര്യയുടെ കൊടുംനുണ കണ്ണുമടച്ചു വിശ്വസിക്കുന്നതു വിചിത്രമായാണു തോന്നുക. യാതൊരു വിചാരണയുമില്ലാതെ ജോസഫിനെ അവൻ കാരാഗൃഹത്തിലടയ്ക്കുന്നു. തന്റെ നിരപരാധിത്വം തെളിയിക്കാൻ അവന് അവസരമേ ഇല്ല. (39:20) പക്ഷേ, നിഷ്കളങ്കനും നീതിമാനും വിശുദ്ധനുമായ ജോസഫിന്റെ തകർച്ച, അവന്റെ സഹനം, അവന്റെയും അവനിലൂടെ ഒരു ജനതയുടെ മുഴുവന്റെയും ഉയർച്ചയ്ക്കു നിമിത്തമാകുന്ന ഉടയവന്റെ പദ്ധതി പഠിച്ചറിയുക ആത്മനിർവൃതി ഉളവാക്കും.

ജോസഫിന്റെ സഹനത്തിനാനുപാതികമായ മഹാ വലിയ കാരുണ്യം കർത്താവ് അവനോടു കാണിക്കുന്നു. അവനുള്ള അവിടുത്തെ പരിപാലന അനിതരസാധാരണം തന്നെയാണ്. അഖിലേശൻ അവനെ നിരന്തരം ഉള്ളംകൈയിൽ കാത്തു സംരക്ഷിച്ചു കൊണ്ടിരുന്നു. അവനോടുള്ള അവിടുത്തെ അത്യപൂർവമായ സ്നേഹം കാരാഗൃഹ സൂക്ഷിപ്പുകാരന് അവനോടുതോന്നിയ ആവലിയ പ്രീതിയുടെ രൂപത്തിൽ അവിടുന്ന് അവന്അനുഭവേദ്യമാക്കുന്നു. തടവുകാരുടെയെല്ലാം മേൽനോട്ടം അയാൾ ജോസഫിനെ ഏൽപ്പിക്കുന്നു. എല്ലാം നന്നായി ചെയ്യാൻ ചിന്മയരൂപൻ അവനെ അനുഗ്രഹിച്ചുശക്തനാക്കുന്നു. അവൻ ചെയ്തതൊക്കെ അവിടുന്നു ശുഭമാക്കി. (39:21-23) അത്ഭുതാവഹവും പലപ്പോഴും അഗ്രാഹ്യവുമായ രീതിയിലാണ് ദൈവത്തിന്റെ സ്നേഹവും പരിപാലനയും ആവിഷ്കരിക്കപ്പെടുക. അവിടുത്തെ പ്രീതിയിൽ വ്യാപരിക്കുന്നവർക്ക് അവിടുന്ന് എല്ലാംമംഗളമാക്കുന്നു.

ഇവിടെ ഒരു കാര്യം എടുത്തു പറയേണ്ടതുണ്ട്. തന്നെ ദ്രോഹിച്ചവരെ ആരെയും ജോസഫ് വെറുക്കുകയോ, ശപിക്കുകയോ, കുറ്റപ്പെടുത്തുകപോലുമോ ചെയ്യുന്നില്ല. എല്ലാമറിയുന്ന തമ്പുരാനിൽ അവൻ അടിയുറച്ചു വിശ്വസിക്കുന്നു. തന്നെ അനന്തമായി സ്നേഹിക്കുന്ന, അനുനിമിഷം കണ്ണിലെ കൃഷ്ണമണിപോലെ കാത്തു പരിപാലിക്കുന്ന കർത്താവിൽ സകലാശ്രയവും വച്ച് ക്ഷമയോടെ, സന്തോഷത്തോടെ, സഹനമെല്ലാം സ്വീകരിക്കുകയാണവൻ. 'നീതിക്കു വേണ്ടി പീഢനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവർക്കുള്ള താണ്. എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കു കയും പീഢിപ്പിക്കുകയും എല്ലാവിധ തിന്മകളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ. സ്വർഗ്ഗരാജ്യത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.'

(മത്താ. 5:10-72)

### പാനപാത്രവാഹകനും പാചകപ്രമാണിയും

കാരാഗൃഹത്തിൽകഴിയവേ കടമകളെല്ലാംഏറ്റംഭംഗിയായി നിർവഹിക്കാൻ കർത്താവിന്റെ പരിപാലന ജോസഫിനെ സഹായിക്കുന്നു. കർത്താവു സദാ അവന്റെ കൂടെയുണ്ടായിരുന്നു. ഈ അവസരത്തിലാണ് ദൈവത്തിന്റെ പരിലാളനത്തിന്റെ മറ്റൊരു സംഭവം ഉണ്ടാകുന്നത്. ഈജിപ്തുരാജാവായ ഫറവോയുടെ പാനപാത്രവാഹകനും പാചകപ്രമാണിയും തങ്ങളുടെ യജമാനനെതിരായി തെറ്റു ചെയ്തു കാരാഗൃഹത്തിലടയ്ക്കപ്പെടുന്നു. പടനായകൻ അവരെയും ജോസഫിന്റെ സംരക്ഷണത്തിലാക്കുന്നു. അങ്ങനെ അവർ കാരാഗൃഹത്തിലായിരുന്നപ്പോൾ ഒരു രാത്രിയിൽ ഇരുവരും വെവ്വേറെ അർത്ഥമുള്ള സ്വപ്നങ്ങൾ കാണുന്നു. സ്വപ്നങ്ങളുടെ വ്യാഖ്യാനം അറിയാതെ അവർ

കുഴങ്ങുകയാണ്. അവരുടെ ഹൃദയം ദുഃഖപൂരിതമാവുന്നു. അടുത്തദിവസം രാവിലെ ജോസഫ് അവരുടെ അടുത്തുചെന്നപ്പോൾ അവർ ഏറെദുഃഖിതരാണെന്നുമനസ്സിലാക്കി കാരണംചോദിക്കുന്നു. 'നിങ്ങളുടെ മുഖത്ത് എന്താണിന്നൊരു വിഷാദം'? 'കഴിഞ്ഞ രാത്രി ഞങ്ങൾ ഇരുവരും സ്വപ്നം കണ്ടു. അവയെ വ്യാഖ്യാനിക്കാൻ ആരുമില്ല', അവരുടെ മറുപടി. ജോസഫ് അവരെ സാന്ത്വനപ്പെടുത്തുന്നു. 'വ്യാഖ്യാനം ദൈവത്തിന്റേതല്ലേ? സ്വപ്നം എന്തെന്നു പറയൂ.' (40:5-8)

ആദ്യം പാനപാത്രവാഹകൻ തന്റെ സ്വപ്നം ജോസഫിനു വിശദമാക്കി. 'ഞാനൊരു മുന്തിരിവള്ളി സ്വപ്നം കണ്ടു. അതിൽ മൂന്നു ശാഖകളുണ്ടായിരുന്നു. അതു മൊട്ടിട്ട ഉടനെപുഷ്പിച്ച് കുലകളിൽ മുന്തിരിപ്പഴങ്ങൾ നിറഞ്ഞു പാകമായി. ഫറവോയുടെ പാനപാത്രം എന്റെ കൈയിലുണ്ടായിരുന്നു. ഞാൻ മുന്തിരിപ്പഴങ്ങൾഎടുത്തുപിഴിഞ്ഞ് പാനപാത്രത്തിലൊഴിച്ച് അവനുകൊടുത്തു.' വിശദീകരണം കേട്ട ജോസഫ് അവനോടു പറയുന്നു. 'സ്വപ്നത്തിന്റെ വ്യാഖ്യാനമിതാണ്. മൂന്നു ശാഖകൾ മൂന്നു ദിവസങ്ങളാണ്. മൂന്നു ദിവസിത്തനകം ഫറവോ നിന്നെ ഉദ്യോഗത്തിൽവീണ്ടുംനിയമിക്കും. മുമ്പെന്നപോലെ നീ പാനപാത്രം അവന്റെ കൈയിൽ വച്ചുകൊടുക്കും. നല്ലകാലം വരുമ്പോൾ എന്നെയും ഓർക്കണം. എന്നോടു കാരുണ്യംകാണിക്കണം. എന്റെ കാര്യം ഫറവോയുടെ മുമ്പിൽ ഉണർത്തിച്ച് ഈ തടവറയിൽ നിന്നെന്നെ മോചിപ്പിക്കണം. ഈ ഇരുട്ടറയിൽ അടയ്ക്കപ്പെടത്തക്കതൊന്നും ഞാൻ ചെയ്തിട്ടില്ല.' (40:9-15)

വ്യാഖ്യാനം ശുഭസൂചകമെന്നു കണ്ടു പാചകപ്രമാണിയും പറഞ്ഞു, 'ഞാനും ഒരു സ്വപ്നംകണ്ടു. എന്റെ തലയിൽ മൂന്നു കുട്ടനിറയെ അപ്പമുണ്ടായിരുന്നു. ഏറ്റവും മുകളിലത്തേതിൽ ഫറവോയ്ക്കുവേണ്ടി പ്രത്യേകംതയ്യാർചെയ്തഅപ്പങ്ങളായിരുന്നു. പക്ഷികൾവന്ന് അപ്പക്കഷ്ണങ്ങൾകൊത്തിത്തിന്നുകൊണ്ടിരുന്നു'. 'അതിന്റെ വ്യാഖ്യാനമിതാണ്', ജോസഫ് പറഞ്ഞു. മൂന്നു കുട്ടകൾ മൂന്നു ദിവസങ്ങൾ തന്നെ. മൂന്നു ദിവസങ്ങൾക്കകം ഫറവോ നിന്നെ പുറത്തിറക്കി മരത്തിൽ കെട്ടിത്തൂക്കും. പക്ഷികൾ നിന്റെ മാംസം തിന്നുകയും ചെയ്യും. (40:16-19)

### പ്രവചനം പൂർത്തിയാകുന്നു

ജോസഫിന്റെ പ്രവചനം പൂർത്തിയാകേണ്ട മൂന്നാം ദിനം സമാഗതമായി. ഫറവോയുടെ പിറന്നാൾ ദിനമായിരുന്നു അത്. തന്റെ വേലക്കാർക്കെല്ലാം അവൻ വിരുന്നൊരുക്കി. അന്നു തന്നെ, തടവിലായിരുന്ന പാചകനെയും, പാനപാത്രവാഹകനെയും പുറത്തുകൊണ്ടുവന്നു ഫറവോ വിധി പറഞ്ഞു: 'പാനപാത്രവാഹകനെ ജോലിയിൽ തിരികെ നിയമിക്കുക. പാചകപ്രമാണിയെ തൂക്കിലിടുക'.

ജോസഫിന്റെ പ്രവചനം ശരിയായി. പക്ഷേ പാനപാത്രവാഹകൻ ജോസഫിനെ പാടേ വിസ്മരിച്ചു കളഞ്ഞു. അതുകൊണ്ട് അവൻ കാരാഗൃഹത്തിൽത്തന്നെ തുടരേണ്ടിവന്നു. (40:20-23)

അധ്യായം
രണ്ട്

# ഇടയച്ചെറുക്കൻ ഈജിപ്തിന്റെ അധിപൻ

നന്ദിഹീനത നിഷിദ്ധമാണ്, പാപമാണ്. 'നന്ദികെട്ടവൻ' എന്നത് ഒരുവനു കിട്ടാവുന്ന ഏറ്റം മോശമായ ഒരുസർട്ടിഫിക്കറ്റാണല്ലോ. ഓരോ ഉപഭോക്താവും തനിക്കുലഭിക്കുന്നനന്മകൾക്കുബന്ധപ്പെട്ടവരോടു കൃതജ്ഞതയുള്ളവനായിരിക്കണം. മനുഷ്യരുടെകാര്യത്തിൽ ഇത് അത്യാവശ്യമാണെങ്കിൽ മഹേശ്വരന്റെഒരായിരംനന്മകൾക്കു നാം എത്രയധികമായി നന്ദിയുള്ളവരായിരിക്കണം! അവിടുത്തേയ്ക്കു കൃതജ്ഞതാബലിയർപ്പിക്കുകയെന്നത് ഓരോമനുഷ്യന്റെയും പരമമായ കടമയാണ്. സർവേശ്വരനുസദാകാലവും സഹജീവികൾക്കു സമയാസമയങ്ങളിലും സ്തോത്രമാലപിച്ചു സാനന്ദംജീവിക്കാൻ ഏവർക്കും കഴിഞ്ഞിരുന്നെങ്കിൽ!

യേശുതമ്പുരാൻ പത്തുകുഷ്ഠരോഗികളെ സുഖപ്പെടുത്തിയ സംഭവം സുവിദിതമാണല്ലോ. ജറുസലേമിലേക്കുള്ള യാത്രയിൽ അവിടുന്നു, സമറിയായ്ക്കും ഗലീലിക്കും മധ്യേകൂടികടന്നു പോവുകയായിരുന്നു. അവിടുന്ന് ഒരുഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ അകലെ നിന്നിരുന്ന പത്തുകുഷ്ഠരോഗികൾ അവിടുത്തെ കാണുന്നു. അവർ സ്വരമുയർത്തി, 'യേശുവേ, ഗുരോ, ഞങ്ങളിൽ കനിയണമേ' എന്ന് അപേക്ഷിക്കുന്നു. അവിടുന്ന് അവരോടു പറയുന്നു, 'പോയി നിങ്ങളെത്തന്നെ പുരോഹിതന്മാർക്കുകാണിച്ചുകൊടുക്കുവിൻ'. പോകുംവഴി അവർസുഖം പ്രാപിച്ചു. അവരിൽഒരുവൻ, താൻ രോഗവിമുക്തനായി എന്നുകണ്ട് ഉച്ചത്തിൽ ദൈവത്തെസ്തുതിച്ചുകൊണ്ട് തിരികെവന്നു. സർവഗുണസമ്പന്നനും സർവനന്മസ്വരൂപനുമായസർവശക്തന്റെസന്നിധിയിൽ സാഷ്ടാംഗം പ്രണമിച്ച് അവൻ അവിടുത്തേയ്ക്കു നന്ദിപറയുന്നു. അവൻ ഒരു സമറായനായിരുന്നു. കർത്താവിനുപോലും അത്ഭുതമായി. അവിടുന്നു ചോദിച്ചുപോയി, പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒമ്പതുപേർ എവിടെ? ഈ വിജാതീയനല്ലാതെ മറ്റാർക്കും മടങ്ങിവന്നു ദൈവത്തെ മഹത്വപ്പെടുത്തണമെന്നുതോന്നിയില്ലേ?' (ലൂക്കാ. 17: 11-18)

സ്വപ്നവ്യാഖ്യാനത്തിനുള്ള ജോസഫിന്റെ കഴിവ് ഈശ്വര പരിപാലനയുടെ നിമിത്തമാകുന്നതു തുടർന്നു കാണാം. അവൻ രണ്ടു വർഷം തടവറയിൽ കഴിഞ്ഞതിന്റെ ശേഷമാണ് പ്രസ്തുത സംഭവമുണ്ടായത്. നല്ല ദൈവത്തിന് എല്ലാറ്റിനും ഒരു സമയമുണ്ട്, ഒരു 'ഇന്ന്'. രാജാവായ ഫറവോയ്ക്ക് ഒരു സ്വപ്നമുണ്ടാകുന്നു; അയാളെ അങ്ങേയറ്റംഅസ്വസ്ഥനാക്കിയ ഒരുസ്വപ്നം. ഈജിപ്തിലുണ്ടായിരുന്ന സകലജ്ഞാനികളെയും മന്ത്രവാദികളെയും വിളിച്ചു വരുത്തി വ്യാഖ്യാനത്തിനുവേണ്ടി തന്റെ സ്വപ്നം അവൻ അവർക്കു വിവരിച്ചു വെങ്കിലും ആർക്കും ആസ്വപ്നംവ്യാഖ്യാനിക്കാനായില്ല. രാജാവു കദനത്തിന്റെകരകാണാക്കടലിൽ താണുതാണുപോകുകയാണ്.

തന്റെ യജമാനന്റെ ദുഃഖം പാനപാത്രവാഹകൻ താമസംവിനാ അറിയുന്നു. ദൈവത്തിന്റെ പരിപാലന പ്രവൃത്ത്യുന്മുഖമാകുകയായി. അയാൾ ജോസഫിനെ ഓർക്കുന്നു. തൽക്ഷണം അവൻ ഫറവോയെ സമീപിച്ചു പറയുന്നു: 'എന്റെ തെറ്റു ഞാനിന്നു മനസ്സിലാക്കുന്നു. അങ്ങു ദാസന്മാരോടുകോപിച്ചപ്പോൾ എന്നെയും പാചകപ്രമാണിയെയും സേനാനായകന്റെവീട്ടിൽതടവിലിട്ടല്ലോ. ഒരുരാത്രി ഞങ്ങളിരുവരും സ്വപ്നംകണ്ടു; വ്യത്യസ്തങ്ങളായ അർത്ഥമുള്ള സ്വപ്നങ്ങൾ. ഞങ്ങളുടെ കൂടെ ഒരു ഹെബ്രായ യുവാവുണ്ടായിരുന്നു. സേനാനായകന്റെ പ്രത്യേക ദാസനായിരുന്നു അവൻ. ഞങ്ങളുടെ സ്വപ്നം അവനോടുപറഞ്ഞപ്പോൾ അവൻ അതുഞങ്ങൾക്കു വ്യാഖ്യാനിച്ചുതന്നു. ഇരുവർക്കും അവനവന്റെ സ്വപ്നത്തിനൊത്ത വ്യാഖ്യാനമാണു ലഭിച്ചത്. അവൻപറഞ്ഞതുപോലെതന്നെ എല്ലാം സംഭവിക്കുകയും ചെയ്തു. എന്നെ അവിടുന്ന് ഉദ്യോഗത്തിൽ പുനഃസ്ഥാപിക്കുകയും പാചകപ്രമാണിയെതൂക്കിലിടുകയുംചെയ്തു'.(41: 9-13)

പാനപാത്രക്കാരന്റെവാക്കുകൾ ഫറവോയിൽ പ്രത്യാശയുടെ കതിരുകൾ ഉദിപ്പിക്കുന്നു. അയാൾ ഉടനെതന്നെആളയച്ച് ജോസഫിനെ അടുത്തുവരുത്തി അവനോടുപറയുന്നു: 'നിനക്കു സ്വപ്നം വ്യാഖ്യാനിക്കാൻകഴിയുമെന്ന് എനിക്ക്അറിയാനിടയായി'. സർവശക്തനായ ദൈവമാണ് തന്നിലും തന്നിലൂടെയും പ്രവർത്തിക്കുന്നത് എന്നുറച്ചു വിശ്വസിച്ചിരുന്ന ജോസഫ് വിനയപുരസ്സരം മറുപടിനൽകി. 'പ്രഭോ, അത്എന്റെകഴിവല്ല. എന്നാൽ ദൈവം അങ്ങേയ്ക്കു തൃപ്തികരമായ ഉത്തരം നൽകും'. ജോസഫിനുണ്ടായിരുന്നതുപോലെ ആഴമുള്ള, അടിവേരുകളുള്ള, അർപ്പിതമായ, അലംഘ്യമായ ദൈവവിശ്വാസമാണ് ആധുനിക മനുഷ്യന് അവശ്യാവശ്യകമായിരിക്കുക.

ജോസഫിൽ പ്രീതനായ ഫറവോ തന്റെ സ്വപ്നം അവനു വിവരിച്ചുകൊടുക്കുന്നു. 'ഞാൻ നൈലിന്റെ തീരത്തു നിൽക്കുക

യായിരുന്നു. കൊഴുത്ത് അഴകുള്ള ഏഴു പശുക്കൾ നദിയിൽനിന്നു കയറിവന്നു പുൽത്തകിടിയിൽമേയാൻ തുടങ്ങി. അവയ്ക്കു പുറകെ മെലിഞ്ഞുവിരൂപമായവേറെഏഴുപശുക്കളും കയറിവന്നു. അത്തരം പശുക്കളെ ഈജിപ്തിലെങ്ങും ഞാൻ കണ്ടിട്ടില്ല. ശോഷിച്ചുവിരൂപമായ ആപശുക്കൾ ആദ്യത്തെഏഴുപശുക്കളെ വിഴുങ്ങിക്കളഞ്ഞു. വീണ്ടും. സ്വപ്നത്തിൽ, പുഷ്ടിയുംഅഴകുമുള്ള ഏഴുകതിരുകൾ ഒരു തണ്ടിൽ വളർന്നുനിൽക്കുന്നതു ഞാൻ കണ്ടു. തുടർന്നു ശുഷ്കിച്ചതും കിഴക്കൻ കാറ്റിൽ വാടിക്കരിഞ്ഞതുമായ ഏഴുകതിരുകൾപൊങ്ങിവന്നു. അവ നല്ല കതിരുകളെ വിഴുങ്ങിക്കളഞ്ഞു. ഇവഎനിക്കുവിവരിച്ചു തരാൻ ഇതുവരെ ആർക്കുംകഴിഞ്ഞിട്ടില്ല'. (41:14-24)

ഫറവോയുടെ വിവരണം സശ്രദ്ധം കേട്ടുകൊണ്ടിരുന്ന ജോസഫ്, പരാപരനിൽപ്രത്യാശയർപ്പിച്ച്വ്യാഖ്യാനംഅവതരിപ്പിക്കുകയായി. 'ഫറവോയുടെസ്വപ്നങ്ങളുടെഅർത്ഥംഒന്നുതന്നെ. താൻ ഉടനെ ചെയ്യാൻ പോകുന്നതെന്തെന്നു ദൈവം അങ്ങേയ്ക്കു വെളിപ്പെടുത്തി യിരിക്കുന്നു. ഏഴുനല്ലപശുക്കൾ ഏഴുവർഷങ്ങളാണ്. ഏഴുനല്ല കതിരുകളും ഏഴുവർഷംതന്നെ. അവയ്ക്കുപുറമേവന്ന മെലിഞ്ഞതും വിരൂപവുമായഏഴുപശുക്കളും അതേഏഴുവർഷമാണ്. കിഴക്കൻകാറ്റിൽ ഉണങ്ങിവരണ്ട പതിരുനിറഞ്ഞഏഴുകതിരുകളും തണ്ടും തുടർന്നുള്ള അതേഏഴുവർഷംതന്നെ. ഏഴുകൊഴുത്ത പശുക്കളും ഏഴുനല്ല കതിരുകളും ആസന്നമായി ഈജിപ്തു മുഴുവനും വരാൻ പോകുന്ന ഏഴുസുഭിക്ഷതയുടെ വർഷങ്ങളെ സൂചിപ്പിക്കുന്നു. അതേത്തുടർന്നു ക്ഷാമത്തിന്റെ ഏഴുവർഷങ്ങളുണ്ടാകും. മെലിഞ്ഞു വിരൂപമായ ഏഴുപശുക്കളും ഉണങ്ങിവരണ്ടപതിരുനിറഞ്ഞഏഴു കതിരുകളും ആവലിയക്ഷാമത്തിന്റെ ഏഴുവർഷങ്ങളെയാണു സൂചിപ്പിക്കുക.

സ്വപ്നംസമ്മാനിക്കുന്നസന്ദേശവും ജോസഫ്വ്യക്തമാക്കി. ക്ഷാമം അതിരൂക്ഷമായിരിക്കും. തമ്പുരാൻ ഈക്കാര്യം തീരുമാനിച്ചുറ ച്ചെന്നും താമസം വിനാ അതു നടപ്പാക്കുമെന്നുമാണ് സ്വപ്നാവർത്തനം സൂചിപ്പിക്കുക. അതുകൊണ്ട് ബുദ്ധിമാനും വിവേകമതിയും ദൈവഭയ മുള്ളവനുമായ ഒരുവനെകണ്ടെത്തി അവനെ ഈജിപ്തിന്റെ മുഴുവൻ അധിപനായിനിയമിക്കണം. നാട്ടിലെങ്ങും മേൽനോട്ടക്കാരെ നിയമിച്ച് സമൃദ്ധിയുടെ വത്സരങ്ങളിൽ വിളവിന്റെ അഞ്ചിലൊന്നു കൃത്യമായി ശേഖരിക്കണം. അങ്ങനെ ശേഖരിക്കുന്ന ധാന്യമത്രയും നഗരങ്ങളിൽ, ഫറവോയുടെ അധികാരത്തിൻകീഴ്, ഭക്ഷണത്തിനായി സൂക്ഷിച്ചു വയ്ക്കണം. ഈജിപ്തിൽ ഏഴു വർഷം നീണ്ടുനിൽക്കാൻ പോകുന്ന കഠിനക്ഷാമം നേരിടാനുള്ള കരുതൽധനമായിരിക്കും അത്. അപ്രകാരം ചെയ്താൽ നാടുപട്ടിണിമൂലം നശിക്കാതിരിക്കും. (41:25-36)

ഫറവോയ്ക്കുംസേവകൻമാർക്കുംജോസഫിന്റെ വ്യഖ്യാനവും നിർദ്ദേശങ്ങളും ഏറെസ്വീകാര്യമായിത്തോന്നി. ജഗന്നിയന്താവു തന്നെയാണുജോസഫിലൂടെസംസാരിച്ചതെന്നു ഫറവോയ്ക്കു ബോധ്യമായി. സേവകരോട് അവൻ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക. 'ദൈവത്തിന്റെ ആത്മാവു കുടികൊള്ളുന്ന ഇവനെപ്പോലെ മറ്റൊരാളെ കണ്ടെത്താൻ നമുക്കുകഴിയുമോ?' ഈശ്വരവിശ്വാസികൾക്ക് അവിടുത്തേയ്ക്കു തുറവിയുള്ള ഹൃദയമുള്ളവർക്ക് അവിടുത്തെ സാന്നിദ്ധ്യവും അവിടുത്തെ ആത്മാവിന്റെ പ്രവർത്തനങ്ങളും വിവേചിച്ചറിയുക വളരെ എളുപ്പമാണ്. ഫറവോയ്ക്കു കറതീർന്ന ദൈവ വിശ്വാസംകൈമുതലായുണ്ടായിരുന്നതുകൊണ്ടാണ്, അവന്റെ ഹൃദയം ഈശ്വരനു തുറവി ഉള്ളതായിരുന്നതുകൊണ്ടാണ് ജോസഫിൽ കുടി കൊണ്ടിരുന്നദൈവത്തിന്റെആത്മാവിനെ തിരിച്ചറിയാൻ അയാൾക്ക് അനായാസം കഴിഞ്ഞത്.

തനിക്കുണ്ടായദൈവാനുഭവത്തിന്റെപശ്ചാത്തലത്തിൽ ഫറവോ ജോസഫിനോടുപറയുന്നതു നോക്കുക. 'ഇക്കാര്യമെല്ലാം ദൈവം നിനക്കു വെളിപ്പെടുത്തിയിരിക്കുന്നതുകൊണ്ട്, നിന്നെപ്പോലെ ബുദ്ധിമാനും വിവേകിയും ദൈവഭയമുള്ളവനുമായ ഒരാൾ വേറെയില്ല. അതുകൊണ്ട് ഇന്നുമുതൽ നീഎന്റെവീടിനു മേലാളായിരിക്കും. എന്റെ ജനം മുഴുവൻ നിന്റെ വാക്കനുസരിച്ചു പ്രവർത്തിക്കും. സിംഹാസനത്തിൽ മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും. (41:37-40)

**അത്ഭുതങ്ങളുടെ ഘോഷയാത്ര**

അത്ഭുതങ്ങളുടെ ഒരു ഘോഷയാത്രതന്നെയാണ് ഇനി നമുക്കു ദൃശ്യമാകുക. ജോസഫിനുള്ള തന്റെഅംഗീകാരമുദ്രകൾ ഒന്നൊന്നായി ഫറവോ അവനെ അണിയിക്കുന്നു. ആദ്യമായി അവൻ തന്റെ കൈയിൽ നിന്നുമുദ്രമോതിരം ഊരി ജോസഫിന്റെ വിരലിൽഇടുന്നു. കഴുത്തിൽ വലിയ ഒരുസ്വർണ്ണമാലയിട്ട് വിശേഷതരംപട്ടുവസ്ത്രങ്ങളാൽ അവനെ വിഭൂഷിതനാക്കുന്നു. പിന്നെ രണ്ടാം രഥത്തിൽ എഴുന്നള്ളിപ്പ്. 'മുട്ടുമടക്കുവിൻ' എന്നു ജനം അവനു മുമ്പേ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.

(4:42-43)

ദൈവത്തിന്റെ അനന്തവുംഅഗ്രാഹ്യവുമായപരിപാലന എത്ര വിസ്മയാവഹം! തമ്പുരാൻ തന്റെ ദാസന്റെ താഴ്മയെ തൃക്കൺ പാർത്തിരിക്കുന്നു. ശക്തനായവൻ എത്രവലിയ കാര്യങ്ങൾ അവനായി ചെയ്തിരിക്കുന്നു! തന്റെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്നു കരുണ വർഷിക്കുന്നു. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്ന വരെ അവിടുന്നുചിതറിച്ചുകളയും. ശക്തന്മാരെ സിംഹാസനത്തിൽനിന്നു തട്ടിമറിച്ചിടും. എളിയവരെ ഉയർത്തും. ഇതാ ഇപ്പോൾമുതൽ

സകലതലമുറകളും ജോസഫിനെ ഭാഗ്യവാൻ എന്നു വിളിക്കും. പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ലു ഭവനത്തിന്റെ മൂലക്കല്ലായിരിക്കുന്നു! ഇസ്രായേല്യനായ ഇടയച്ചെറുക്കൻ ഈജിപ്തിന്റെ മുഴുവൻ ഭരണാധിപനായി അവരോധിക്കപ്പെട്ടിരിക്കുന്നു!

അനുദിനം തനിക്ക് ആവിഷ്ക്കരിക്കപ്പെട്ട ദൈവഹിതമനുസരിച്ചു ജോസഫ് പ്രവർത്തനനിരതനാകുന്നു. സുഭിക്ഷതയുടെ ഏഴുവർഷം! ഭൂമി എങ്ങുമെവിടെയും സമൃദ്ധമായ വിളവുനൽകി. ഓരോ വർഷവും മിച്ചമായഭക്ഷ്യധാന്യങ്ങളെല്ലാം അവൻ നഗരങ്ങളിൽസംഭരിച്ചു വയ്ക്കുന്നു. കടൽക്കരയിലെ മണൽത്തരിപോലെ കണക്കറ്റ ധാന്യം ശേഖരിച്ചു വയ്ക്കാൻ സർവശക്തൻ അവനു കൃപ നൽകി. അനു നിമിഷവും വ്യത്യസ്തങ്ങളായ രീതികളിൽ, വ്യതിരിക്ത വ്യക്തികളിലൂടെ, സാഹചര്യങ്ങളിലൂടെ, അനുഭവങ്ങളിലൂടെ ദൈവം നമുക്കുവെളിപ്പെടുത്തിത്തരുന്ന അവിടുത്തെതിരുവിഷ്ടത്തിനു വിധേയരായി ജീവിച്ചാൽ ജോസഫിനെപ്പോലെ നാമും അത്യത്ഭുത കരമായ രീതിയിൽ അനുഗ്രഹീതരാകുമെന്നതുതീർച്ച.

**യൗസേപ്പിൻപക്കൽ പോകുക**

ഈജിപ്തിലെ സമൃദ്ധിയുടെ വത്സരങ്ങൾ വളരെവേഗം കടന്നുപോകുന്നു. പ്രവചനംപോലെ ക്ഷാമത്തിന്റെ വർഷങ്ങൾ ആരംഭിക്കുന്നു. എവിടെയും ക്ഷാമം അതിരൂക്ഷമാകുന്നു. എന്നാൽ ജോസഫിന്റെ അധീനതയിൽ ധാരാളം ധാന്യമുണ്ട്. ക്ഷാമം കൊടുമ്പിരിക്കൊണ്ടപ്പോൾ ഭക്ഷണത്തിനായി അഭ്യർത്ഥിച്ചുകൊണ്ട് ജനം ഫറവോയുടെ മുമ്പിൽ തടിച്ചു കൂടുകയാണ്. അയാൾക്കു ജനത്തോടു പറയാനുള്ളതോ, 'യൗസേപ്പിന്റെ അടുത്തേയ്ക്കു പോകുക. അവൻ നിങ്ങളോടു പറയുന്നതുപോലെ ചെയ്യുക.' (41:55)

ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി, കലവറകൾതുറന്ന്, ചോദിച്ചവർക്കെല്ലാം ജോസഫ് ധാന്യം നല്കുന്നു. ഈജിപ്തിലേയ്ക്കു ജനം പ്രവഹിക്കുകയാണ്. ലോകത്തെങ്ങും പട്ടിണി അത്ര അതിരൂക്ഷമായിരുന്നു. ദൈവം തന്നിലൂടെ ജനത്തിനുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിൽ ജോസഫ് അതീവസന്തുഷ്ടനായി. അവിടുത്തോട് അങ്ങേയറ്റം കൃതാർത്ഥനായി അനുനിമിഷം അവിടുത്തെ സ്തുതിച്ചു, മഹത്വപ്പെടുത്തി അവൻ ജീവിക്കുന്നു. (41:47,57)

ഇവിടെ നമുക്കു വളരെ വ്യക്തമായി മനസ്സിലാകേണ്ട ഒരു സത്യമുണ്ട്. ജോസഫിനോ, ഇസ്രായേൽ ജനത്തിനോ മാത്രമുള്ളതല്ല ദൈവത്തിന്റസ്നേഹലാളനം. അത് എല്ലാവർക്കുമുള്ളതാണ്. പ്രകൃതത്തിലെ ക്ഷാമം ലോകത്തെമ്പാടുമുള്ള ഒരു പ്രതിഭാസമായിരുന്നു. അപ്പോൾ ആരെല്ലാം ഭക്ഷണം അന്വേഷിച്ചോ അവരെല്ലാം

അതു കണ്ടെത്തി. ധാന്യത്തിനുവേണ്ടി ജോസഫിന്റെ കവാടത്തിൽ മുട്ടിയവർക്കെല്ലാം വാതിൽ തുറക്കപ്പെട്ടു. ചോദിച്ചവർക്കെല്ലാം അതു സമൃദ്ധമായി കിട്ടി. 'നിങ്ങളിലേതൊരു പിതാവാണ് മകൻ അപ്പം ചോദിച്ചാൽ പകരം കല്ലു കൊടുക്കുക; മീൻ ചോദിച്ചാൽ പകരം പാമ്പിനെ കൊടുക്കുക; മുട്ട ചോദിച്ചാൽ പകരം തേളിനെ കൊടുക്കുക. പാപികളായ നിങ്ങൾക്കു നിങ്ങളുടെമക്കൾക്കു നല്ലദാനങ്ങൾ നല്കാനറിയാമെങ്കിൽ, സർവനന്മസ്വരൂപിയായസർവശക്തൻ തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി തന്റെ പരിശുദ്ധാത്മാവിനെ നൽകുകയില്ല!' (ലൂക്കാ 11:11-13) അതെ, ദൈവത്തിന്റെ സ്നേഹവും പരിപാലനയും രക്ഷയുമെല്ലാം സാർവത്രികമാണ്. ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും സർവാത്മനാ അന്വേഷിക്കുന്നവർക്കെല്ലാം എല്ലാം സമൃദ്ധമായി സമ്മാനിക്കപ്പെടും. (മത്താ.6:33)

മറ്റെവിടെയും എന്നപോലെ കാനാൻ ദേശത്തും ക്ഷാമം അതിശക്തമായിരുന്നു. ഈജിപ്തിൽ ധാരാളം ധാന്യമുള്ള വിവരം ജോസഫിന്റെ പിതാവുയാക്കോബ് അറിയുന്നു, അവൻ ഇക്കാര്യം മക്കളെ അറിയിക്കുന്നു. 'ഈജിപ്തിൽ ധാന്യമുണ്ടെന്നു ഞാൻ കേട്ടു. നാം മരിക്കാതിരിക്കാൻ വേഗം അവിടെപ്പോയി നമുക്കുവേണ്ട ധാന്യം വാങ്ങി മടങ്ങി വരുവിൻ' (42:2) അപ്പന്റെ നിർദ്ദേശപ്രകാരം മക്കളെല്ലാവരും തന്നെ ധാന്യം വാങ്ങാനായി ഈജിപ്തിലേക്കു പുറപ്പെടുന്നു.

അദ്ധ്യായം
മൂന്ന്

# ഇസ്രായേൽമക്കൾ ഈജിപ്തിൽ

ഇസ്രായേൽ മക്കൾ ഈജിപ്തിലെത്തി. അവർ ഭരണാധിപനെ കണ്ട് നിലംപറ്റെ താണു വണങ്ങുന്നു! പദ്ധതിപ്രകാരം പരാപരൻ തന്റെ പക്കലെത്തിച്ച സഹോദരന്മാരെ ജോസഫ് തിരിച്ചറിയുന്നു! പക്ഷേ സഹോദരങ്ങൾക്ക് അവനെ മനസ്സിലായേ ഇല്ല. അതുകൊണ്ടുതന്നെ അവൻ നാടകം നന്നായി അഭിനയിക്കാൻ തീരുമാനിക്കുന്നു. വളരെ പരുഷമായി, ദ്വിഭാഷിയിലൂടെയാണ് അവൻ അവരോടു സംസാരിക്കുന്നത്. 'നിങ്ങൾ എവിടെ നിന്നു വരുന്നു'? അങ്ങനെയാണ് അവൻ അവരുമായി സംസാരം തുടങ്ങുന്നതു തന്നെ. അങ്ങേയറ്റം വിനയാന്വിതരായാണ് അവർ അവനോടു മറുപടി പറഞ്ഞത്. 'ധാന്യം വാങ്ങാൻ കാനാൻ ദേശത്തുനിന്നു വന്നവരാണു ഞങ്ങൾ.' തന്നെക്കുറിച്ചും അവരെക്കുറിച്ചും ചെറുപ്പത്തിൽ തനിക്കുണ്ടായ സ്വപ്നം ജോസഫ് അനുസ്മരിക്കുന്നു. (42:6-9)

കല ജീവിതം തന്നെ. കഥയും, കഥാതന്തുവും, ക്യാറക്റ്ററും, ഡയലോഗും, ഐറണിയും, ക്ലൈമാക്സും, ആന്റിക്ലൈമാക്സുമുള്ള ഒരു യഥാർത്ഥ ജീവിതനാടകമാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുക. ഏറെ ഗൗരവം നടിച്ചു ജോസഫ് അവരോടു പറയുന്നു: 'നിങ്ങൾ ചാരന്മാരാണ്. നാടിന്റെ ബലക്ഷയം എവിടെയെന്നു കണ്ടുപിടിക്കാൻ വന്നവരാണ്'. ഭയത്തോടും വിറയലോടും അവർ അവനെ ഉണർത്തിക്കുന്നു, 'അല്ല, യജമാനനെ, അങ്ങയുടെ ദാസർ ധാന്യം വാങ്ങാൻവേണ്ടി മാത്രം വന്നവരാണ്.' ജോസഫിനു ബോധ്യം വരാൻ വേണ്ടി അവർ തുടർന്നു പറയുന്നു, 'ഞങ്ങൾ പത്തുപേരും ഒരാളുടെ മക്കളാണ്. ഞങ്ങൾ സത്യസന്ധരാണ്. അങ്ങയുടെ ദാസന്മാർ ചാരന്മാരല്ല.'

എല്ലാം അറിയാമെന്നിരിക്കെ ജോസഫ് ഇനിയും തറപ്പിച്ചു പറയുകയാണ്, 'അല്ല, നാടിന്റെ ബലക്ഷയം എവിടെയെന്നു മനസ്സിലാക്കാനാണ് നിങ്ങൾ വന്നിരിക്കുന്നത്'. തങ്ങളുടെ നിരപരാധിത്വം ഭരണാധിപനെ ബോധ്യപ്പെടുത്താൻ ആ സഹോദരങ്ങൾ കിണഞ്ഞു പരിശ്രമിക്കുകയായി. 'അങ്ങയുടെ ദാസന്മാരായ ഞങ്ങൾ പന്ത്രണ്ടു

സഹോദരന്മാരാണ്; കാനാൻ ദേശത്തുകാരനായ ഒരുവന്റെ തനയർ. ഏറ്റവും ഇളയവൻ ഇപ്പോൾ ഞങ്ങളുടെ പിതാവിന്റെ കൂടെയാണ്. ഒരാൾ ജീവിച്ചിരിപ്പില്ല.'

ഒന്നാന്തരമൊരു ഡ്രമാറ്റിക് ഐറണി! മാംസരക്തങ്ങളോടെ, സർവാലങ്കാരവിഭൂഷിതനായി, സർവപ്രതാപങ്ങളോടെ അവരുടെ മുമ്പിൽ നിൽക്കുന്ന സഹോദരൻമരിച്ചുപോയിയെന്ന് ഇതര സഹോദരങ്ങൾ തറപ്പിച്ചു പറയുകയാണ്! സത്യത്തിൽ അവർ അങ്ങനെയാണു ചിന്തിച്ചിരുന്നത്. അവരുടെ ബോധ്യമതായിരുന്നു. അസൂയമൂലം അതിനുള്ള കോപ്പെല്ലാം അവർ കൂട്ടിയതാണല്ലോ? പക്ഷെ, ദൈവപരിപാലന അത്ഭുതാവഹമായ രീതിയിൽ, മനുഷ്യബുദ്ധിക്ക് അചിന്ത്യമായ രീതിയിൽ, എല്ലാം ക്രമീകരിച്ചിരിക്കുന്നു!

സഹോദരരെ കുറെ സമയം കൂടി സന്നിഗ്ദ്ധാവസ്ഥയിൽത്തന്നെ നിറുത്താനാണു ജോസഫിന്റെ നീക്കം. അവൻ അവരോട് ആവർത്തിച്ചു പറയുന്നു, 'ഞാൻ പറഞ്ഞതാണു വാസ്തവം. നിങ്ങൾ ചാരന്മാർ തന്നെ. ഫറവോയുടെ ജീവനാണെ, സത്യം, നിങ്ങളുടെഏറ്റംഇളയസഹോദരനെ ഇവിടെകൊണ്ടുവന്നിട്ടല്ലാതെ നിങ്ങൾ ഈ നാടു വിട്ടുപോകുന്ന പ്രശ്നമേയില്ല. ഇതു വഴി നിങ്ങളുടെ സത്യാവസ്ഥ ഞാൻ ഗ്രഹിക്കും. നിങ്ങളിൽ ഒരാളെ പറഞ്ഞയയ്ക്കുക. അവൻ ചെന്നു നിങ്ങളുടെ സഹോദരനെ കൂട്ടിക്കൊണ്ടുവരട്ടെ. അതുവരെ നിങ്ങളെ ഞാൻ തടവിലിടും. അങ്ങനെ നിങ്ങളുടെ വാക്കുകൾ ശരിയാണെന്നും നിങ്ങൾ സത്യസന്ധരാണെന്നും തെളിയിക്കപ്പെടണം. തുടർന്ന്, അവരെ യെല്ലാം അവൻ മൂന്നു ദിവസം തടവിൽ പാർപ്പിക്കുന്നു. (42:14-17)

തന്റെ സഹോദരർ തന്നോടുചെയ്ത തെറ്റിനു ജോസഫ് അവരെ ശിക്ഷിക്കയാണെന്നു പ്രഥമദൃഷ്ട്യാ തോന്നാം. കൂടുതൽ പരിചിന്തിക്കു മ്പോൾ നമുക്കു വ്യക്തമാകുന്ന കാര്യങ്ങൾ വ്യത്യസ്തങ്ങളായിരിക്കില്ലേ? തെറ്റുകാരെ ശിക്ഷിക്കുകയോ, അവരോടു പ്രതികാരം ചെയ്യുകയോ അല്ല ജോസഫിന്റെ ലക്ഷ്യം. യാത്രാക്ലേശവും പട്ടിണിയുംമൂലം ക്ഷീണിച്ച് അവശരായ തന്റെ സഹോദരങ്ങൾക്കു സുഭിക്ഷമായി ഭക്ഷിച്ചു നന്നായി വിശ്രമിക്കണം. അവരെ കൺകുളിർക്കെ കാണുക, അല്പസമയമൊക്കെ അവരെ സന്നിഗ്ദ്ധാവസ്ഥയിൽ നിർത്തിയിട്ട് അത്ഭുതാവഹമായ അഖിലേശപരിപാലന അവർക്കു ആവിഷ്കരിച്ചുകൊടുക്കുക, അങ്ങനെ പലതും.

മൂന്നാം ദിവസം ജോസഫ് വളരെ പ്രശാന്തനായി കാണപ്പെടുന്നതു നമ്മുടെ നിഗമനം സാധൂവാക്കുന്നു. വളരെ ശാന്തനായി അവൻ അവരോടു പറയുന്നു, 'ഞാൻ പറയുന്നതുപോലെ ചെയ്യുക. എങ്കിൽ നിങ്ങൾ ജീവിക്കും. ദൈവഭയമുള്ളവനാണു ഞാൻ. സത്യസന്ധരെങ്കിൽ

സഹോദരരായ നിങ്ങളിൽ ഒരുവൻ ഇവിടെ തടവിൽ കഴിയുക. മറ്റുള്ളവർ വീട്ടിലെ പട്ടിണിയകറ്റാൻ ധാന്യവുമായി ശീഘ്രം പുറപ്പെടുക. നിങ്ങളുടെ ഇളയസഹോദരനെ എന്റെ അടുക്കൽ കൊണ്ടുവരിക. അപ്പോൾ നിങ്ങൾ പറയുന്നതു സത്യമെന്നു തെളിയും, നിങ്ങൾക്കാർക്കും മരിക്കേണ്ടി വരികയുമില്ല' (42:18-20)

സഹോദരങ്ങൾ ജോസഫിന്റെ നിർദ്ദേശം സസന്തോഷം സ്വീകരിക്കുന്നു. അവർ മടക്കയാത്രക്കൊരുങ്ങുന്നു. പുറപ്പെടുന്നതിനു മുമ്പ്, അവന്റെ സാന്നിദ്ധ്യത്തിൽത്തന്നെ, അവർ അന്യോന്യം സമ്മതിച്ചു പറയുകയാണ്, 'നമ്മുടെ സഹോദരനോടുള്ള നമ്മുടെ പ്രവൃത്തിയുടെ ഫലമാണിത്. അവൻകേണപേക്ഷിച്ചിട്ടും അവന്റെപ്രാണസങ്കടം കണ്ടിട്ടും നാം അവനുചെവികൊടുത്തില്ല. അതുകൊണ്ടാണ് ഈ ദുരിതം നമുക്കിപ്പോൾ സംഭവിച്ചിരിക്കുന്നത്'. റൂബൻ കൂട്ടിച്ചേർക്കുന്നു, 'കുട്ടിക്കെതിരായി തെറ്റു ചെയ്യരുതെന്നു ഞാനന്നു പറഞ്ഞതല്ലേ? നിങ്ങൾ അതു കേട്ടില്ല. അവന്റെ രക്തം ഇപ്പോൾ പകരം ചോദിക്കുകയാണ്. അവർ പറഞ്ഞതിന്റെയെല്ലാം ഉൾപ്പൊരുൾ ജോസഫിനു വ്യക്തമായി മനസ്സിലായി. ഇക്കാര്യം ആ സഹോദരർ അറിയുന്നുമില്ല. ദ്വിഭാഷിയുടെ സഹായത്തോടെയാണല്ലോ അവൻ അവരോടു സംസാരിച്ചിരുന്നത്. (42:21-23) അങ്ങനെ ഐറണി തുടരുന്നു!

തങ്ങളുടെ തിന്മയെ തന്റെ അത്ഭുത പരിപാലനയുടെ നടു തുറക്കുന്നതിനുള്ള സുവർണ്ണതാക്കോലായി സർവശക്തൻ ഉപയോഗിക്കുന്ന ആ വിസ്മയപ്രതിഭാസം ഗ്രഹിക്കാൻ ജോസഫിന്റെ സഹോദരന്മാർ ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു! സഹോദരന്മാരുടെ സന്താപവും അനുതാപവും അവനെ ദുഃഖസമുദ്രത്തിൽ ആഴ്ത്തുന്നു. അവൻ അവരിൽ നിന്നകന്നു മാറി നെഞ്ചുപൊട്ടിക്കരയുന്നു.

മനസ്സ് ഏതാണ്ടുസമനിലയിലായപ്പോൾ മടങ്ങിവന്ന് ജോസഫ് വീണ്ടും സഹോദരങ്ങളുമായി സംസാരിക്കുന്നു. ശിമയോനെ തടവിൽ കഴിയാനനുവദിച്ചിട്ടു ബാക്കിയുള്ളവർക്കു പോകാൻ അനുവാദവുമാകുന്നു. വീട്ടിലേയ്ക്കു മടങ്ങുന്നവരുടെയെല്ലാം ചാക്കുകളിൽ ധാന്യം നിറയ്ക്കാനും ഓരോരുത്തന്റെയും ചാക്കിൽ അവനവന്റെ പണവും തിരികെ വച്ച് ചാക്കു കെട്ടിക്കൊടുക്കാനും യാത്രയ്ക്ക് ആവശ്യമായവയൊക്കെ വേറെ നൽകാനും അവൻ വേലക്കാരോടു കൽപ്പിച്ചിരുന്നു. നിർദ്ദേശം കൃത്യമായി അവർ അനുസരിക്കുകയും ചെയ്തു. (42:24-25). സഹോദരന്മാർ ബഞ്ചമിനുമായി മടങ്ങി വരുമെന്ന് ഉറപ്പു വരുത്താനാണ് ശിമെയോനെ വിട്ടയയ്ക്കാതിരുന്നത് എന്നു വ്യക്തമല്ലേ? വിസ്തരഭയത്താൽ നാടകത്തിന്റെ അത്ര പ്രസക്തമല്ലാത്ത ചില രംഗങ്ങൾ വിട്ടുകളയുന്നു.

എല്ലാ അനുഗ്രഹങ്ങളുടെയും അടിസ്ഥാനം ദൈവഭയമാണല്ലോ. ജോസഫിന് അതു സമൃദ്ധമായി ഉണ്ടായിരുന്നു. തന്മൂലം അവനെ മാത്രമല്ല അവനിലൂടെ തന്റെ തനയരെയെല്ലാം തമ്പുരാൻ അനുഗ്രഹിക്കുന്നു. എല്ലാവരെയും പരിപാലിക്കുന്നു. ഓരോ മനുഷ്യനും തന്റെസഹോദരന്റെകാവല്ക്കാരനാണ്. അവൻ മറ്റുള്ളവർക്കു ദൈവ പരിപാലനയുടെ ഉപകരണമാവണം. വിശിഷ്യ, മക്കൾക്കു മാതാപിതാക്കൾ, ഭാര്യയ്ക്കു ഭർത്താവ്, ഭർത്താവിനു ഭാര്യ, വിദ്യാർത്ഥികൾക്ക് അധ്യാപകർ, രോഗികൾക്കു ഡോക്ടർമാർ, ഇടവക ജനങ്ങൾക്കു വികാരിമാർ, രൂപതാംഗങ്ങൾക്കു മെത്രാന്മാർ, സന്യാസികൾക്കു സഭാശ്രേഷ്ഠർ, പ്രജകൾക്കു രാജാവ്, ദരിദ്രർക്കു സമ്പന്നർ, അനാഥർക്കു സനാഥർ സകലേശ്വരപരിലാളനത്തിന്റെ മാധ്യമങ്ങളാവണം. വിശക്കുന്നവന്റെ മുമ്പിൽ അപ്പത്തിന്റെ രൂപത്തിലും ദാഹിക്കുന്നവന്റെ മുമ്പിൽ വെള്ളത്തിന്റെ രൂപത്തിലും വേദനിക്കുന്നവന്റെ മുമ്പിൽ സമാശ്വാസമായും അത് അവതരിക്കാൻ മാനവരാശി മനസ്സു കാട്ടിയിരുന്നെങ്കിൽ! കടമ നിർവഹണത്തിൽ വിഘ്നം വരുത്തുന്നവർ ദൈവപരിപാലനയ്ക്കു വലിയ തടയിടുകയാണുചെയ്യുന്നത്.

പിതാവായ യാക്കോബിന്റെ അടുത്ത് ജോസഫിന്റെ സഹോദരന്മാർ അതിവേഗം മടങ്ങിയെത്തി. ആകാംക്ഷാഭരിതനായിരുന്ന അപ്പനോട് നടന്നതെല്ലാം അവർ വിവരിച്ചു പറയുന്നു. ശിമയോൻ ബന്ധനസ്ഥനായെന്നും ബഞ്ചമിനുമായി വേഗം തിരികെയെത്തിയാൽ തങ്ങളുടെ നിരപരാധിത്വം തെളിയുമെന്നും ശിമയോനെ തിരികെ കിട്ടുമെന്നുമുള്ള വസ്തുതകൾ ഏറ്റം ഹൃദയവേദനയോടെ അവർ പിതാവിനെ അറിയിക്കുന്നു. വിലപിച്ചു കരയാനല്ലേ ആ പിതാവിനു കഴിയൂ? തേങ്ങിക്കരഞ്ഞുകൊണ്ട് അവൻ പറയുന്നു, 'എന്റെ പൊന്നു മക്കളെ, ജോസഫ് എനിക്കു നഷ്ടപ്പെട്ടു. ശിമയോനും പോയി. ഇനി നിങ്ങൾ ബഞ്ചമിനെയും കൊണ്ടു പോകും. എല്ലാം എനിക്കു പ്രതികൂലമായിരിക്കുന്നു.' (42:29-38)

ഇസ്രായേലിൽ ക്ഷാമം വീണ്ടും കൊടുമ്പിരി കൊള്ളുന്നു. ഇസ്രായേൽമക്കൾ ഈജിപ്തിൽ നിന്നുകൊണ്ടുവന്നിരുന്ന ധാന്യം തീരുകയാണ്. ഗത്യന്തരമില്ല. അതുകൊണ്ടു മനസ്സില്ലാമനസ്സോടെ യാക്കോബ് മക്കളോടു നിർദ്ദേശിക്കുന്നു, 'നിങ്ങൾ വീണ്ടും പോയി കുറച്ചു ധാന്യംകൂടി വാങ്ങിക്കൊണ്ടു വരുവിൻ'. അപ്പോൾ യൂദാ പിതാവിനെ അറിയിക്കുന്നു, 'അനുജനെക്കൂടാതെ വന്നാൽ നിങ്ങൾക്കെന്നെ കാണാൻ പോലും സാധിക്കുകയില്ലെന്നു ഭരണാധിപൻ ഞങ്ങളോടു തീർത്തു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ബഞ്ചമിനെക്കൂടെ അയയ്ക്കാമെങ്കിൽ, ഞങ്ങൾപോയി ധാന്യം വാങ്ങിക്കൊണ്ടു വരാം. നമ്മൾ മരിക്കാതെ ജീവനോടെ ഇരിക്കണമെങ്കിൽ അവനെ എന്റെകൂടെ അയയ്ക്കുക. ഞങ്ങൾ ഉടനെ പുറപ്പെടാം. അവന്റെ ചുമതല ഞാൻ ഏറ്റുകൊള്ളാം.' (43:1-8)

ബഞ്ചമിനെയുംകൂട്ടിഈജിപ്തിലേക്കുപോകാൻ ഇസ്രായേൽ മക്കൾക്ക് അനുവാദമാകുന്നു. അപ്പൻ യൂദായുടെ വാക്കുകൾക്കു മറുപടിയായി പറയുന്നു: 'കൂടിയേ തീരൂ എങ്കിൽ കുട്ടിയെയും കൂട്ടിപോകുക. നാട്ടിലെ വിശിഷ്ടോല്പന്നങ്ങൾ കുറേശ്ശെയെടുത്ത് ആ ഭരണാധിപനു സമ്മാനമായിക്കൊണ്ടുപോകുക-തൈലം, തേൻ, സുഗന്ധദ്രവ്യങ്ങൾ, മീറാ, ബോടനണ്ടി, ബദാംപരിപ്പ് എന്നിവയെല്ലാം. സർവശക്തനായ ദൈവം അവന്റെ മുമ്പിൽ നിങ്ങളോടു കരുണ കാണിക്കട്ടെ. അവൻ നിങ്ങളുടെ സഹോദരനെയും ബഞ്ചമിനെയും തിരിച്ചയയ്ക്കട്ടെ. മക്കൾ എനിക്കു നഷ്ടപ്പെടണമെന്നാണു ദൈവതിരുമനസ്സെങ്കിൽ അങ്ങനെയുമാവട്ടെ.' (43:11-14)

ഹൃദയസ്പർശിയായ വാക്കുകൾ! യാക്കോബിന്റെ മനോഭാവം എത്ര മഹനീയം! പിതാവായ അബ്രാഹത്തിന്റേതിൽനിന്ന് അണുപോലും വ്യത്യസ്തമല്ലാത്ത ഹൃദയഭാവം! അയാൾ ചിന്തിച്ചിരിക്കും, തന്റെ പിതാക്കന്മാരുടെ വിശ്വാസത്തിനും വിശ്വസ്തതയ്ക്കും പ്രതിസമ്മാനം നല്കിയ വിധാതാവ് തന്റെ മക്കളെയും സുരക്ഷിതരായി തിരികെ എത്തിക്കാതിരിക്കുമോ? തിരുസ്സുതന്റെ നിത്യപിതാവിനുള്ള സമർപ്പണത്തിന്റെ തിരുവചസ്സുകൾ വിരൽത്തുമ്പിലോടിയെത്തുന്നു. 'എന്റെ ഇഷ്ടമല്ല, അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെ'. (മത്താ: 26:39) അവിടുത്തെ തിരുമാതാവിന്റെ മനോഭാവവും ഒട്ടും വ്യത്യസ്തമല്ല. 'ഇതാ കർത്താവിന്റെ ദാസി; അവിടുത്തെ തിരുവചനം പോലെ എന്നിൽ ഭവിക്കട്ടെ.'

ഇസ്രായേൽമക്കൾ സ്വപിതാവിന്റെ നിർദ്ദേശാനുസൃതം ബഞ്ചമിനെയും കൂട്ടി, ഈജിപ്തിന്റെ ഭരണാധിപനുള്ള സമ്മാനങ്ങളും ശേഖരിച്ച്, യാത്രപുറപ്പെടുന്നു. അവർ അതിവേഗം ഈജിപ്തിലെത്തി ജോസഫിന്റെ മുമ്പിൽ ഹാജരാകുന്നു. അവരെക്കണ്ട ഉടനെ ആ നല്ല മനുഷ്യൻ, ആ ദൈവത്തിന്റെ മനുഷ്യൻ, കാര്യസ്ഥനെ വിളിച്ചു കല്പിക്കുന്നു, 'ഇവരെ നേരേ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോകുക. ഒരു മൃഗത്തെ കൊന്നു സദ്യയൊരുക്കുക. ഇവരെല്ലാവരും എന്നോടൊപ്പമായിരിക്കും ഉച്ചഭക്ഷണം കഴിക്കുക, (43:16) ജോസഫ് കല്പിച്ചതുപോലെ കാര്യസ്ഥൻ അവരെ സ്നേഹാദരവോടെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടു പോവുന്നു.

കുറ്റബോധം ഇപ്പോഴും ആ സഹോദരന്മാരെ കാർന്നു തിന്നുകൊണ്ടിരിക്കയാണ്. അവർ ഏറെ ഭയപ്പെടുന്നു. ദൈവപരിപാലനയുടെ കരം തിരിച്ചറിയാൻ അവർക്കിനിയും ആകുന്നില്ല. ജോസഫിന്റെ വീട്ടുവാതിൽക്കലെത്തിയ അവർ കാര്യസ്ഥനെ സമീപിച്ചു പറയുന്നു, 'യജമാനനേ, മുമ്പൊരിക്കൽ ധാന്യംവാങ്ങുന്നതിനു ഞങ്ങൾ ഇവിടെ വന്നിരുന്നു. മടക്കയാത്രയിൽവഴിയമ്പലത്തിൽവച്ച് ചാക്കുകളഴിച്ചപ്പോൾ

ഞങ്ങൾ ഓരോരുത്തരും ധാന്യത്തിന്റെ വിലയായി കൊടുത്ത പണം ഞങ്ങളുടെ ചാക്കുകളിൽത്തന്നെ ഇരിക്കുന്നു! പണം തിരികെ വച്ചത് ആരെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ആ പണം ഞങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. ധാന്യം വാങ്ങുന്നതിനു ഞങ്ങൾ വേറെ പണവും കൊണ്ടുവന്നിട്ടുണ്ട്.' (43:18-22)

അവരുടെ മാനസികവ്യഥ വ്യക്തമായി മനസ്സിലാക്കുന്ന ആ കാര്യസ്ഥൻ ദൈവപരിപാലനയുടെ മറ്റൊരുപകരണമാകുന്നതു നോക്കുക. അവരെ ആശ്വസിപ്പിച്ചുകൊണ്ട് അയാൾ പറയുന്ന വാക്കുകൾ എത്രശ്രദ്ധേയം! 'ശാന്തരായിരിക്കുവിൻ. ഭയപ്പെടേണ്ടാ, നിങ്ങളുടെയും നിങ്ങളുടെപിതാവിന്റെയും ദൈവമാണു നിങ്ങളുടെചാക്കുകളിൽ പണം നിക്ഷേപിച്ചത്. ധാന്യത്തിന്റെ വിലയായി നിങ്ങൾ തന്ന പണം ഞാൻ കൈപ്പറ്റിയതാണ്. അനന്തരം അവൻ ശെമയോനെ അവരുടെ പക്കൽ കൊണ്ടു ചെല്ലുന്നു. (43:24-25) യാക്കോബിന്റെ മക്കൾക്കുള്ള മഹേശ്വരപരിപാലന മനസ്സിലാക്കാൻ വിജാതീയനായ ആ കാര്യസ്ഥന്റെ മറുപടി മാത്രം മതിയാവുമല്ലോ!

ജോസഫിന്റെ സഹോദരങ്ങൾക്ക് ഒട്ടൊക്കെ ആശ്വാസമാവുന്നു. അവർ ജോസഫിനുള്ള സമ്മാനവിഭവങ്ങൾ സമാഹരിച്ച് അവനെ കാത്തിരിക്കുകയാണ്. അവൻ അന്നു കാലേകൂട്ടി എത്തി. സമ്മാനം നൽകിക്കൊണ്ട് അവർ അവനെ താണു വണങ്ങുന്നു. അവൻ അവരോടു സ്നേഹപുരസ്സരം കുശലം ചോദിക്കുന്നു. 'നിങ്ങളുടെ പിതാവിനു സുഖം തന്നെയോ'? 'അങ്ങയുടെ ദാസനായ ഞങ്ങളുടെ പിതാവിനു സുഖം തന്നെ', അവർ മറുപടി പറഞ്ഞു. അവൻ തല ഉയർത്തി നോക്കിയപ്പോൾ തന്റെ ഉടപ്പിറന്നസഹോദരൻ ബഞ്ചമിനെ അവരോടൊപ്പം കണ്ടു. അവന്റെ ഹൃദയം സന്തോഷം കൊണ്ടു തേങ്ങി. 'മകനെ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. നിന്നോടു കരുണകാണിക്കട്ടെ' എന്നു പറഞ്ഞ് അവനെ അനുഗ്രഹിച്ചിട്ട് കിടപ്പറയിൽ കയറി അവൻ ഉറക്കെ കരഞ്ഞു. (43:30). ഓരോ മനുഷ്യനും കൈമുതലാക്കേണ്ട പുണ്യമാണ് സഹോദരസ്നേഹം. 'സഹോദരസ്നേഹം ഈ ലോകത്തേ ഉള്ളൂ' എന്നൊരു ചൊല്ലു തന്നെ മലയാളത്തിലുണ്ട്. ഇവിടെ 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ.' (യോഹ:13:14) എന്ന നാഥന്റെ പുതിയ കല്പന അനുസ്മരിക്കാൻ നാം നിർബന്ധിതരാകുന്നു. അവിടുന്നു തുടരുന്നു. 'നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും.' (യോഹ. 13:15)

തുടർന്നുള്ള ജോസഫിന്റെ ഓരോ പ്രവൃത്തിയും സഹോദര സ്നേഹത്തിന്റെ തികഞ്ഞആവിഷ്കാരങ്ങളാണ്. വികാരവായ്പ

നിയന്ത്രാണാധീനമായ ഉടനെ ജോസഫ് പുറത്തു വരുന്നു. എല്ലാവർക്കും ഭക്ഷണം വിളമ്പാൻ വേലക്കാർക്ക് അവൻ നിർദ്ദേശം നൽകുന്നു. മൂത്തവൻ മുതൽ ഇളയവൻ വരെ മൂപ്പനുസരിച്ച് ആ സഹോദരങ്ങൾ ജോസഫിനോടൊപ്പം ഭക്ഷണത്തിനിരിക്കുന്നു. അവൻ തന്റെ ഭക്ഷണത്തിൽ നിന്ന് ഓരോ പങ്ക് അവർക്കെല്ലാം നൽകുന്നു. ബഞ്ചമിന്റെ പങ്കു മറ്റുള്ളവരുടേതിന്റെ അഞ്ചിരട്ടിയായിരുന്നു. യഥാർത്ഥ സഹോദരസ്നേഹവും വാത്സല്യവും സ്പഷ്ടമാക്കുന്ന പരമസുന്ദരമായ ഒരു ചെറുപ്രവൃത്തി! ജോസഫിന്റെ സ്നേഹത്തിന്റെ ഊഷ്മളതയും ആഴവും ഊഹിക്കുക. ഇത്രയുമൊക്കെയായിട്ടും ആ മനുഷ്യർ സ്വസഹോദരനെ തിരിച്ചറിയുകയോ, ഈശ്വരപരിപാലനയുടെ അത്ഭുതാ വഹവും ആരാധ്യവുമായ ആവിഷ്കാരം ഗ്രഹിക്കുകയോ ചെയ്യുന്നില്ല. എന്നാൽ ജോസഫോ എല്ലാം ഗ്രഹിച്ച് ആനന്ദ സാഗരത്തിലും.

അവന്റെ ഓരോ വാക്കും പ്രവൃത്തിയും അതു വ്യക്തമാക്കുന്നു. മാത്രവുമല്ലാ, അവ തന്റെ സഹോദരങ്ങളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കുന്നവയും അവർക്കുള്ള തന്റെ അത്യഗാധമായ സ്നേഹാദരവുകൾ തെളിയിക്കുന്നവയുമാണ്. അവന് അവരോട് അണുപോലും പ്രതിഷേധമോ പ്രതികാരമോ ഇല്ല. അവൻ അവരോടു വ്യവസ്ഥയില്ലാതെ എല്ലാം പണ്ടേ ക്ഷമിച്ചു കഴിഞ്ഞിരുന്നു. അവരോടുള്ള സ്നേഹംകൊണ്ട് അവന്റെഹൃദയംതിരളുകയാണ്. ബഞ്ചമിന്റെ ചാക്കിൽ വെള്ളിക്കപ്പു വച്ച് സൂത്രത്തിൽ അവനെ കൂടെ നിറുത്തിയത് തികച്ചും നാടകീയവും അവനോടുള്ള പ്രത്യേകമായ വാത്സല്യം കൊണ്ടും അപ്പനെയും ഇതരചാർച്ചക്കാരെയും എത്രയുംവേഗം ഈജിപ്തിൽ കൊണ്ടുവന്നുസംരക്ഷിക്കുന്നതിനും വേണ്ടിയാണ്.

**ജോസഫ് സഹോദരങ്ങൾക്കു വെളിപ്പെടുത്തുന്നു**

പക്ഷേ, സസ്പെൻസ് ക്ലൈമാക്സിലെത്തിക്കാൻ ജോസഫിനു കഴിയുന്നില്ല. അവനിലെ സഹോദരസ്നേഹം അണപൊട്ടിയൊഴുകുകയായി. അതു കണ്ണീർക്കയമായി മാറുന്നു. ഒരു കൊച്ചു കുട്ടിയെപ്പോലെ അവൻ ഏങ്ങലടിച്ചു കരയുന്നു! യഥാർത്ഥ സന്തോഷാശ്രുക്കൾ! വികാരത്തള്ളൽ ഒട്ടൊന്നു ശമിച്ചപ്പോൾ അവൻ സഹോദരരോടു വെളിപ്പെടുത്തുന്നു, 'ഞാൻ ജോസഫാണ്. എന്റെ പിതാവ് ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ?' (45:3) അവന്റെ വാക്കുകൾ സഹോദരരെയെല്ലാം സ്തംഭിപ്പിച്ചു കളഞ്ഞു. അവർക്ക് ഒന്നും പറയാനാവുന്നില്ല. അവരുടെ കണ്ണുകളെയും കാതുകളെയും അവർക്കു വിശ്വസിക്കാനാവുന്നില്ല. അവരെ ഞെട്ടലിൽ നിന്നു വിമോചിപ്പിക്കാൻ ജോസഫ് അവരെ തന്റെ അടുത്തേയ്ക്കു വിളിച്ചടുപ്പിച്ച് അവരോടു പറയുന്നു, 'നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണു ഞാൻ.' (45:4)

തുടർന്നുള്ള അവന്റെ വാക്കുകൾ അങ്ങേയറ്റം ഹൃദയഹാരിയും തമ്പുരാന്റെ പരിപാലനയുടെ വിവിധ മുഖങ്ങളിലേയ്ക്കു വിരൽ ചൂണ്ടുന്നവയുമാണ്. 'എന്നെ ഈജിപ്തുകാർക്കു വിറ്റതോർത്തു നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ അരുത്. കാരണം, ജീവൻ നിലനിർത്താൻ വേണ്ടി എന്നെ നിങ്ങൾക്കു മുമ്പേ ഇങ്ങോട്ടയച്ചതു ദൈവമാണ്. നാട്ടിലാകെ ക്ഷാമമായിട്ടു രണ്ടു വർഷമായി. ഉഴവും കൊയ്ത്തുമില്ലാത്ത അഞ്ചുവർഷം ഇനിയുമുണ്ട്'. (45:5-6)

തന്റെ പരിപാലന പ്രാവർത്തികമാക്കാൻ പ്രപഞ്ചനാഥൻ കാലാകാലങ്ങളിൽ പ്രത്യേക ഉപകരണങ്ങളെ ഉപയോഗിക്കുന്നു. അവിടുത്തെ സ്നേഹമാണ് പരിപാലനാരൂപത്തിൽ അനുനിമിഷം പ്രാവർത്തികമായിക്കൊണ്ടിരിക്കുന്നത്. ദൈവപരിപാലനയുടെ വളരെ ശക്തമായ ഒരു ഉപകരണമാണ് പൂർവയൗസേപ്പ്. ദൈവത്തിന്റെ സ്നേഹലാളനത്തിന്റെ സവിശേഷമായ ആവിഷ്കാരമാണ് സംഭവബഹുലമായ അവന്റെ ജീവിതം. വിവിധങ്ങളായ രൂപങ്ങളിലും ഭാവങ്ങളിലും സദാ പ്രാവർത്തികമാകുന്ന ഈശ്വരപരിപാലനയെക്കുറിച്ച് ആധുനിക മനുഷ്യൻ ബോധവാനാകണം. സ്നേഹസ്വരൂപനും പാലകനുമായ പരാപരനെ അറിഞ്ഞു സ്നേഹിച്ച് അവിടുത്തേയ്ക്കു നന്ദിചൊല്ലി അനുഗ്രഹപ്രദമായ ഒരു ജീവിതം നയിക്കാൻ ഈ അവബോധം അത്യന്താപേക്ഷിതമാണ്.

ദൈവം തന്റെ സ്നേഹലാളനകൾ സകലർക്കുമായാണു സംവിധാനം ചെയ്തിരിക്കുന്നതെന്നു നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. താഴെ പറയുന്ന വാക്കുകൾ ശ്രദ്ധിച്ചുവായിച്ചാൽ ഈ സത്യം കൂടുതൽ സ്പഷ്ടമാവും. അവൻ പറയുന്നു, "നിങ്ങൾക്കു ഭൂമിയിൽ സന്തതികളെ നിലനിർത്താനും വിസ്മയകരമായ രീതിയിൽ രക്ഷനൽകാനും വേണ്ടി ദൈവം നിങ്ങൾക്കുമുമ്പേ എന്നെ ഇങ്ങോട്ടയച്ചതാണ്. അതു കൊണ്ടു നിങ്ങളല്ല, ദൈവം തന്നെയാണ് എന്നെ ഇങ്ങോട്ടയച്ചത്. അവിടുന്ന് എന്നെ ഫറവോയ്ക്കുപിതാവും അവന്റെ വീടിനു നാഥനും ഈജിപ്തുദേശത്തിന് അധിപനുമാക്കിയിരിക്കുന്നു. (45:7-8)

അദ്ധ്യായം
നാല്

# ഇസ്രായേൽ ഈജിപ്തിൽ

സഹോദരർക്കു ദൈവത്തിന്റെ സ്നേഹലാളനം ബോധ്യമാക്കിയതിനു ശേഷം ജോസഫ് അവരോടു പറയുന്നതും ഏറെ ശ്രദ്ധേയമാണ്. "നിങ്ങൾ തിടുക്കത്തിൽ നമ്മുടെ പിതാവിന്റെയടുത്തു ചെന്ന് പറയുക; ദൈവം എന്നെ ഈജിപ്തിനുമുഴുവൻ നാഥനാക്കിയിരിക്കുന്നു. അപ്പൻ എന്റെ അടുത്തുവരണം. ഒട്ടും വൈകരുത് എന്ന് അങ്ങയുടെ മകൻ ജോസഫ് പറയുന്നു." (45:9) അഭ്യർത്ഥനയ്ക്കുശേഷം അപ്പനുള്ള പ്രത്യേക സന്ദേശം ഉണ്ട്. 'അങ്ങേയ്ക്കു ഗോഷെനിൽ താമസിക്കാം. അങ്ങ് എന്റെ അടുത്തായിരിക്കും; അങ്ങയോടൊപ്പം അങ്ങയുടെ മക്കളും കൊച്ചുമക്കളും ആടുമാടുകളും അങ്ങേയ്ക്കുള്ള സകലതും; അവിടെ അങ്ങയെ ഞാൻ പോറ്റിക്കൊള്ളാം'. (45:10-11) തുടർന്ന് അവൻ സഹോദരങ്ങളെ നിർബന്ധിക്കുകയായി, 'വേഗം ചെന്ന് അവനെ (പിതാവിനെ) കൂട്ടിക്കൊണ്ടുവരുക' (45:13), യാക്കോബിനോടും സന്തതികളോടും അവരിലൂടെ ലോകത്തിനു മുഴുവനോടുമുള്ള ദൈവത്തിന്റെ സ്നേഹവും അവർക്കുള്ള പ്രത്യേക പരിപാലനയുമാണ് ജോസഫിന്റെ ചുരുങ്ങിയ വാക്കുകളിൽ മുറ്റിനിൽക്കുന്നത്.

### ഫറവോയ്ക്കു സംതൃപ്തി

ജോസഫിന്റെ സഹോദരന്മാരെസ്സംബന്ധിച്ചുള്ള സദ്വാർത്ത ഫറവോയുടെ സവിധേ എത്തുന്നു. അയാൾക്കുംദാസന്മാർക്കും അത്യധികം ആനന്ദമാകുന്നു. അയാൾ ജോസഫിനോടു നിർദ്ദേശിക്കുന്നു, 'നിന്റെ സഹോദരന്മാരോട് ഇപ്രകാരം ചെയ്യാൻ പറയുക. കാനാൻദേശത്തുചെന്നു (നിങ്ങളുടെ) പിതാവിനെയും വീട്ടുകാരെയും കൂട്ടി എത്രയും വേഗം എന്റെയടുത്തു വരുക. ഈജിപ്തിലെ ഏറ്റം നല്ല ഭൂമി നിങ്ങൾക്കു ഞാൻ നല്കാം.' (45:17-18) ഫറവോ തുടരുന്നു, 'അവരോടു പറയുക, നിങ്ങളുടെ കുഞ്ഞുങ്ങൾക്കും ഭാര്യമാർക്കും വേണ്ടി ഈജിപ്തിൽനിന്നു രഥങ്ങൾ കൊണ്ടു പോകുക. നിങ്ങളുടെ വസ്തുവകകളെപ്പറ്റി ഉത്കണ്ഠവേണ്ടാ. ഈജിപ്തിലെ ഏറ്റം നല്ലതൊക്കെ നിങ്ങളുടേതായിരിക്കും'. (45:19-20)

ഇസ്രായേൽ മക്കൾക്കു തികച്ചും അന്യനും അന്യനാട്ടുകാരനുമായ ഒരു രാജാവിന് അവരോട് ഇത്രയധികം സ്നേഹവും

പരിഗണനയും തോന്നുന്നതു പരാപരന്റെ പ്രത്യേക പരിലാളനം അല്ലാതെ മറ്റെന്താണ്? അവിടുത്തേയ്ക്ക് അവരോടുള്ള അചഞ്ചലമായ സ്നേഹവും അവർക്കുള്ള അനന്തമായ പരിപാലനയും സവിശേഷമായ രീതിയിൽ അവതരിക്കപ്പെടുകയാണ്. 'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക് അവിടുന്നു സകലതും നന്മക്കായി പരിണമിപ്പിക്കുന്നു. താൻ മുൻകൂട്ടിനിശ്ചയിച്ചവരെ അവിടുന്നുവിളിക്കുന്നു. വിളിച്ചവരെനീതീകരിക്കുന്നു. നീതീകരിക്കുന്ന വരെമഹത്ത്വപ്പെടുത്തുന്നു'. (റോമ. 8:28-30)

സന്തോഷത്താൽ മതിമറന്ന ജോസഫിന്റെ സഹോദരങ്ങൾ സത്വരം തങ്ങളുടെ പിതാവിന്റെ പക്കൽ പാഞ്ഞെത്തുന്നു. അവർണ്ണനീയ മായ സന്തോഷത്തോടും സംതൃപ്തിയോടുമാണ് 'ജോസഫ് ജീവിച്ചിരിക്കുന്നു. അവൻ ഈജിപ്തിന്റെ ഭരണാധിപനാണ്' എന്ന വസ്തുത അവർ തങ്ങളുടെ പിതാവിനെ അറിയിക്കുന്നത്. യാക്കോബ് അത്ഭുതസ്തബ്ധനാവുന്നു. വാർത്ത തികച്ചും അവിശ്വസനീയമായാണ് അവനു തോന്നിയത്. അതു സ്വാഭാവികം മാത്രം. എന്നാൽ, ജോസഫ് പറഞ്ഞതൊക്കെ അവരിൽനിന്നുകേൾക്കുകയും തന്നെ ഈജിപ്തി ലേക്കു കൊണ്ടുപോകാൻ അവൻ അയച്ച രഥങ്ങൾ കാണുകയും ചെയ്തപ്പോൾ യാക്കോബിനു വിശ്വാസമാകുന്നു. ഉന്മേഷവാനായി അവൻ ഉദ്ഘോഷണം ചെയ്യുന്നു, 'എനിക്കു തൃപ്തിയായി. എന്റെ മകൻ ജോസഫ് ജീവിച്ചിരിപ്പുണ്ട്. ഞാൻ മരിക്കും മുമ്പ് അവനെ പോയിക്കാണും'. (45:24-28). സർവശക്തനായ ദൈവത്തിന് എന്താണ് അസാധ്യമായുള്ളത്?

**മകനെക്കാണാൻ വെമ്പൽകൊള്ളുന്ന യാക്കോബ്**

പ്രിയതനയനെ കാണാൻ യാക്കോബിന്റെ പിതൃഹൃദയം വെമ്പൽ കൊള്ളുകയാണ്. മക്കളോടും കുടുംബാംഗങ്ങളോടുമൊപ്പം അവൻ അതിവേഗം യാത്ര പുറപ്പെടുന്നു. യാത്രാമധ്യേ, ബേർഷെബായിൽ എത്തിയ ഉടനെ പിതാക്കന്മാരുടെ ദൈവത്തിനു കൃതജ്ഞതാബലിയർ പ്പിക്കാൻ അവൻ മറക്കുന്നില്ല. ഇസ്രായേലിനുള്ള തന്റെ പ്രത്യേകപരി പാലനആവിഷ്കരിക്കാൻ ഇടയ്ക്കിടയ്ക്ക് അഖിലേശൻ ദർശനങ്ങളി ലൂടെ ഇസ്രായേലിനോടു സംസാരിച്ചുകൊണ്ടിരുന്നു. ഒരു രാത്രി ഉറക്കത്തിൽ അവൻ ദൈവത്തിന്റെ വിളി കേൾക്കുന്നു, 'യാക്കോബേ, യാക്കോബേ', 'ഇതാ ഞാൻ', അവൻ പ്രത്യുത്തരിക്കുന്നു.(46:1-2)

കരുണാവാരിധിയും പരിപാലകനുമായ പരംപൊരുൾ പ്രേമബദ്ധനായി സദാ നമ്മുടെ ഹൃദയകവാടങ്ങളിൽ മുട്ടിവിളിക്കുന്നുണ്ട്. വെളിപാടു പുസ്തകത്തിൽ ഈ സത്യം സുന്ദരമായി സമാവിഷ്കരിച്ചിരിക്കുന്നത് ഇങ്ങനെയാണ്. 'ഇതാ, ഞാൻ വാതിലിൽ

മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം ശ്രവിച്ച് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെയടുത്തു വരും. ഞങ്ങൾ ഒരുമിച്ചുഭക്ഷിക്കുകയുംചെയ്യും.' (3:20) തികച്ചും വൈയക്തികമായ ഈ വിളിക്കു വളരെ വൈയക്തികമായ പ്രത്യുത്തരമാണു വിശ്വേശ്വരൻ പ്രതീക്ഷിക്കുന്നത്. എന്റെ ഹൃദയം തുറക്കാൻ എനിക്കു മാത്രമല്ലേ കഴിയൂ?

ദൈവം യാക്കോബിന് ഉറപ്പുനല്കുന്നു, 'ഞാൻ ദൈവമാണ്, നിന്റെ പിതാവിന്റെ ദൈവം. ഈജിപ്തിലേക്കു പോകാൻ ഭയപ്പെടേണ്ടാ. കാരണം, അവിടെ ഞാൻ നിന്നെ ഒരു വലിയ ജനമായി വളർത്തും. ഞാൻ നിന്റെ കൂടെ ഈജിപ്തിലേയ്ക്കു വരും. നിന്നെ തിരികെ കൊണ്ടു വരുകയും ചെയ്യും. മരണസമയത്തു ജോസഫ് നിന്നെ ശുശ്രൂഷിക്കും'. (46:1-4) ഇസ്രായേലിനെ പേരു ചൊല്ലി വിളിച്ചു വഴി നടത്തുന്ന, കരുതുന്ന, കാക്കുന്ന, സംരക്ഷിക്കുന്ന, കാരുണ്യമൂർത്തിയായ പരാപരൻ! തന്റെ തിരുഹിതാനുസൃതംപ്രവർത്തിക്കുന്നവരുടെ ചെറുതുംവലുതുമായ എല്ലാആവശ്യങ്ങളുംആഗ്രഹങ്ങളും അവിടുന്നു സാധിച്ചുകൊടുക്കുന്നു. എപ്പോഴും ദൈവഹിതം നിറവേറ്റുകയാവണം നമ്മുടെ ഭക്ഷണം. (യോഹ. 4:34)

**യാക്കോബ് ബേർഷെബായിൽ**

കർത്താവിന്റെ വാഗ്ദാനങ്ങളിൽ അടിയുറച്ചു വിശ്വസിച്ചു കൊണ്ട് യാക്കോബ് ബേർഷെബായിൽ നിന്നു യാത്രയാവുന്നു. ഇസ്രായേൽ മക്കളെല്ലാവരും തങ്ങളുടെ കന്നുകാലികളും കാനാൻ ദേശത്തുണ്ടായിരുന്ന എല്ലാവസ്തുവകകളുമായാണ് അവൻ പുറപ്പെട്ടത്. ദൈവത്തിന്റെ അത്ഭുതാവഹവും അഗ്രാഹ്യവുമായ പദ്ധതിപ്രകാരം അവർ ഈജിപ്തിലെത്തുന്നു. (46:5-7). ഫറവോ നിർദ്ദേശിച്ചു കൊടുത്ത ഗോഷെനിൽ അവർ താവളമടിക്കുന്നു. പിതാവിനെ സ്വീകരിക്കാൻ രഥമൊരുക്കി അതുമായി ജോസഫ് അവിടെ എത്തുന്നു. അവരിരുവരും ആലിംഗനബദ്ധരായി ദീർഘനേരം സന്തോഷാശ്രുക്കൾ പൊഴിക്കുന്നു.

ദൈവം തനിക്കു ചെയ്ത കൃപയിൽ സമ്പൂർണ്ണ സന്തുഷ്ടനും കൃതജ്ഞനുമാണു യാക്കോബ്. അവന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'ഇനി ഞാൻ മരിച്ചുകൊള്ളട്ടെ. എന്തെന്നാൽ, ഞാൻ നിന്റെ മുഖം കാണുകയും നീ ജീവനോടെ ഇരിക്കുന്നുവെന്ന് അറിയുകയും ചെയ്തിരിക്കുന്നു' (46:30) ഹൃദയാവർജ്ജകവും അവിസ്മരണീയവുമായ വാക്കുകൾ! യാക്കോബിനെസ്സംബന്ധിച്ചിടത്തോളം ഈ മകൻ 'മരിച്ച'വനായിരുന്നു. ഇപ്പോൾ ഇതാ ദൈവം അവനെ ജീവിപ്പിച്ചിരിക്കുന്നു! നഷ്ടപ്പെട്ടവനായിരുന്നു. അവനെ കണ്ടുകിട്ടിയിരിക്കുന്നതിന്റെ ആനന്ദം അലയടിച്ചുയരുകയാണ് തിരതല്ലുകയാണ്. വാചാമഗോചരമാണ് അവന്റെ സന്തോഷവും സംതൃപ്തിയും.

ജോസഫ് തിടുക്കത്തിൽ ചെന്നു ഫറവോയെ വിവരം അറിയിക്കുന്നു. തന്റെ പിതാവിനെ അവനു പരിചയപ്പെടുത്തുന്നു. യാക്കോബ് ഫറവോയെ അനുഗ്രഹിക്കുന്നു. അവന്റെ അംഗീകാരത്തോടെ പിതാവിനെയും സഹോദരങ്ങളെയും ഉള്ളംകൈയിലെന്ന പോലെ ജോസഫ് കാത്തുസംരക്ഷിക്കുന്നു. അവൻ അവർക്ക് ദൈവപരിപാലനയുടെ ശക്തമായ ഉപകരണമാണ് . സങ്കീർത്തകന്റെ സ്വരം എത്ര സംഗതമാണിവിടെ!

'അപരിചിതമായ ഒരുശബ്ദം ഞാൻകേൾക്കുന്നു;
ഞാൻ നിന്റെതോളിൽനിന്നു ഭാരംഇറക്കിവെച്ചു;
നിന്റെകൈകളെ കുട്ടയിൽനിന്നുവിടുവിച്ചു.
കഷ്ടകാലത്തു നീ എന്നെവിളിച്ചപേക്ഷിച്ചു;
ഞാൻ നിന്നെ മോചിപ്പിച്ചു.....

നീ വാതുറക്കുക, ഞാൻനിനക്കുഭക്ഷിക്കാൻതരാം (81:6-7, 10)

**കൊടുത്തു മതിവരാത്ത സ്നേഹം**

കാലങ്ങൾ കഴിയുന്നു. യാക്കോബിനു വാർദ്ധക്യമാവുന്നു. ക്ഷീണം വർദ്ധിക്കുന്നു. തന്റെപിതാവിനുസുഖമില്ലെന്ന് അറിഞ്ഞ ഉടനെ ജോസഫ് മക്കളായ മനാസ്സെയെയുംഎഫ്രായിമിനെയുംകൂട്ടി പിതാവിന്റെ പക്കലേയ്ക്കു പോകുന്നു. അവരെക്കണ്ടപ്പോൾ യാക്കോബു പറയുന്ന വാക്കുകൾ അവനോട് അഖിലേശൻ പ്രദർശിപ്പിക്കുന്ന അഗാധമായ സ്നേഹവും, പരിപാലനയും വ്യക്തമാക്കാൻ പോന്നവയാണ്. കുട്ടികളെ ചുംബിച്ചുകൊണ്ടു ജോസഫിനോട് അവൻപറയുന്നു. 'നിന്റെ മുഖം കാണുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ, ഇതാ, നിന്റെ മക്കളെക്കൂടി കാണാൻ കർത്താവ് എന്നെ അനുവദിച്ചിരിക്കുന്നു'. (48:11) കൊടുത്തുമതിവരാത്തതാണല്ലോ മഹേശ്വരസ്നേഹം!

മനാസ്സെയെയും എഫ്രായിമിനെയും അനുഗ്രഹിച്ചുകൊണ്ടു യാക്കോബു പറയുന്നവാക്കുകളും ദൈവത്തിന്റെ പരിപാലനാവൈഭവം നിതരാം പ്രസ്പഷ്ടമാക്കുന്നവതന്നെ. "എന്റെ പിതാക്കന്മാരായ അബ്രാഹവും, ഇസഹാക്കും ആരാധിച്ചിരുന്ന ദൈവം, എന്റെ ജീവിതകാലം മുഴുവൻ, ഇന്നുവരെ, എന്റെ ഇടയനായിരുന്ന ദൈവം, എല്ലാ തിന്മകളിൽനിന്നും എന്നെ കാത്തു പരിപാലിച്ച ദൈവം, ഈ ബാലന്മാരെ അനുഗ്രഹിക്കട്ടെ!" (48:15-16)

ഒരു നിമിഷം നിൻ സന്നിധിയിൽ
എല്ലാം മറന്നു ഞാൻ നിൽക്കുന്നു!
പിതാവേ, പിതാവേ, നിൻ പരിപാലനാവൈഭവം കാണാൻ
നീയെന്റെ ഉൾക്കണ്ണു തുറന്നാലും!

**ഇസ്രായേലിന്റെ പാറയായ ഇടയൻ**

ജോസഫിനുള്ള അനുഗ്രഹത്തിന്റെ ഭാഗമായി യാക്കോബു പറയുന്ന വചസ്സുകളും പരിലാളനം വിളിച്ചോതുന്നു. 'യാക്കോബിന്റെ ശക്തനായ ദൈവം - ഇസ്രായേലിന്റെ പാറയായ ഇടയൻ-തന്റെ കൈകൾ കൊണ്ട് അവന്റെ കൈകളെ ശക്തിപ്പെടുത്തി. നിന്റെ പിതാവിന്റെദൈവംനിനക്കുതുണയായിരിക്കും.' (49:24-25) ദൈവ പരിപാലന വ്യക്തമാക്കാൻ വിശുദ്ധലിഖിതത്തിൽ ഏറ്റം അധികമായി ഉപയോഗിച്ചിരിക്കുന്നസാദൃശ്യമാണ് 'ഇടയൻ'. ഇരുപത്തിമൂന്നാം സങ്കീർത്തനം കർത്താവിനെ ഇടയനായാണു ചിത്രീകരിക്കുക.

കർത്താവാണ് എന്റെ ഇടയൻ,
എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.
പച്ചയായ പുൽത്തകിടിയിൽ
അവിടുന്നെനിക്കു വിശ്രമമരുളുന്നു.
പ്രശാന്തമായജലാശയത്തിലേയ്ക്ക്
അവിടുന്ന്എന്നെനയിക്കുന്നു
അവിടുന്നെനിക്കുന്മേഷം നൽകുന്നു.
തന്റെനാമത്തെപ്രതി നീതിയുടെ
പാതയിൽഎന്നെനയിക്കുന്നു.
മരണത്തിന്റെനിഴൽവീണ
താഴ്‌വരയിലൂടെയാണ്
ഞാൻ നടക്കുന്നതെങ്കിലും,
അവിടുന്നുകൂടെയുള്ളതിനാൽ
ഞാൻഭയപ്പെടുകയില്ല,
അങ്ങയുടെ ഊന്നുവടിയും
ദണ്ഡും എനിക്ക് ഉറപ്പേകുന്നു.
എന്റെശത്രുക്കളുടെമുമ്പിൽ
അവിടുന്നെനിക്കു വിരുന്നൊരുക്കുന്നു.
അവിടുത്തെ നന്മയും കരുണയും
ജീവിതികാലം മുഴുവൻ എന്നെ അനുഗമിക്കും.

എസക്കിയേൽ പ്രവാചകനിലൂടെ ദൈവം പറയുന്നു, 'ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമസ്ഥലം നൽകും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴിതെറ്റിപ്പോയതിനെ ഞാൻ തിരികെകൊണ്ടുവരും. മുറിവേറ്റതിനെ ഞാൻവച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും. കൊഴുത്തതിനെയും ശക്തിയുള്ളതിനെയും ഞാൻസംരക്ഷിക്കും. നീതിപൂർവം ഞാൻ അവയെപോറ്റും. കർത്താവായഞാൻഅവരുടെ ദൈവമായിരിക്കും. അവരുമായി സമാധാനഉടമ്പടി ഞാൻ ഉറപ്പിക്കും. അവരെയും എന്റെ

മലയ്ക്കു ചുറ്റുമുള്ള സ്ഥലങ്ങളെയും ഞാൻ അനുഗ്രഹിക്കും. ഞാൻ അവർക്കു സമൃദ്ധിയുള്ള തോട്ടങ്ങൾ പ്രദാനം ചെയ്യും'. (എസ. 34:15-24)

**നല്ല ഇടയൻ**

സെന്റ് ജോൺ നല്ലയിടയനെ ഏറ്റം ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നുണ്ട്. 'ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്. ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നു. ഇടയനല്ലാത്തവനും ആടുകൾസ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ്‌വരുന്നതു കാണുമ്പോൾ ആടുകളെ വിട്ട് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിച്ചു കളയുകയും ചെയ്യുന്നു. ഈ തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടു വരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒറ്റിൻ പറ്റവും ഒരിടയനുമാകും' (10:10-16) പാദാൻ ആരാമിൽ നിന്നും മടങ്ങവേ യാക്കോബിനു ദൈവം നല്കിയ അനുഗ്രഹം ഇത്തരുണത്തിൽ അനുസ്മരിക്കുന്നത് അവസരോചിതമാണ്. "യാക്കോബ് എന്നാണു നിന്റെ പേര്. എന്നാൽ, ഇനിമേലിൽ യാക്കോബെന്നല്ല, 'ഇസ്രായേൽ' എന്നായിരിക്കും നീ വിളിക്കപ്പെടുക.... ഞാൻ സർവശക്തനായ ദൈവമാണ്. നീ സന്താനപുഷ്ടിയുണ്ടായി പെരുകുക. ജനതയും ജനതയുടെഗണങ്ങളുംനിന്നിൽനിന്ന്ഉദ്ഭവിക്കും. രാജാക്കന്മാരും നിന്നിൽ നിന്നുജന്മമെടുക്കും. അബ്രാഹത്തിനും ഇസഹാക്കിനും ഞാൻ നല്കിയ നാട് നിനക്കും നിന്റെ സന്താനപരമ്പരകൾക്കും ഞാൻ നല്കും." (35:9-12) ഇസ്രായേൽ മക്കളിൽനിന്നാണല്ലോ രാജാധിരാജൻ, കർത്താധികർത്തൻ പിറന്നത്!

ഉൽപത്തിപ്പുസ്തകം സമാപിക്കുന്നതു ദൈവപരിപാലനയെക്കുറിച്ചുള്ള പൂർവയൗസേപ്പിന്റെ പ്രഖ്യാപനത്തോടെയാണ്. പിതാവിന്റെ മരണം കഴിഞ്ഞപ്പോൾ ജോസഫ് തങ്ങളെ വെറുക്കുകയും പ്രതികാരം ചെയ്യുകയും ചെയ്യുമെന്ന് അവന്റെ സഹോദരങ്ങൾ ഭയപ്പെടുന്നു. പിതാവിന്റെ കല്പനപ്രകാരം എന്നു പറഞ്ഞ് അവർ ഒരു ദൂതനെ ജോസഫിന്റെ പക്കലയച്ച് അവനെ ഉണർത്തിക്കുന്നു. 'അങ്ങയുടെ സഹോദരന്മാരുടെ തെറ്റുകളും കുറ്റങ്ങളും ദയവായി അവരോടു ക്ഷമിക്കുക. അവർ അങ്ങയെ ദ്രോഹിച്ചു. അങ്ങയുടെ പിതാവിന്റെ ദൈവത്തിന്റെ ദാസന്മാരുടെ തെറ്റുകൾ പൊറുക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.' (50:17)

**അത്ഭുതകരമായ പ്രതികരണം**

സഹോദരങ്ങളുടെ ചിന്ത സ്വാഭാവികവും തികച്ചും മാനുഷികവുമാണ്. പക്ഷേ ജോസഫിന്റെ പ്രതികരണം തികച്ചും അതിസ്വാഭാവികവും

ദൈവികവുമാണ്. രക്ഷാകരമായ പ്രതികരണം! രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരെല്ലാം തിന്മയോടു പ്രതികരിക്കേണ്ടത് ഇങ്ങനെയാണ്. സഹോദരന്മാർ അവന്റെ കാൽക്കൽ വീണ്. 'ഞങ്ങൾ അങ്ങയുടെ ദാസന്മാരാണ്' എന്ന് ഏറ്റം എളിമപ്പെട്ട്, തികഞ്ഞ അനുതാപത്തോടെ പറഞ്ഞപ്പോൾ ജോസഫ് നല്കിയ മറുപടി ശ്രദ്ധിക്കുക 'നിങ്ങൾ പേടിക്കേണ്ട... നിങ്ങൾ എനിക്കു തിന്മ ചെയ്തു. പക്ഷേ, പരമകാരുണികൻ അതു നന്മയായി പരിണമിപ്പിച്ചു. ഇന്നു കാണുന്നതുപോലെ അനേകം പേരുടെ ജീവൻ രക്ഷിക്കാൻ വേണ്ടിയാണ് അവിടുന്ന് അതു ചെയ്തത്. അതുകൊണ്ടു ഭയപ്പെടേണ്ടാ. നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും ഞാൻ സംരക്ഷിച്ചുകൊള്ളാം. അങ്ങനെ അവൻ അവരെ ധൈര്യപ്പെടുത്തുകയും സാന്ത്വനപ്പെടുത്തുകയും ചെയ്തു'. (50:18-21) ദൈവപിതാവിന്റെ സ്നേഹത്തിന്റെയും കരുണയുടെയും ക്ഷമയുടെയും പ്രതീകമല്ലേ ജോസഫ്?

അദ്ധ്യായം
അഞ്ച്

# ഇസ്രായേലും മോശയും

## ഇസ്രായേൽ പരീക്ഷിക്കപ്പെടുന്നു

പുറപ്പാടിന്റെ പുസ്തകത്തിലെ ഇതിവൃത്തം തന്നെ ദൈവപരിപാലനയാണ്. ഇസ്രായേൽ മക്കൾക്കു നൽകപ്പെട്ട വാഗ്ദാനങ്ങളെല്ലാം അക്ഷരശഃ നിറവേറുന്നു. ഇസ്രായേൽജനം വർദ്ധിച്ചു വളരെയധികം ശക്തിപ്രാപിക്കുകയും രാജ്യം മുഴുവൻ വ്യാപിക്കുകയും ചെയ്യുന്നു. (പുറ.1:7)* പക്ഷേ അവർക്കു പരീക്ഷണഘട്ടവും തുടങ്ങുന്നു. ജോസഫ് തന്റെ നൂറ്റിപ്പത്താമത്തെ വയസ്സിൽ മരിക്കുന്നു. (ഉൽപ.50:26) അവന്റെ മരണശേഷം ഒരു പുതിയ രാജാവ് ഈജിപ്തിൽ ഭരണാധിപതിയാവുന്നു.

## പുതിയ രാജാവ്

പുതിയരാജാവിനു ജോസഫിനെക്കുറിച്ചോ, അവന്റെ സേവനങ്ങളെക്കുറിച്ചോ ഒന്നും അറിയാമായിരുന്നില്ല. ഇസ്രായേല്യരുടെ അഭൂതപൂർവമായ വളർച്ചയും പുരോഗതിയും കണ്ട് അവൻ അസൂയാലുവും ഭയവിഹ്വലനുമായി. ഈജിപ്തുകാരോട് അവൻ പറയുന്നു, 'നോക്കുവിൻ! ഇസ്രായേൽജനത്തിന്റെ എണ്ണവും ശക്തിയും നമ്മുടേതിനേക്കാൾ അധികമായിരിക്കുന്നു. ഒരു യുദ്ധമുണ്ടായാൽ ഇവർ ശത്രുപക്ഷം ചേർന്ന് നമുക്കെതിരായി പൊരുതുകയും അങ്ങനെ രാജ്യം കൈവിട്ടുപോകുകയും ചെയ്തേക്കാം'. (1:8-10) അധികാരമോഹവും സ്ഥാനതൃഷ്ണയും ആളിക്കത്തിക്കുന്ന അസൂയയും ഭയവും!

ഇസ്രായേൽജനത്തെ നിലയ്ക്കു നിറുത്താൻ തന്നെ ഈജിപ്തുരാജാവു തീരുമാനിക്കുന്നു. ആദ്യപടിയായി അവരെക്കൊണ്ടു കഠിനാധ്വാനം ചെയ്യിച്ച് അവരെ ഞെരുക്കുന്നു. അതിക്രൂരന്മാരായ മേൽനോട്ടക്കാരെ അവരുടെ മേൽ അയാൾ നിയമിക്കുന്നു. പക്ഷേ, ദൈവം തന്റെജനത്തോടൊപ്പം എപ്പോഴുമുണ്ടായിരുന്നു. അതുകൊണ്ട് ഫറവോ പീഡിപ്പിക്കുന്തോറും അവർ വർദ്ധിക്കുകയും വ്യാപിക്കുകയും ശക്തിപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. നോട്ടക്കാർ ഇസ്രായേൽ

* ഇനിയുള്ള പ്രതിപാദ്യം പ്രധാനമായും 'പുറപ്പാടി'ന്റെ പുസ്തകമായതു കൊണ്ട് അതിൽ നിന്നെടുക്കുന്ന തുടർന്നുള്ള ഉദ്ധരണികൾക്ക് അധ്യായവും വാക്യങ്ങളും മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.

മക്കളെക്കൊണ്ട് നിർദ്ദയം അടിമവേല ചെയ്യിക്കാൻതുടങ്ങി. അതിക്രൂരമായ മർദ്ദനമുറകളാണ് അവർ അഴിച്ചു വിട്ടത്. മർദ്ദനത്തിന്റെ നുകത്തിൻകീഴിൽ ഇസ്രായേൽ ഞെരിഞ്ഞമരുന്നുണ്ട്.

ഇസ്രായേല്യർ എണ്ണത്തിൽ വർദ്ധിക്കാതിരിക്കാൻ കഠോരമായ മറ്റനവധി അടവുകളുംപ്രയോഗിക്കപ്പെടുന്നു. അവരുടെ ആൺകുട്ടികളെ ജനനസമയത്തുതന്നെ വധിച്ചു കളയാൻ സൂതികർമ്മിണികൾക്കു രാജാവു കൽപന നൽകുന്നു! എന്നാൽ രാജാവിനേക്കാൾ ദൈവത്തെ അവർ സ്നേഹിച്ചിരുന്നതിനാൽ, അവർ ദൈവഭയമുള്ളവരായിരുന്നതിനാൽ സൂതികർമ്മിണികൾ രാജശാസനം അനുസരിച്ചില്ല. ആൺകുട്ടികളെയും ജീവിക്കാൻ അവർ അനുവദിച്ചു. തന്മൂലം ദൈവം അവരോടു വലിയ കൃപ കാണിച്ചു. (1:15-21)

തന്റെ ലക്ഷ്യം പരാജയമാണെന്നു മനസ്സിലാക്കിയ മഹാരാജാവു പ്രജകളോടു പൊതുവായി കൽപിക്കുന്നു, 'ഹെബ്രായർക്കു ജനിക്കുന്ന ആൺകുട്ടികളെയെല്ലാം നൈൽനദിയിൽ എറിഞ്ഞുകളയുവിൻ'. അങ്ങനെ നിഷ്കളങ്കരായ നിരവധി പിഞ്ചോമനകൾ നിഷ്കരുണം നിഹനിക്കപ്പെട്ടു. എങ്കിലും ഈശ്വരപരിപാലന ഇസ്രായേൽ മക്കൾക്ക് അനുസ്യൂതം അനുഭവവേദ്യമായിക്കൊണ്ടിരുന്നു. അവിടുത്തെ പരിലാളനം പ്രകടമാക്കപ്പെടുന്ന അവിസ്മരണീയമായ ഒരു സംഭവം നടക്കുന്നു.

**മോശയുടെ ജനനം**

ലേവിഗോത്രത്തിൽപ്പെട്ട മാതാപിതാക്കൾക്ക് ഒരു മകൻ ജനിക്കുന്നു. തികഞ്ഞ ആരോഗ്യവാനും അതീവകോമളുമായിരുന്ന ആ കുഞ്ഞിനെ അവന്റെമാതാവ് മൂന്നുമാസം വരെ രഹസ്യത്തിൽ വളർത്തുന്നു. ആ മാതാവിന്റെ ആത്മധൈര്യം അഖിലേശ പരിപാലനയുടെ പ്രകാശനമാണ്. എന്നാൽ, തുടർന്നു കുട്ടിയെ രഹസ്യത്തിൽ വളർത്തുക അവൾക്കു ദുഷ്കരമായി. അപ്പോൾ അഖിലേശ്വരൻ അവളുടെ മനസ്സിൽ ഒരാശയം ഉദിപ്പിക്കുന്നു. രാജശാസനം അനുസരിച്ചെന്നു വരുത്തുകയും എന്നാൽ കുഞ്ഞിനു രക്ഷപെടാൻ വഴിയുണ്ടാകുമോ എന്നു പരിശോധിക്കുകയും ചെയ്യുക. കുഞ്ഞിനോടുള്ള അവളുടെ സ്നേഹം അത്ര അഗാധമായിരുന്നു. തന്റെ ജനത്തോടുള്ള ദൈവത്തിന്റെ അനന്തമായസ്നേഹം ആ അമ്മയിലൂടെ ആവിഷ്കരിക്കപ്പെടുകയായിരുന്നു!

സ്നേഹസ്വരൂപന്റെ സ്നേഹലാളനം സാർത്ഥകമാകുന്ന രീതിയും അത്യന്തം വിസ്മയാവഹം തന്നെ. ഞാങ്കണകൊണ്ടു നെയ്ത് കളിമണ്ണും താറും പൂശി ഒരു പേടകം ആ സ്നേഹജനനി സജ്ജീകരിക്കുന്നു. താങ്ങാനാവാത്ത കദനഭാരത്തോടെ, മനസ്സില്ലാമനസ്സോടെ, ഗത്യന്തര

മില്ലാത്തതിനാൽ പൊന്നോമനയെ പേടകത്തിൽകിടത്തി നൈൽ നദിയുടെ തീരത്തുള്ളയിരുന്ന ഞാങ്ങണച്ചെടികളുടെ ഇടയിൽ അവൾ ഭദ്രമായി വയ്ക്കുന്നു. കുഞ്ഞിന് എന്ത് സംഭവിക്കുമെന്നു നോക്കി അകലെയല്ലാതെ തന്റെമകളെ അവൾ കാവൽ നിറുത്തുന്നു. ആകാംക്ഷയോടെ കാത്തുനിൽക്കുകയാണ് ആ പെൺകുട്ടി. ദൈവപരി പാലന പ്രാവർത്തികമാകുന്നതു നോക്കുക.

ഏതാണ്ട് അതേ സമയത്ത് ഫറവോയുടെ പുത്രി അവിടെ കുളിക്കാൻ വരുന്നു. അവളുടെ തോഴിമാർ തീരത്തുടെ നടന്നുല്ലസിക്കുക യാണ്. രാജകുമാരി കുളിക്കാനിറങ്ങുന്നു. ഞാങ്ങണച്ചെടികളുടെയിടയിൽ സൂക്ഷിച്ചിരുന്ന പേടകം അവൾ കാണുന്നു. അവൾ ദാസിമാരിൽ ഒരാളെ വിളിച്ചിറക്കി ആ പേടകം എടുപ്പിക്കുന്നു. അതുതുറന്നുനോക്കിയപ്പോൾ കരഞ്ഞുകരഞ്ഞു തളർന്നുകിടക്കുന്ന കോമളകളേബരനായ ഒരു കുഞ്ഞിനെയാണ് അവൾ കണ്ടത്! അവൾക്ക് ആ കുഞ്ഞിനോട് അതിറ്റ വാത്സല്യവും അനുകമ്പയും തോന്നുന്നു. അഖിലേശപരിലാളനം അപ്രതീക്ഷിതവും അത്ഭുതാവഹവുമായ രീതിയിൽ ആവിഷ്കരിക്ക പ്പെടുന്നതാണ് നാം ഇവിടെ കാണുക!

**പെറ്റമ്മ പോറ്റമ്മയാകുന്നു**

രംഗം കണ്ടുകൊണ്ടു നിന്ന കുട്ടിയുടെ സഹോദരി ഫറവോയുടെ പുത്രിയുടെ പക്കൽ ഓടിയെത്തി ആരായുന്നു. 'നിനക്കുവേണ്ടി ഈകുട്ടിയെ മുലയൂട്ടിവളർത്താൻ ഒരു ഹെബ്രായസ്ത്രീയെ ഞാൻ വിളിച്ചുകൊണ്ടുവരട്ടെയോ'? (2:7) ശിശു ഹെബ്രായനാണെന്നു രാജകുമാരി മനസ്സിലാക്കിയിരുന്നു. പരാപരപരിലാളനം പ്രവൃത്യുന്മുഖ മാകുന്നു. 'അങ്ങനെയാവട്ടെ', അവൾ സസന്തോഷം സമ്മതിക്കുന്നു. പെൺകുട്ടി പോയി ആ ശിശുവിന്റെ അമ്മയെ തിടുക്കത്തിൽ കൂട്ടി ക്കൊണ്ടുവരുന്നു. രാജകുമാരി ആ സ്ത്രീയോടു പറയുന്നു. 'ഈ ശിശുവിനെ കൊണ്ടുപോയി എനിക്കു വേണ്ടി മുലയൂട്ടി വളർത്തുക. ഞാൻ നിനക്കു ശമ്പളം തന്നുകൊള്ളാം'. (2:1-10)

മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ രീതിയിലാണല്ലോ പലപ്പോഴും ദൈവപരിപാലന പ്രാവർത്തികമാവുക. ഇതു ഗ്രഹിച്ച് ആ അനന്തപരിപാലനയ്ക്കു പരിപൂർണ്ണമായി വിട്ടുകൊടുക്കാൻ നമുക്കു കഴിയുന്നുണ്ടോ? ഇന്നു പലർക്കും ദൈവത്തിലുള്ള വിശ്വാസവും അവിടുത്തെ സംരക്ഷണത്തിലുള്ള ആശ്രയബോധവും തുലോം കുറഞ്ഞുകൊണ്ടിരിക്കുകയല്ലേ? ദൈവത്തിന് അസാധ്യമായി ഒന്നുമില്ലായെന്ന് ഉറച്ചുവിശ്വസിക്കാൻ നമ്മിൽ എത്രപേർക്കു കഴിയുന്നുണ്ട്? നിത്യരക്ഷ പ്രാപിക്കാൻ അത്തരം വിശ്വാസം അത്യന്താപേക്ഷിതമാണ്. പൂർവപിതാക്കളെല്ലാം-ആബേൽ, നോഹ,

അബ്രാഹം, ജോബ്-വിശ്വാസത്തിലധിഷ്ഠിതമായ ജീവിതമാണല്ലോ നയിച്ചിരുന്നത്. അവർ കണ്ണുമടച്ചുവിശ്വസിക്കുകയാണ് ചെയ്തത്. അവരുടെ വിശ്വാസം അവർക്കുനീതീകരണമായി, നിത്യരക്ഷയായി.

## വിശ്വാസം അവശ്യാവശ്യകം

പേടിപ്പെടുത്തുന്നപ്രതിഭാസങ്ങളുടെനടുവിൽ നമ്മുടെ ജീവിതനൗകയെ ഉറപ്പിച്ചുനിറുത്തേണ്ട നങ്കൂരം വിശ്വാസമാണ്. 'നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ സിക്കമിൻ വൃക്ഷത്തോട് ചുവടോടെ ഇളകി കടലിൽ ചെന്നുവേരുറയ്ക്കുക എന്നു പറഞ്ഞാൽ അതു നിങ്ങളെ അനുസരിക്കും'.(ലൂക്കാ.17:6) ജനബാഹുല്യം നിമിത്തം യേശുവിന്റെ മുമ്പിൽ എത്തിക്കാൻ കഴിയാതെ വന്നപ്പോൾ പുരമുകളിൽ കയറി ഓടിളക്കി കിടക്കയോടെ തളർവാതരോഗിയെ അവിടുത്തെ മുമ്പിലേയ്ക്കിറക്കിയവരുടെ വിശ്വാസം രോഗിക്കു പാപമോചനവും രോഗസൗഖ്യവും നേടിക്കൊടുത്തില്ലേ? (ലൂക്കാ.5:18-26) 'അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു സ്പർശിച്ചാൽ മാത്രം മതി, എനിക്കു സൗഖ്യം കിട്ടും' എന്നു ഹൃദയത്തിൽ വിശ്വസിച്ച രക്തസ്രാവക്കാരി സ്ത്രീയുടെ വിശ്വാസത്തെ കർത്താവു മുക്തകണ്ഠം പ്രശംസിക്കുന്നു; ഒപ്പം അവൾക്കു സമ്പൂർണ്ണമായസൗഖ്യവും സമ്മാനിക്കു. 'മകളേ, ധൈര്യമായിരിക്കുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.' (മത്താ.9:22) ആ നിമിഷം മുതൽ അവൾ പരിപൂർണ്ണ സൗഖ്യം പ്രാപിച്ചു. ഈശ്വരപരിലാളനത്തിലുള്ള കലർപ്പില്ലാത്ത, കലവറയില്ലാത്ത, വിശ്വാസം കൈമുതലാക്കി യഥാർത്ഥ സൗഖ്യവും സമാധാനവും സ്വന്തമാക്കാൻ മാനവരാശിക്കു കഴിഞ്ഞിരുന്നെങ്കിൽ!

കുഞ്ഞിന്റെ പെറ്റമ്മ പോറ്റമ്മയായി പരിണമിക്കുന്നതും പരിപാലനയുടെ ഭാഗമല്ലേ? രാജകുമാരിയുടെ നിർദ്ദേശപ്രകാരം അമ്മ കുഞ്ഞിനെക്കൊണ്ടുപോയിനിർഭയംവളർത്തുന്നു. പ്രായമായപ്പോൾ, അവൾ അവനെ ഫറവോയുടെ പുത്രിയുടെപക്കൽ കൊണ്ടുചെല്ലുന്നു. രാജകുമാരി അവനെ പുത്രനായി സ്വീകരിക്കുന്നു. 'ഞാൻ അവനെ വെള്ളത്തിൽ നിന്നെടുത്തു' എന്നു പറഞ്ഞ് അവൾ അവനു മോശ എന്നു പേരിടുന്നു. പൂർവയൗസേപ്പ് ദൈവപരിപാലനയിൽ, ഈജിപ്തിന്റെ മുഴുവൻ ഭരണാധികാരിയായി വാണു. ഇസ്രായേലിന്റെ വിമോചകനായി വിളങ്ങേണ്ട മോശ രാജകുമാരനായി വളർന്നു വരുന്നു! എല്ലാം ദൈവപരിപാലന!

പ്രായപൂർത്തിയാകുന്നതുവരെ മോശ രാജകൊട്ടാരത്തിൽത്തന്നെയാണുവളർന്നത്. ആ സമയത്താണ് സഹജനായ ഹെബ്രായനെ ഒരു ഈജിപ്തുകാരൻ നിഷ്ഠുരം പ്രഹരിക്കുന്നത് അവൻ കണ്ടത്. ദുഃഖം താങ്ങാനാവാതെ അവൻ ആ ഈജിപ്തുകാരനെ കൊന്നുമറവുചെയ്തു.

ഈ വിവരം ഫറവോയുടെ ചെവിയിലെത്തുന്നു. അവൻ മോശയെ വധിക്കാൻ തീരുമാനിക്കുന്നു. വസ്തുത ഗ്രഹിച്ച ആ ഇസ്രായേൽമകൻ ഒളിച്ചോടി മിദിയാനിലെത്തുന്നു. അടിമത്തത്തിന്റെ നുകത്തിൻകീഴിൽ ഇസ്രായേൽജനം ഇനിയുംഞെരിഞ്ഞമരുകയാണ്. അവരുടെ ദീനരോദനം അഖിലേശകർണ്ണങ്ങളിൽ പതിയുന്നു. അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടി ഉടയവൻ അനുസ്മരിക്കുന്നു. അവിടുന്നു ജനത്തെ കടാക്ഷിക്കുന്നു (2:24-25)

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനാണു മോശ. തന്റെ ജനത്തെ ഈജിപ്തിൽനിന്നുവിമോചിപ്പിച്ചു വാഗ്ദാനഭൂമിയായ കാനാൻ ദേശത്തേയ്ക്കു നയിക്കാൻ അവൻ നിയോഗിതനാകുന്ന രംഗം ഓർക്കുക ദൈവാനുഭവത്തിന് ഏറെ സഹായകമായിരിക്കും. അവൻ ആടുമേയിച്ച് ദൈവത്തിന്റെമലയായഹോറെബിന്റെ അടുത്തെത്തുന്നു. (3:1) അത്ഭുതങ്ങൾ പരിപാലനയുടെ ഭാഗമാണ്. അതാ അത്ഭുതം സംഭവിക്കുന്നു. അവിടെ ഒരു മുൾപ്പടർപ്പിന്റെ മധ്യത്തിൽ നിന്നു ജ്വലിച്ചുയർന്ന അഗ്നിയിൽ കർത്താവ് അവനു പ്രത്യക്ഷപ്പെടുന്നു. അവൻ ഉറ്റു നോക്കുകയായി. അത്ഭുതമേ, മുൾപ്പടർപ്പു കത്തിജ്വലിക്കുകയാണ്. എങ്കിലും അത് എരിഞ്ഞു ചാമ്പലാകുന്നില്ല.

അപ്പോൾ മോശ പറയുന്നു, 'ഈ മഹാദൃശ്യം ഞാൻ അടുത്തു ചെന്നൊന്നുകാണട്ടെ. മുൾപ്പടർപ്പ്എരിഞ്ഞുചാമ്പലാകുന്നില്ലല്ലോ'! (3:3) അവൻ അതു കാണുന്നതിന് അടുത്തു ചെല്ലുന്നതു കർത്താവു കാണുന്നു. മുൾപ്പടർപ്പിന്റെമധ്യത്തിൽനിന്നുദൈവംഅവനെവിളിച്ച് അരുൾചെയ്യുന്നു, 'അടുത്തു വരരുത്. നിന്റെ ചെരിപ്പ് അഴിച്ചു മാറ്റുക. എന്തെന്നാൽ നീ നിൽക്കുന്നസ്ഥലം പരിശുദ്ധമാണ്'. (3:5) തുടർന്ന് അവിടുന്നു മോശയ്ക്കു വെളിപ്പെടുത്തുന്നു, 'ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്; അബ്രാഹത്തിന്റെയും, ഇസഹാക്കിന്റെയും, യാക്കോബിന്റെയും ദൈവം'. (3:6) ഈശ്വരപ്രഭാപൂരത്തിൽ മുഖം മറയ്ക്കാൻ അവൻ നിർബന്ധിതനാകുന്നു. ദൈവത്തിന്റെ നേരേനോക്കാൻ അവനു ഭയമുണ്ടായിരുന്നു.

മോശയുടെ ഈ ഭയം ക്രമേണ മാറി. അവൻ ദൈവഹിതത്തിനു പൂർണ്ണതുറവി ഉള്ളവനാകുന്നു. എന്നാൽ ഇസ്രായേൽ ജനത്തിനു ദൈവത്തിന്റെ സാന്നിദ്ധ്യം പലപ്പോഴും ഭയകാരണമായിരുന്നു. തന്റെ സ്നേഹശാസനം അവിടുന്ന് അവർക്കുനൽകിയപ്പോഴാണ് ഇത്ഏറ്റം പ്രകടമായത്. അവരെല്ലാം ഭയന്നുവിറച്ച് അകലെമാറിനിന്നിട്ടു അവർ മോശയോട് അഭ്യർത്ഥിക്കുന്നു, 'നീ തന്നെ ഞങ്ങളോടു സംസാരിച്ചാൽ മതി. ഞങ്ങൾ കേട്ടുകൊള്ളാം. ദൈവം ഞങ്ങളോടു സംസാരിക്കാതിരിക്കട്ടെ. അവിടുന്നു സംസാരിച്ചാൽ ഞങ്ങൾ മരിച്ചു പോകും'. (20:18-19)

'പുതിയ ഇസ്രായേലി'ന്റെ അവസ്ഥ വ്യത്യസ്ഥമോ? അല്ലെന്നു മാത്രമല്ല, സംഗതി കുറെക്കൂടി ഗുരുതരമാണ്. പലർക്കും പരാപരനെയും കാണേണ്ടാ, തങ്ങളെത്തന്നെയും കാണേണ്ടാ. ദൈവത്തെ ആത്മാർത്ഥമായി നോക്കുന്നവൻ അവിടുന്നിൽ തന്നെത്തന്നെ കാണും. തന്റെവിരൂപമായമുഖം അപ്പോൾ അവൻ ദർശിക്കും. ഈ ദർശനം ലഭിക്കുന്നവർക്ക് മാനസാന്തരത്തിന്റെ അവശ്യാവശ്യകത വ്യക്തമാകുകയും ചെയ്യും. സോക്രട്ടീസ് ഉപദേശിക്കുന്നുണ്ട്, 'നീ നിന്നെത്തന്നെ അറിയുക' (Know Yourself). ഉപദേശം ഉപകാരപ്രദമാണെങ്കിലും പൂർണ്ണമല്ല. സെന്റ് അഗസ്റ്റിൻ അതു പൂർണ്ണമാക്കിയിട്ടുണ്ട്. ഏറ്റം ഹൃദ്യവും അർത്ഥവത്തുമായ ഒരു പ്രാർത്ഥനയുമാണത്. 'ഞാൻ എന്നേയും നിന്നേയും അറിയട്ടെ'-Noverim me et noverim Te-That I may know myself and know you. ഇതാണ് ഇന്നിന്റെ ഏറ്റം വലിയ ആവശ്യം: ദൈവം എന്നെ കാണുന്നതുപോലെ ഞാൻ എന്നെ ദർശിച്ച് എന്നിലെ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുക. അപ്പോൾ ഞാൻ ധന്യനാവും. 'നിങ്ങളുടെ പഴയജീവിതരീതിയിൽനിന്നുരൂപംകൊണ്ടവഞ്ചനനിറഞ്ഞ, ആസക്തികളാൽകലുഷിതമായ പഴയമനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസ്സിന്റെചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ'. (എഫേ. 4:22-24)

**കണ്ണീരൊപ്പുന്ന ദൈവം**

കരയുന്ന തന്റെ മക്കളോടൊപ്പം കരയുന്ന, അവരുടെ കണ്ണീരൊപ്പാൻ ഇറങ്ങിവന്ന ദൈവം മോശയോടു തുടർന്നു പറയുന്നതു കേൾക്കൂ. 'ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടറിഞ്ഞിരിക്കുന്നു. മേൽനോട്ടക്കാരുടെ ക്രൂരതമൂലം അവരിൽ നിന്നുയർന്നുവരുന്ന ആദീനരോദനം എന്റെകർണ്ണപുടങ്ങളിലുണ്ട്. അവരുടെയാതനകൾ ഞാനറിയുന്നു. ഈജിപ്തുകാരുടെ കരാള ഹസ്തത്തിൽനിന്ന് അവരെമോചിപ്പിക്കാനും അവിടെനിന്ന് ക്ഷേമകരവും വിസ്തൃതവും, തേനും പാലും ഒഴുകുന്നതുമായ കാനാൻ ദേശത്തേയ്ക്ക് അവരെ നയിക്കാനുമാണ് ഞാൻ ഇറങ്ങി വന്നിരിക്കുന്നത്.' (3:7-8) അവിസ്മരണീയമായ, പ്രത്യാശ പ്രദാനം ചെയ്യുന്ന വചസ്സുകൾ! സന്ദേശം സുവ്യക്തം

വന്നിതാ നിങ്ങൾക്കു ദൈവരാജ്യം,
വന്നിതാ പാവനം സ്വർഗ്ഗരാജ്യം
ആയതിൻ നീതിനിറഞ്ഞ മാർഗ്ഗം
ആദ്യമായ് തേടുവിൻ നിങ്ങളെല്ലാം.

കാണുവിൻ പക്ഷികൾ വാനിലെങ്ങും
താണു പറക്കുന്ന കാഴ്ച നിങ്ങൾ,
വീഴുകില്ലായതിലൊന്നു പോലും
താതനാം ദൈവമറിഞ്ഞിടാതെ
വിതയില്ല, കൊയ്ത്തില്ല, ശേഖരിക്കാൻ,
അറയില്ല പക്ഷിവൃന്ദത്തിനേതും
എങ്കിലും പഞ്ഞമറിഞ്ഞിടാതെ
തമ്പുരാൻ പോറ്റുന്നവറ്റയെല്ലാം.

അദ്ധ്യായം
ആറ്

# ഇസ്രായേലിന്റെ വിമോചകൻ

ഇസ്രായേൽമക്കൾക്കുള്ള തന്റെസംരക്ഷണത്തിന്റെ ശക്തമായ ഉപകരണമാക്കാൻ ഉടയവൻമോശയെതെരഞ്ഞെടുത്തല്ലോ. പ്രസ്തുത തീരുമാനം അവിടുന്ന് അവനെ അറിയിക്കുന്നു; ഒപ്പം ദൗത്യനിർവഹണ ത്തിനുള്ള ആഹ്വാനവും. 'ആകയാൽ, വരൂ, ഞാൻ നിന്നെ ഫറവോയുടെ അടുത്തേയ്ക്ക് അയയ്ക്കാം. നീ എന്റെ ജനമായ ഇസ്രായേൽമക്കളെ ഈജിപ്തിൽനിന്നുപുറത്തുകൊണ്ടുവരണം'. (3:10) ദൈവേഷ്ടം നിറവേറ്റാൻ എപ്പോഴും സന്നദ്ധനായിരുന്നെങ്കിലും ഈ മഹാദൗത്യ ത്തിനുള്ള കഴിവു തനിക്കില്ലെന്നു മോശ കർത്താവിനെഉണർത്തി ക്കുന്നുണ്ട്. കർത്താവിന്റെ മറുപടി പരിപാലനയുടെ സ്ഥിരീകരണമാണ്. 'ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. ഞാനാണുനിന്നെ അയയ്ക്കു ന്നത്എന്നതിന് ഇതായിരിക്കും അടയാളം: നീ ജനത്തെ ഈജിപ്തിൽ നിന്നു പുറത്തു കൊണ്ടു വന്നു കഴിയുമ്പോൾ ഈ മലയിൽ നിങ്ങൾ എന്നെ ആരാധിക്കും'. (3:12)

**അത്ഭുതദണ്ഡ്**

തങ്ങളെഈജിപ്തിന്റെഅടിമത്തത്തിൽനിന്നുമോചിക്കാൻ ദൈവം അയച്ചപ്രവാചകനാണുമോശ എന്ന് ഇസ്രായേൽമക്കൾക്കു മനസ്സിലാകാൻ അവന്റെവടിക്കു ദൈവം അത്ഭുതസിദ്ധികൾ സമ്മാനിക്കുന്നു. നിർണ്ണായകനിമിഷങ്ങളിലെല്ലാം അതവനു തുണയാവുന്നു. അവിടുന്ന് അവനോടു നിർദ്ദേശിക്കുന്നു: 'ഈ വടി കൈയിൽ എടുത്തുകൊള്ളുക. നീഅതുകൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിക്കും'. (4:17) കർത്താവിന്റെ നിർദ്ദേശം അവൻ സർവാത്മനാ സ്വീകരിക്കുന്നു. (4:20)

എങ്കിലും തന്റെ അയോഗ്യതയെക്കുറിച്ച് അഖിലേശനെ ധരിപ്പിക്കുന്നതിൽ നിന്നു മോശ പിന്മാറുന്നില്ല. വിക്ക്, വാക്ചാതുരിയുടെ കുറവ് ഇവയാണ് അവൻ പ്രത്യേകം എടുത്തു പറഞ്ഞുകൊണ്ടിരുന്നത്. കർത്താവ് അവനെ ധൈര്യപ്പെടുത്തിക്കൊണ്ടേയിരുന്നു. അവിടുന്ന് അവനോടു ചോദിക്കുന്നു, 'ആരാണു മനുഷ്യനു സംസാരശേഷി നൽകിയത്?..... കർത്താവായ ഞാനല്ലേ?', അനന്തരം അവിടുന്നു കൽപ്പിക്കുന്നു, 'ആകയാൽ നീ പുറപ്പെടുക. സംസാരിക്കാൻ ഞാൻ

നിന്നെസഹായിക്കും. നീപറയേണ്ടതെന്തെന്നു ഞാൻ പഠിപ്പിച്ചു തരും'. (4:11-12) മോശയ്ക്ക് ഇനിയും ബോധ്യമാവുന്നില്ല. ദൈവത്തിന്റെ സ്നേഹലാളനം ഉൾക്കൊള്ളാൻ വിശ്വാസം തെളിക്കുന്ന ഉൾക്കണ്ണുകൾ തുറക്കണം. മോശയുടെ വിശ്വാസപരിശീലനം ഇനിയും പൂർത്തിയായിട്ടില്ല.

മനുഷ്യന്റെ ബലഹീനത നന്നായിമനസ്സിലാക്കുന്നവനാണ് മഹോന്നതൻ. അവിടുന്നു മോശയ്ക്ക്ഒരു സഹായിയെനിർദ്ദേശിച്ചു നൽകുന്നു. 'നിനക്കു ലേവ്യനായ അഹറോൻ എന്നൊരു സഹോദരൻ ഉണ്ടല്ലോ. അവൻ നന്നായി സംസാരിക്കും. ഇതാ അവൻ നിന്നെ കാണാൻ വരുന്നു. നിന്നെ കാണുമ്പോൾ അവൻ സന്തോഷിക്കും. പറയേണ്ട വാക്കുകൾ നീ അവനു പറഞ്ഞുകൊടുക്കുക. ഞാൻ നിന്റെയും അവന്റെയും നാവിനെ ശക്തിപ്പെടുത്തും. നിങ്ങൾ ചെയ്യേണ്ടതു ഞാൻ തന്നെ നിങ്ങൾക്കു പഠിപ്പിച്ചു തരും. അവൻ നിനക്കുപകരം ജനത്തോടു സംസാരിക്കും. അവൻ നിന്റെ വക്താവായിരിക്കും, നീ അവനു ദൈവത്തെപ്പോലെയും'. (4:14-16) നല്ല ദൈവം സമയാസമയങ്ങളിൽ എത്രയെത്ര സഹായികളെ, വക്താക്കളെ നമുക്കു നൽകുന്നു! നാം അവരെ തിരിച്ചറിഞ്ഞു നന്ദിയോടെ സ്വീകരിക്കുന്നുണ്ടോ?

കർത്താവിന്റെ കല്പനപ്രകാരം മോശയും അഹറോനും ഫറവോയുടെയും സേവകന്മാരുടെയും അടുത്തു ചെല്ലുന്നു. കർത്താവു കൽപ്പിച്ചിരുന്നപ്രകാരം അഹറോൻ മോശയുടെ വടി അവരുടെ മുമ്പിൽ ഇടുന്നു. അതു സർപ്പമാകുന്നു. അതു ദൈവത്തിന്റെ അത്ഭുത പ്രവൃത്തിയാണെന്നു മനസ്സിലാക്കി, അവിടുത്തെ തിരുഹിതത്തിനു 'fiat' പറയുന്നതിനു പകരം ഫറവോ ഈജിപ്തിലെ വിജ്ഞന്മാരെയും മന്ത്രവാദികളെയും വിളിച്ചുവരുത്തി അവരുടെ വടികൾ നിലത്തിട്ടു സർപ്പമാക്കാൻ ആവശ്യപ്പെടുന്നു. അങ്ങനെ സംഭവിക്കുന്നുണ്ടെങ്കിലും നല്ല ദൈവം മോശയോടും അഹറോനോടുമൊപ്പം നിരന്തരം ഉണ്ടായിരുന്നതിനാൽ അഹറോന്റെ വടി മാന്ത്രികരുടെ വടികളെ വിഴുങ്ങിക്കളയുന്നു. ഈ അത്ഭുതത്തിലുൾച്ചേർന്നിരുന്ന ദൈവപരിപാലന ഉൾക്കൊള്ളാനാവാതെ ഫറവോ തന്റെ ഹൃദയം കൂടുതൽ കഠിനമാക്കിയതേ ഉള്ളു.

ഫറവോയോടു പറയേണ്ട വാക്കുകൾ പോലും പരാപരൻ മോശയ്ക്കുപറഞ്ഞുകൊടുക്കുന്നു! 'നീ ഫറവോയോടു പറയണം: കർത്താവു പറയുന്നു, ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ. ഞാൻ നിന്നോട്ആജ്ഞാപിക്കുന്നു: എന്നെ ആരാധിക്കാൻ വേണ്ടി എന്റെപുത്രനെവിട്ടയയ്ക്കുക. നീ അവനെ വിട്ടയയ്ക്കുന്നില്ലെങ്കിൽ, നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെത്തന്നെ ഞാൻ

വധിക്കും'. (4:22-23) തന്റെ ജനത്തെ നിരന്തരം സഹായിക്കുകയും നയിക്കുകയും വഴിനടത്തുകയും ചെയ്യുന്ന നിഖിലേശപദ്ധതിയും പരിപാലനയും!

ദൈവത്തിന്റെ നിർദ്ദേശം മോശയും അഹറോനും ഫറവോയെ അറിയിക്കുന്നു. അവനോ, വളരെ ധിക്കാരമായി സംസാരിയ്ക്കുകയും പ്രതികരിക്കുകയും കൂടുതൽ കൂടുതൽ അടിമവേല ചെയ്യാൻ ഇസ്രായേൽ ജനത്തെ നിർബന്ധിക്കുകയുമാണുചെയ്യുന്നത്. അപ്പോൾ കർത്താവുമോശയെഅറിയിക്കുന്നു. 'ഞാൻ ഫറവോയോട് എന്ത് ചെയ്യുമെന്നു നീ ഉടനെ കാണും'. (6:1) തുടർന്ന് ഇസ്രായേലിനു ഈ സന്ദേശവും. 'ഞാൻ കർത്താവാണ്. ഈജിപ്തുകാർച്ചുമത്തിയഭാരം നീക്കി നിങ്ങളെഞാൻമോചിപ്പിക്കും. നിങ്ങളുടെ അടിമത്തത്തിൽ നിന്നു നിങ്ങളെസ്വതന്ത്രരാക്കും. കൈയുയർത്തി അവരെ കഠിനമായി ശിക്ഷിച്ച്, നിങ്ങളെ വീണ്ടെടുക്കും. ഞാൻ നിങ്ങളെഎന്റെജനമായിസ്വീകരിക്കും. ഞാൻ നിങ്ങളുടെ ദൈവമായിരിക്കുകയും ചെയ്യും. ഈജിപ്തുകാരുടെ ദാസ്യത്തിൽ നിന്നുനിങ്ങളെമോചിപ്പിച്ച ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് എന്നുനിങ്ങൾഅറിയും'. (6:6-8)

**ഇസ്രായേലിന്റെ നന്ദികേട്**

അന്ധകാര ശക്തിക്കെതിരെ യുദ്ധം ചെയ്ത് തന്റെതെരഞ്ഞെടുക്കപ്പെട്ടവരെകാത്തുപരിപാലിക്കാൻവ്യഗ്രതകാട്ടുന്ന, വെമ്പൽകൊള്ളുന്ന, കാരുണ്യവാനായ കർത്താവിനെയാണ് നാം ഇവിടെ കാണുന്നത്. ഈസത്യം ഇസ്രായേൽ ശരിക്കും ഗ്രഹിക്കുന്നില്ലെന്നതു പരമസങ്കടകരമായ കാര്യമാണ്. ദൈവത്തിന്റെ തിരുമനസ്സും അവിടുത്തെ പരിപാലനയും തിരിച്ചറിയുന്നതിൽ അവർ പരാജയപ്പെടുന്നു. അവർ ദൈവത്തിനും അവിടുത്തെ പ്രവാചകർക്കുമെതിരെ മുറുമുറുക്കുന്നു. മോശപോലും ചില നിമിഷങ്ങളിൽ അവരുടെ പക്ഷം ചേരാൻ നിർബന്ധിതനാകുന്നു!

•കഴുകന്റെചിറകുകളിലെന്നപോലെ അവരെസംവഹിക്കുകയും (19:4) സംരക്ഷിക്കുകയും അവരോടൊപ്പംഎപ്പോഴുംആയിരിക്കുകയും അവർക്കുനന്മയെന്തെന്ന് അനുനിമിഷം വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുന്ന അഖിലേശസ്നേഹവുംപരിപാലനയും അനുഭവിച്ചറിയാൻ കൂട്ടാക്കാതിരിക്കുന്നത് ഇസ്രായേലിന്റെ അക്ഷന്തവ്യമായ അപരാധമാണ്. അവിശ്വസ്തത, വിഗ്രഹാരാധന തുടങ്ങിയ പാപങ്ങളിലേയ്ക്കുവഴുതി വീഴാൻ ഈ വലിയ പാപം അവർക്കു വഴിതെളിക്കുന്നു. അനുദിന ജീവിതത്തിൽ ദൈവപരിപാലനയുടെനീട്ടിയിരിക്കുന്നകരങ്ങൾ കാണാൻ നമുക്കു കഴിയുന്നുണ്ടോ?

കർത്താവിനോടുള്ള മോശയുടെ പരാതി ഇങ്ങനെപോകുന്നു 'കർത്താവേ, അങ്ങ് എന്തിനാണ്ഈജനത്തോടു ഇത്രക്രൂരമായി പെരുമാറുന്നത്? എന്തിനാണ് അങ്ങ് എന്നെ ഇങ്ങോട്ടയച്ചത്? അങ്ങയുടെ നാമത്തിൽ ഫറവോയോടു സംസാരിക്കാൻ ഞാൻ വന്നതുമുതൽ അവൻ ഈ ജനത്തെകഷ്ടപ്പെടുത്തുകയാണ്. അങ്ങയുടെജനത്തെ അങ്ങു മോചിപ്പിക്കുന്നുമില്ല'. (5:22-23) മോശയെപ്പോലെ പ്രതികരിച്ച നിമിഷങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടായിട്ടില്ലേ? ദൈവത്തിന്റെ പരിപാലനയെ ക്കുറിച്ചുനാമൊരിക്കലുംസംശയിക്കരുത്. നമ്മുടെഅസ്തിത്വംതന്നെ അവിടുത്തെസ്നേഹവുംപരിപാലനയുമാണല്ലോ നമുക്കുവ്യക്തമാക്കി തരുക.

ദൈവം തിന്മയെവെറുക്കുകയുംചെറുക്കുകയുംനശിപ്പിക്കുകയും നന്മയെസ്നേഹിച്ചുസംരക്ഷിക്കുകയുംചെയ്യുന്നതിന്റെഒന്നാന്തരം തെളിവുകളാണ് ഈജിപ്തിലെവെള്ളമെല്ലാം രക്തമായിമാറാൻ ഇടയാക്കുന്നതും തുടർന്നുള്ള സംഭവങ്ങളും: തവളകൾ വ്യാപിക്കുന്നത്, പേൻ പെരുകുന്നത്, ഈച്ചകൾ വർദ്ധിക്കുന്നത്, മൃഗങ്ങൾ ചത്തൊടു ങ്ങുന്നത്, എവർക്കും വ്രണങ്ങൾ ബാധിക്കുന്നത്, കൻമഴ വർഷിക്കുന്നത്, വെട്ടുക്കിളികൾ നിറയുന്നത്, അന്ധകാരം വ്യാപിക്കുന്നത്, മഹാമാരി എല്ലാം. (അധ്യായങ്ങൾ 7:14-11:10)

സിംഹാസനത്തിലിരുന്ന ഫറവോ മുതൽ കാരാഗൃഹത്തിൽ കഴി ഞ്ഞിരുന്ന തടവുകാരൻ വരെ ഈജിപ്തിലുണ്ടായിരുന്ന എല്ലാവരുടെയും ആദ്യജാതരെ അർദ്ധരാത്രിയിൽ കർത്താവു സംഹരിച്ചതാണ് തിന്മയ്ക്കെതിരെയുള്ള ദൈവത്തിന്റെ ഏറ്റം ശക്തമായ ഒരുപ്രവൃത്തി. ഇസ്രായേൽജനത്തിനു മരുഭൂമിയിൽ ആരാധിക്കാൻ പോകാൻ അനുവാദമാകുന്നത് ഇതിനുശേഷം മാത്രമാണ്. (12:30-32) അങ്ങനെ, തന്റെ ശക്തമായ കരത്താൽ കർത്താവ് ഇസ്രായേലിനെ ഈജിപ്തിൽ നിന്നു മോചിപ്പിച്ച് അവർക്കു ശക്തമായ പരിപാലനയും സംരക്ഷണവും നൽകി അനുഗ്രഹിക്കുന്നത് ഉൾക്കാഴ്ചയോടെ നാം ഗ്രഹിക്കണം.

ഇസ്രായേൽമക്കളെ അടിമകളാക്കി 430 വർഷം പീഡിപ്പിക്കാൻ ഈജിപ്തുരാജാക്കന്മാരെപ്രേരിപ്പിച്ചതു സ്വാർത്ഥതയുംഅധികാര ദുർമ്മോഹവുമാണ്. എല്ലാ പാപങ്ങളുടെയും ഉറവിടം സ്വാർത്ഥതയും അഹങ്കാരവുമാണല്ലോ. Every sin is a self assertion. ഒരുപരിധിവരെ ഇവഎല്ലാവരിലുമുണ്ട്. സ്വാർത്ഥതയുടെ പുറന്തോടു പൊട്ടിച്ച്, അഹങ്കാരത്തിന്റെകന്മതിലുതകർത്ത് ഉപവിയുടെയുംഎളിമയുടെയും വസ്ത്രങ്ങൾധരിക്കാൻഏവരുംതയ്യാറാവുന്ന സുമോഹനനിമിഷം എത്രയും വേഗം സംജാതമാകട്ടെ!

നീതിമാന്മാരെ നിരന്തരം നിഖിലേശൻ കരുതുന്നു, കാക്കുന്നു. തിന്മയെ ശിക്ഷിച്ചപ്പോഴും അവിടുന്ന് ഇസ്രായേലിനെ അറിയിക്കുന്നു, 'ഞാനാണു കർത്താവ്. ഈ മാസം പത്താം ദിവസം ഓരോ കുടുംബത്തലവനും ഓരോ ആട്ടിൻകുട്ടിയെ കരുതിവയ്ക്കണം... അത് ഒരു വയസ്സുള്ളതും ഊനമറ്റതുമായ മുട്ടാടായിരിക്കണം. പതിന്നാലാം ദിവസം സന്ധ്യക്ക് ഇസ്രായേൽസമൂഹം മുഴുവൻ തങ്ങളുടെ ആട്ടിൻകുട്ടികളെ കൊല്ലണം. അതിന്റെ രക്തത്തിൽ നിന്നു കുറച്ചെടുത്ത് വീടിന്റെ കട്ടിളക്കാലുകളിലും മേല്പടിയിലും പുരട്ടണം. ആ രാത്രി ഞാൻ ഈജിപ്തിലൂടെ കടന്നുപോകും. ഈജിപ്തിലെ ആദ്യജാതരെയെല്ലാം (മനുഷ്യരുടെയും മൃഗങ്ങളുടെയും) ഞാൻ സംഹരിക്കും... നിങ്ങളുടെ ഭവനങ്ങളുടെ കട്ടിളയിലുള്ള രക്തം കാണുമ്പോൾ ഞാൻ കടന്നുപോകും. ഈജിപ്തിന്റെ പ്രഹരം നിങ്ങളെ ബാധിക്കുകയില്ല. (12:2-14) ദൈവത്തെ ഭയപ്പെടുന്നവർക്ക്, നീതിയോടെ വ്യാപരിക്കുന്നവർക്ക് അവിടുത്തെ പരിപാലന അത്ഭുതാവഹമായ രീതിയിൽ അനുഭവവേദ്യമാവും.

ഫറവോ ജനത്തെ വിട്ടയച്ചപ്പോൾ ഫിലിസ്ത്യരുടെ ദേശത്തു കൂടിയുള്ള എളുപ്പവഴി പോകരുതെന്നു കർത്താവ് അവരോടു കല്പിക്കുകയും അവരെ മരുഭൂമിയിലുള്ള വഴിയിലേക്കു തിരിച്ചുവിട്ടു ചെങ്കടലിനു നേരെ നയിക്കുകയും ചെയ്യുന്നു. യുദ്ധം ചെയ്യേണ്ടി വരുമോ എന്നു ഭയന്നു മനസ്സുമാറി, തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം ഈജിപ്തിലേയ്ക്കു മടങ്ങിപ്പോകാതിരിക്കാനും അവരുടെ ശത്രുക്കളെ ചെങ്കടലിൽ നശിപ്പിക്കാനുമാണ് അവിടുന്ന് അപ്രകാരം ചെയ്തത്.

**മേഘസ്തംഭവും അഗ്നിസ്തംഭവും**

കാനാൻ ദേശത്തേയ്ക്കുള്ള യാത്രയിൽ, അവർക്കു രാവും പകലും സുരക്ഷിതമായി യാത്ര ചെയ്യാൻ വേണ്ടി പകൽ വഴികാട്ടാൻ ഒരു മേഘസ്തംഭത്തിലും, രാത്രിയിൽ പ്രകാശം പരത്തി വഴികാട്ടാൻ ഒരു അഗ്നിസ്തംഭത്തിലും കർത്താവ് ഇസ്രായേൽമക്കൾക്കുമുമ്പേ പോയിരുന്നുവെന്നത്. അവർക്കുള്ള ദൈവപരിപാലനയുടെ അത്യത്ഭുതകരമായ ആവിഷ്കാരമാണ്. പകൽ മേഘസ്തംഭമോ, രാത്രി അഗ്നിസ്തംഭമോ അവരുടെ മുമ്പിൽ നിന്നു മാറിയിരുന്നില്ല. (13:17-22)

തന്റെ മക്കളുടെ ഓരോ ചലനവും കർത്താവു നിയന്ത്രിക്കുന്നു. ഓരോ അടിവയ്ക്കുമ്പോഴും അവിടുന്ന് അവരെ നയിക്കുന്നു. അവിടുന്നു മോശയോട് അരുളിച്ചെയ്യുന്നു, 'ഇസ്രായേൽക്കാരോടു പറയുക, നിങ്ങൾ പിന്തിരിഞ്ഞു പിഹഹിറോത്തിനുമുകളിൽ മിഗ്ദോലിനും കടലിനും മധ്യേ ബാൽസെഫോന്റെ എതിർവശത്തു പാളയമടിക്കുവിൻ. പാളയമടിക്കുന്നതു കടലിനടുത്തായിരിക്കണം. അപ്പോൾ ഫറവോ ഇസ്രായേൽക്കാരെക്കുറിച്ച് പറയും: അവർ ഇതാ നാട്ടിൽ അലഞ്ഞു തിരിയുന്നു.

മരുഭൂമി അവരെ കുടുക്കിലാക്കിയിരിക്കുന്നു. ഇസ്രായേൽക്കാരെ അനുധാവനംചെയ്യത്തക്കവിധം ഫറവോയെഞാൻ കഠിനചിത്തനാക്കും. ഫറവോയുടെയും അവന്റെസൈന്യങ്ങളുടെയുംമേൽ ഞാൻമഹത്വം വരിക്കും. ഞാനാണുകർത്താവെന്ന് അപ്പോൾ ഈജിപ്തുകാർ മനസ്സിലാക്കും. കർത്താവുപറഞ്ഞതുപോലെ ഇസ്രായേൽക്കാർ പ്രവർത്തിച്ചു'. (14:1-4) ഇസ്രായേലിനു ബോധം ആവുന്നു. അവർ അഖിലേശലാളനം ശരിക്കുമനസ്സിലാക്കുന്നു!

പലപ്പോഴും ബലഹീനതമൂലം പരാപരനെതിരായി പരാതിപ്പെടുകയും പിറുപിറുക്കുകയും അവിശ്വസ്തത പുലർത്തുകയും ചെയ്തിരുന്നുവെങ്കിലും, അന്തിമമായവിശകലനത്തിൽ, കർത്താവുപറയുന്നതുപോലെ പ്രവർത്തിക്കുന്ന ഒരു ജനമായാണ് ഇസ്രായേലിനെ നാം കാണുക എന്നത് ഏറെ ആശ്വാസജനകമാണ്. ഈജിപ്തിലുണ്ടായിരുന്ന ഇസ്രായേൽഭവനങ്ങളെ കർത്താവുകരുണാപൂർവം രക്ഷിച്ചപ്പോൾ ജനം കുമ്പിട്ട് അവിടുത്തെ ആരാധിക്കുകയായി. മോശയോടുംഅഹറോനോടും കർത്താവു കല്പിച്ചതുപോലെ ജനം പ്രവർത്തിക്കുന്നു. (12:27-28) ദൈവത്തിന്റെ കൃപയുംകാരുണ്യവുംകൈവരാൻ, അവിടുത്തെ കരുതലുള്ളകരം നമ്മെ താങ്ങാൻ നാംഅവിടുത്തെ കല്പനകൾപാലിച്ച്, അവിടുത്തെ തിരുഹിതം, വിശ്വസ്തതാപൂർവം, നിഷ്ഠയോടെ, നിറവേറ്റിയാൽ മതി. ഇതാണു ദൈവഹിതം: നിങ്ങളുടെ വിശുദ്ധീകരണം (1 തെസ.4:3) അതെ, മനുഷ്യരുടെ വിശുദ്ധീകരണമാണു ദൈവം ആഗ്രഹിക്കുന്നത്.

നമുക്കുള്ള പരിലാളനം പൂർണ്ണമാകുന്നതു തിന്മയെ ഉന്മൂലനം ചെയ്തുകഴിയുമ്പോഴാണല്ലോ. വിസ്മയാവഹമായ വിധത്തിലാണു വിശ്വൈകശില്പി ഇതുനിർവഹിക്കുക. ഈജിപ്തു രാജാവിനും സേവകർക്കും ഇസ്രായേൽക്കാരെ വിട്ടയച്ചതു മൗഢ്യമായിത്തോന്നുന്നു. അവരെ കീഴടക്കാൻ ഫറവോ സൈന്യങ്ങളെ സജ്ജീകരിച്ചുപിന്തുടരുന്നു. അതിവേഗം അവർ ഇസ്രായേൽക്കാരുടെ സമീപം എത്തിച്ചേരുന്നു. ഇസ്രായേൽക്കാർ ഭയവിഹ്വലരാകുന്നു. നിരന്തരംതങ്ങളോടൊപ്പമുണ്ടായിരുന്ന, തങ്ങൾക്കു വേണ്ടി യുദ്ധം ചെയ്തിരുന്ന കർത്താവിനെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നു. മോശ അവരെ ധൈര്യപ്പെടുത്തുന്നു. 'നിങ്ങൾ ഭയപ്പെടാതെ ഉറച്ചുനിൽക്കുവിൻ. നിങ്ങൾക്കുവേണ്ടി ഇന്നു കർത്താവു ചെയ്യാൻപോകുന്നരക്ഷാകൃത്യം നിങ്ങൾകാണും. ഇന്നുകണ്ടഈജിപ്തുകാരെ ഇനിമേൽനിങ്ങൾ കാണുകയില്ല. കർത്താവു നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽമതി (14:5-14)

നീ എന്റെ യുദ്ധം നയിക്കേണമേ,

നീ എന്റെ ഉള്ളിൽ വാഴേണമേ

എന്ന പ്രാർത്ഥന നമ്മുടെ അധരങ്ങളിൽ ഉണ്ടായിരുന്നെങ്കിൽ! മോശയ്ക്കു കർത്താവിലുള്ള അചഞ്ചലമായ വിശ്വാസം നമ്മുക്കു മാതൃകയും പ്രചോദനവും ആകട്ടെ!

അതാ, കർത്താവു വീണ്ടും അത്ഭുതം പ്രവർത്തിക്കുന്നു. ഇസ്രായേൽജനത്തോടുമുമ്പോട്ടുപോകാൻ മോശവഴി അവിടുന്നു കൽപ്പിക്കുന്നു. അവരുടെമുമ്പേ അവർക്കു വഴികാട്ട സഞ്ചരിച്ചിരുന്ന ദൈവദൂതൻ അവിടെ നിന്നും മാറി അവരുടെ പിമ്പേ പോകാൻ തുടങ്ങുന്നു. മേഘസ്തംഭവും മുമ്പിൽ നിന്നു മാറി പിമ്പിൽ വന്നു നിൽക്കുന്നു. ഈജിപ്തുകാരുടെയും ഇസ്രായേൽക്കാരുടെയും പാളയങ്ങൾക്കിടയിലാണ് അതുവന്നുനിന്നത്. പതിവിനുവിപരീതമായി മേഘം ഇരുട്ടുനിറഞ്ഞതാകുന്നു. അതിനാൽ ഈജിപ്തുകാർക്കു ഇസ്രായേൽക്കാരെസമീപിക്കാനായില്ല. ദൈവപരിപാലന പ്രായോഗികമാകുന്നഅത്ഭുതാവഹമായക്രമീകരണം!

കർത്താവു തന്റെ രക്ഷാപ്രവർത്തനം തുടരുന്നു. കടലിനുമീതെ കൈനീട്ടാൻ അവിടുന്നു മോശയോടു നിർദ്ദേശിക്കുന്നു. കർത്താവു നിർദ്ദേശിച്ച പ്രകാരം മോശ കടലിനു മീതെ കൈ നീട്ടിയപ്പോൾ ശക്തമായഒരുകിഴക്കൻകാറ്റുകടലിനെപിറകോട്ടു മാറ്റുന്നു. കടൽ വരണ്ടഭൂമിയാകുന്നു. വെള്ളം വിഭജിക്കപ്പെടുന്നു. കടലിനുനടുവേ ഉണങ്ങിഉറച്ചമണ്ണിലൂടെഇസ്രായേൽക്കാർ അനായാസം നടന്ന് ഈജിപ്തിനക്കരെ എത്തുന്നു. അവരുടെ വലത്തും ഇടത്തും വെള്ളം മതിൽപോലെനിൽക്കുന്നു. ചരിത്രത്തിൽ ഇതുപോലെയൊന്ന് ഉണ്ടായിട്ടില്ലാ, ഇനിഉണ്ടാവുകവിഷമവുമാണ്. ഇസ്രായേലിനുള്ള അലംഘനീയമായ അഖിലേശപരിപാലന! (14:19-22)

രാത്രിയുടെഅന്ത്യായാമത്തിൽ കർത്താവ് അഗ്നിയുടെയുംമേഘത്തിന്റെയുംസ്തംഭത്തിൽനിന്ന് ഈജിപ്തുകാരുടെ സൈന്യത്തെ നോക്കി അവരെപരിഭ്രാന്തരാക്കുന്നു. അവരുടെ രഥങ്ങൾക്കെല്ലാം അവിടുന്ന് യാത്രാതടസ്സം സൃഷ്ടിക്കുന്നു. അവർക്കു ഗതി അങ്ങെയറ്റം ദുഷ്കരമാവുന്നു. അപ്പോൾ ഈജിപ്തുകാർ പറയുന്നതു ശ്രദ്ധിക്കുക:'ഇസ്രായേൽക്കാരിൽ നിന്നു നമുക്ക് ഓടിരക്ഷപ്പെടാം. കർത്താവ് അവർക്കുവേണ്ടിയുദ്ധംചെയ്യുന്നു. (14:25) വൈകിയാണെങ്കിലും, ഈജിപ്തുകാർപോലും ഇസ്രായേൽക്കാർക്കുള്ള കർത്താവിന്റെ സ്നേഹപരിലാളനം മനസ്സിലാക്കുന്നു! ഇസ്രായേൽ മക്കളെല്ലാവരും ഇതിനകം ചെങ്കടൽ കടന്നു കഴിഞ്ഞിരുന്നു.

അത്രയുമായപ്പോൾ കർത്താവു മോശയോടു വീണ്ടും കൽപ്പിക്കുന്നു: 'നിന്റെ കരം കടലിനു മീതെ നീട്ടുക. വെള്ളംമടങ്ങി വന്ന് ഈജിപ്തുകാരെയുംഅവരുടെ തേരുകളെയും കുതിരപ്പടയാളി

കളെയും മൂടട്ടെ'. (14:26) അഖിലേശശാസനം മോശ ശിരസ്സാവഹിക്കുന്നു. പ്രഭാതമായപ്പോൾ കടൽ പൂർവസ്ഥിതിയിലായി. ഈജിപ്തുകാർ പിന്തിരിഞ്ഞോടിയതു കടൽവെള്ളത്തിന്റെ നടുവിലേക്കാണ്. തിന്മയുടെ ശക്തികളെ മുഴുവൻ കടൽവെള്ളം മൂടുന്നു. 'ഇസ്രായേൽ ക്കാരെ പിന്തുടർന്ന് കടലിലിറങ്ങിയ തേരുകളെയും കുതിരപ്പടയാളി കളെയും ഫറവോയുടെ സൈന്യം മുഴുവനെയും കടൽ വെള്ളംമൂടി കളഞ്ഞു'. (14:28) ഈജിപ്തുകാർ തന്റെ ജനത്തോട് അഹങ്കാരപൂർവം പെരുമാറിയപ്പോൾ അവരുടെ പിടിയിൽ നിന്നു തമ്പുരാൻ ഇസ്രായേലിനെ മോചിപ്പിക്കുന്നു. (18:12) ദൈവം പൊറുക്കാത്ത പാപമാണ് അഹങ്കാരം. 'ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ അവിടുന്നു ചിതറിച്ചു കളയും. ശക്തന്മാരെ സിംഹാസനത്തിൽ നിന്നു മറിച്ചിടും. എളിയവരെ ഉയർത്തും. ഈജിപ്തിന്റെ അടിമത്തത്തിൽ ഞെരിഞ്ഞമർന്ന ഇസ്രായേൽമക്കളെ കർത്താവ് ഉയർത്തുക തന്നെ ചെയ്തു. കർത്താവ് അവരെ ഈജിപ്തുകാരിൽ നിന്നു മോചിപ്പിച്ചു. അവർ കർത്താവിനെ ഭയപ്പെടുകയും അവിടുത്തെയും അവിടുത്തെ ദാസനായ മോശയെയും വിശ്വസിക്കുകയും ചെയ്യുന്നു. (14:30-31)

കർത്താവ് തങ്ങളുടെ ഇടയിൽ നാളിതുവരെ ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും കണ്ടറിഞ്ഞിട്ടും അനുഭവിച്ചറിഞ്ഞിട്ടും അവയ്ക്കനുസരിച്ച് സമുചിതതയോടെ ഭാവാത്മകമായി, വിശ്വാസ ത്തോടെ, പ്രത്യാശയോടെ പ്രതികരിക്കാൻ, പ്രതിനന്ദി പ്രദർശിപ്പിക്കാൻ ഇസ്രായേൽ ജനത്തിനു പലപ്പോഴും കഴിഞ്ഞിരുന്നില്ലെന്നത് ഒരു ദുഃഖസത്യമാണ്. പിറുപിറുക്കലും പരാതിപ്പെടലുമാണ് അവരുടെ സ്വഭാവത്തിന്റെഒരുസവിശേഷത. മരുഭൂമിയിൽ പട്ടിണികിടക്കേണ്ടി വരുമെന്നു വിചാരിച്ച് ജനം ഒന്നടങ്കം മോശയ്ക്കും അഹറോനുമെതിരായി മുറുമുറുക്കുന്നു.

'ഈജിപ്തിലെ ഇറച്ചിപാത്രത്തിനടുത്തിരുന്നു തൃപ്തിയാവോളം അപ്പംതിന്നു കൊണ്ടിരുന്നപ്പോൾ കർത്താവിന്റെ കരത്താൽ കൊല്ല പ്പെട്ടിരുന്നുവെങ്കിൽ എത്രനന്നായിരുന്നു! എന്നാൽ സമൂഹംമുഴുവനെയും പട്ടിണി ഇട്ടു കൊല്ലാനായി ഈ മരുഭൂമിയിലേക്കു ഞങ്ങളെ നിങ്ങൾ കൊണ്ടുവന്നിരിക്കുന്നു'. (16:2-3) വിചിത്രമായ പ്രതികരണം എന്നല്ലാതെ എന്തുപറയാൻ? മോശ കർത്താവിനെ വിളിച്ചു പറയുന്ന വാക്കുകളും ഇസ്രായേൽജനത്തിന്റെ ഹൃദയകാഠിന്യം വ്യക്തമാക്കാൻ പോന്നതാണ്. 'ഈ ജനത്തോടു ഞാൻ എന്താണു ചെയ്യുക? ഏറെത്താമസിയാതെ അവർ എന്നെ കല്ലെറിയും. (17:4)

ഈ പ്രതികരണം മോശയെയും അഹറോനെയും അങ്ങേയറ്റം വേദനിപ്പിക്കുന്നുണ്ട്. അവരുടെ സദുദ്ദേശ്യത്തെ, അവരുടെ മനസ്സാക്ഷി

യെയാണ് സ്വന്തംജനം ചോദ്യം ചെയ്തിരിക്കുന്നത്. ഇതുപോലെയോ, ഇതിലും മോശമായ വിധത്തിലോ നാം പ്രവർത്തിച്ചിട്ടുണ്ടോ? നന്മയിൽ പോലും തിന്മ കണ്ടുപിടിക്കാൻ നാം ശ്രമിക്കാറുണ്ടോ? നമ്മുടെ നിലപാടുകളിലും പ്രതികരണങ്ങളിലും ബോധ്യങ്ങളിൽത്തന്നെയും പിശകു പറ്റിയിട്ടുണ്ടോ എന്നു പരിശോധിക്കാൻ നാം പണിപ്പെടാറുണ്ടോ?

ഇസ്രായേലിന്റെ അപലപനീയമായ മനോഭാവത്തിന്റെ പശ്ചാത്തലത്തിലും മോശയുടെ പ്രതികരണം അഭിനന്ദനാർഹമാണ്. അവൻ അവരെ കുറ്റം വിധിക്കുകയോ, ശപിക്കുകയോ ചെയ്യുന്നില്ല. പ്രത്യുത, അവരെ മനസ്സിലാക്കാൻ ശ്രമിക്കുകയും അവരോടു സഹതപിക്കുകയുമാണ്. കർത്താവും, അവരുടെ തെറ്റിനു മാപ്പു നൽകുന്നു. അവർക്കുള്ള തന്റെ പരിപാലന വീണ്ടും അവർക്കു വ്യക്തമാക്കിക്കൊടുക്കുന്നു. അവിടുന്നു മോശയോടു പറയുന്നു: 'ഞാൻ നിങ്ങൾക്കായിആകാശത്തുനിന്ന് അപ്പംവർഷിക്കും. ജനങ്ങൾ പുറത്തിറങ്ങി ഓരോ ദിവസത്തിനുംആവശ്യമുള്ളതുശേഖരിക്കട്ടെ. അങ്ങനെ അവർ എന്റെ നിയമമനുസരിച്ചു നടക്കുമോ ഇല്ലയോ എന്നു ഞാൻ പരീക്ഷിക്കും'. (16:4)ഈശ്വരതീരുമാനം മോശ ഇസ്രായേൽ ജനത്തെ അറിയിച്ചു: 'കർത്താവാണു നിങ്ങളെ ഈജിപ്തിൽ നിന്നു പുറത്തേയ്ക്കു കൊണ്ടു വന്നതെന്നു സന്ധ്യയാകുമ്പോൾ നിങ്ങൾ ഗ്രഹിക്കും. പ്രഭാതമാകുമ്പോൾ നിങ്ങൾ അവിടുത്തെമഹത്ത്വംദർശിക്കും. കാരണം, തനിക്കെതിരായ നിങ്ങളുടെ പിറുപിറുക്കലുകൾ കർത്താവു കേട്ടിരിക്കുന്നു... നിങ്ങൾക്കു ഭക്ഷിക്കാൻ വൈകുന്നേരം മാംസവും രാവിലെ വേണ്ടുവോളം അപ്പവും അവിടുന്നു തരും'. (16:2-8)

**മന്നായും കാടപ്പക്ഷികളും**

വൈകുന്നേരമായപ്പോൾ കാടപ്പക്ഷികൾ വന്ന് ഇസ്രായേൽ മക്കൾ വിശ്രമിച്ചിരുന്ന പാളയം മൂടി. അതിരാവിലെ പാളയത്തിനു ചുറ്റും മന്നാ വർഷിക്കപ്പെട്ടിരിക്കുന്നത് അവർ കണ്ടു മനസ്സിലാക്കുന്നു. ഇതു ദിവസേന സംഭവിച്ചുകൊണ്ടിരുന്നു. പ്രഭാതം തോറും ഓരോരുത്തരും തങ്ങൾക്കു ഭക്ഷിക്കാവുന്നിടത്തോളം അപ്പം ശേഖരിച്ചുസൂക്ഷിച്ചിരുന്നു. ഇസ്രായേൽ മക്കൾ നാൽപ്പതുവർഷം മന്നാ ഭക്ഷിച്ചു ജീവിച്ചു. (16:13-16)

മരുഭൂമിയിലൂടെ യാത്ര ചെയ്ത് റഫിദീമിൽ എത്തിയ ഇസ്രായേൽ ജനം കുടിക്കാൻ വെള്ളംകിട്ടാതെവിഷമിച്ചു. അഖിലേശന്റെ അവിതർക്കമായ പരിലാളനം ആസാഹചര്യത്തിലും അവർക്ക് അനുഭവപ്പെടുന്നു. മോശയുടെ പരാതികേട്ടകർത്താവ് അവനോട്അരുൾ ചെയ്യുന്നു. 'ഏതാനും ഇസ്രായേൽ ശ്രേഷ്ഠന്മാരുമൊത്ത് നീ ജനത്തിന്റെ മുമ്പേ പോകുക. നദിയുടെ മേൽ അടിക്കാൻ ഉപയോഗിച്ച വടിയും കൈയിലെടുത്തുകൊള്ളുക. ഇതാ, നിനക്കു മുമ്പിൽ ഹോറെബിലെ

പാറമേൽ ഞാൻ നിൽക്കും. നീ ആ പാറയിൽ നിന്റെ വടി കൊണ്ടടിക്കണം. അപ്പോൾ അതിൽ നിന്നു ജനത്തിനു കുടിക്കാൻ വെള്ളം പുറപ്പെടും' (17:5-7) മോശ ഈശ്വരനിർദ്ദേശംനിറവേറ്റിയപ്പോൾ മക്കൾക്കു മതിയാവോളം ജലം ലഭിച്ചു.

ദൈവത്തിന്റെ സ്നേഹലാളനത്തെക്കുറിച്ചുള്ള ഈ ലഘുപഠനം ദിവ്യനാഥന്റെ തിരുവധരങ്ങളിൽനിന്നുതിർന്നുവീണ മധുരമൊഴി കളിൽ ഉപസംഹരിക്കട്ടെ.

ഞാൻ നിങ്ങളോടു പറയുന്നു: "എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ
എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ
നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ട.
ഭക്ഷണത്തേക്കാൾ ജീവനും വസ്ത്രത്തേക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ?
ആകാശത്തിലെ പക്ഷികളെ നോക്കുവിൻ:
അവ വിതക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല.
എങ്കിലും നിങ്ങളുടെ സ്വർഗ്ഗീയപിതാവ് അവയെ തീറ്റിപ്പോറ്റുന്നു.
അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണുനിങ്ങൾ!
ഉത്കണ്ഠമൂലം ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?
വസ്ത്രത്തേപ്പറ്റിയും നിങ്ങൾ എന്തിന് ആകുലരാകുന്നു?
വയലിലെ ലില്ലികൾ എങ്ങനെ വളരുന്നുവെന്നുനോക്കുക
അവ അധ്വാനിക്കുന്നില്ല, നൂൽ നൂൽക്കുന്നുമില്ല.
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു:
സോളമൻ പോലും തന്റെ സർവമഹത്വത്തിലും
ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല.
ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ
പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ,
അല്പ വിശ്വാസികളേ, നിങ്ങളെ
അവിടുന്ന് എത്രയധികം അലങ്കരിക്കുകയില്ല!
അതിനാൽ ...... നിങ്ങൾ ആദ്യം
അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക.
അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കുലഭിക്കും ..........
നാളെയെക്കുറിച്ചുനിങ്ങൾ ആകുലരാകരുത് ..........
ഓരോദിവസത്തിനും അതതിന്റെ ക്ലേശം മതി (മത്താ. 6: 25-34)

മരുഭൂമിയിൽത്തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരുനാളും പിരിയാതെന്നെ നീ
കരുതുന്നു കൺമണിപോൽ

# സ്നേഹലാളനം



St. Berchmans' (S.B.) College, Changanacherry, Malankara Catholic College, Kanyakumari Community College (Kanyakumari Dt., Tamil Nadu) ഇവയുടെ പ്രിൻസിപ്പൽ സ്ഥാനം അലങ്കരിച്ചിട്ടുള്ള ഫാ. ജോസഫ് വട്ടക്കളം ഇപ്പോൾ Mar Athanasios College for Advanced Studies, Thiruvalla പ്രിൻസിപ്പലാണ്. അറിയപ്പെടുന്ന വാഗ്മിയും ധ്യാനപ്രസംഗകനുമായ ഡോ. വട്ടക്കളം S.B. യിലെ ഇംഗ്ളീഷ് വിഭാഗത്തിലെ പ്രൊഫസർ ആയിരുന്നു. 'സ്നേഹത്തിന്റെ കഥ', 'പ്രേമസംഗീതം', 'ആ മനുഷ്യസ്നേഹി', 'സ്നേഹപ്രവാഹം', 'Mysticism in Tagore's Gitanjali' തുടങ്ങിയവ ഗ്രന്ഥകാരന്റെ ഇതരകൃതികളാണ്.

ദൈവത്തിന്റെ അനന്തവും അഗ്രാഹ്യവുമായ സകല മനുഷ്യർക്കുമുള്ള പരിപാലനയാണ് സ്നേഹലാളനത്തിലെ പ്രതിപാദ്യം. ആദിമ മാതാപിതാക്കൾ മുതൽ ഇപ്പോൾ ജനിക്കുന്ന കുഞ്ഞിനുവരെയുള്ള ഈ പരിപാലന ഉൽപത്തി, പുറപ്പാട്, ഗ്രന്ഥങ്ങളുടെ പശ്ചാത്തലത്തിൽ ഗ്രന്ഥത്തിലുടനീളം ഹൃദ്യവും ലളിതവുമായി പ്രതിപാദിക്കുന്നു.